# ഗവ. ഹയർ സെക്കന്ററി സ്കൂൾ തോന്നയ്ക്കൽ

**കുടവൂർ പി.ഒ., തിരുവനന്തപുരം - 695 313.**

**ഫോൺ : 0471-2429761, 0471-2709788**

**mail:ghssthonnakkal@gmail.com**


# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

**"ഒരു ശിശുവിന്റെ ശരീരത്തിലും, മനസ്സിലും, ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം"**

**മഹാത്മാഗാന്ധി**

# ഉള്ളടക്കം


| | പേജ് നം. |
|---|---|
| ആമുഖം | 3 |
| സ്കൂൾ ചരിത്രം | 4 - 6 |
| കാഴ്ചപ്പാട് | 7 - 8 |
| മാസ്റ്റർപ്ലാൻ യു.പി.വിഭാഗം | |
| മലയാളം | 10 - 19 |
| ഇംഗ്ലീഷ് | 20 - 35 |
| ഹിന്ദി | 36 - 43 |
| സാമൂഹ്യശാസ്ത്രം | 44 - 55 |
| അടിസ്ഥാന ശാസ്ത്രം | 56 - 65 |
| ഗണിതശാസ്ത്രം | 66 - 73 |
| ആരോഗ്യ കായിക വിദ്യാഭ്യാസം | 74 - 76 |
| പ്രവർത്തന കലണ്ടർ | 77 - 80 |
| മാസ്റ്റർപ്ലാൻ എച്ച്.എസ്. വിഭാഗം | |
| മലയാളം | 82 - 90 |
| ഇംഗ്ലീഷ് | 91 - 103 |
| ഹിന്ദി | 104 - 113 |
| അറബിക് | 114 - 122 |
| സാമൂഹ്യശാസ്ത്രം | 123 - 131 |
| ഭൗതിക ശാസ്ത്രം | 132 - 140 |
| രസതന്ത്രം | 141 - 155 |
| ജീവശാസ്ത്രം | 156 - 167 |
| ഗണിത ശാസ്ത്രം | 168 - 174 |
| ആരോഗ്യ കായിക വിദ്യാഭ്യാസം | 175 - 181 |
| തൊഴിൽ വിദ്യാഭ്യാസം | 182 - 188 |
| കലാ വിദ്യാഭ്യാസം | 189 - 194 |
| ഇൻക്ലൂസീവ് എജ്യൂക്കേഷൻ | 195 - 198 |
| ഗൈഡൻസ് & കൗൺസിലിംഗ് | 199 - 201 |
| പ്രവർത്തന കലണ്ടർ | 202 - 217 |
| വിലയിരുത്തൽ സൂചിക | 218 - 222 |
| വ്യക്തിഗത അവസ്ഥാപഠനം ഫോർമാറ്റ് | 223 - 224 |
| ഉപസംഹാരം | 225 |

# ആമുഖം

ഒന്നര നൂറ്റാണ്ടുമുമ്പാണ് (കൊല്ലവർഷം 1050) ഇന്നത്തെ തോന്നയ്ക്കൽ ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ആദ്യരൂപമായ കുടിപ്പള്ളിക്കൂടം ആരംഭിക്കുന്നത്. ആദ്യത്തെ മുപ്പതോളം വർഷക്കാലം മറ്റൊരു പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ഈ കുടിപ്പള്ളിക്കൂടം കൊല്ലവർഷം 1080 ആയപ്പോഴേയ്ക്കും (പൊതുവർഷം 1905) ഇന്നത്തെ സ്ഥലത്ത് എത്തുകയായിരുന്നു. കുടപ്പള്ളിക്കൂടത്തിൽ നിന്ന് ലോവർ പ്രൈമറി സ്കൂളായി ഉയർന്ന ഈ വിദ്യാലയം, 1952-53 വർഷത്തിൽ അപ്പർ പ്രൈമറി സ്കൂളായും, 1960-61 -ൽ ഹൈസ്ക്കൂളായും, 2000-2001-ൽ ഹയർ സെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ടു. ഇന്ന് അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ രണ്ടായിരത്തിൽപ്പരം കുട്ടികൾ പഠിക്കുന്ന സ്കൂളാണിത്. 31 ഹൈടെക് ക്ലാസ് മുറികളും വിശാലമായ സൗകര്യങ്ങളോടുകൂടിയ ലാബുകളും അതിവിശാലമായ പ്രത്യേക ലൈബ്രറി മന്ദിരവും താരതമ്യേന വിശാലമായ കളിസ്ഥലവും സ്കൂളിന് സ്വന്തമായുണ്ട്. കുട്ടികൾക്ക് യാത്രാസൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി 6 സ്കൂൾ ബസ്സുകൾ നിലവിൽ ഓടുന്നുണ്ട്. ഈ അടിസ്ഥാന സൗകര്യങ്ങളെല്ലാം പ്രയോജനപ്പെടുത്തി കുട്ടികളുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിനുള്ള അക്കാദമിക് മാസ്റ്റർ പ്ലാനാണ് 2025-26 വർഷത്തേയ്ക്ക് തയ്യാറാക്കിയിട്ടുള്ളത്. അധ്യാപകർ, രക്ഷാകർതൃ പ്രതിനിധികൾ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനാപ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങി വിവിധ വിഭാഗം ജനങ്ങളുടെ കൂടി അഭിപ്രായങ്ങൾ പരിഗണിച്ചാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകിയിട്ടുള്ളത്.

# സ്കൂൾ ചരിത്രം

കൊല്ലർഷം 1050 നോട് അടുത്ത കാലത്താണ് കാർഷക മേഖലയായ തോന്നയ്ക്കൽ എന്ന വിശാലമായ വിസ്തൃത ഭൂപ്രദേശത്തിന്റെ ഒരു ഭാഗമായ മാടമൺമൂഴി എന്ന സ്ഥലത്ത് ഒരു കുടിപ്പള്ളിക്കൂടം ആരംഭിക്കുന്നത്. വക്കീൽ ഹരിഹരയ്യർ സ്വാമി എന്നറിയപ്പെട്ടിരുന്ന മാന്യദേഹമാണ് ഈ പാഠശാല സ്ഥാപിച്ച് പ്രദേശവാസികളെ വിദ്യാലയ സംസ്കാരത്തിലേയ്ക്കും അക്ഷരലോകത്തേയ്ക്കും കൈപിടിച്ചുയർത്തിയത്. മൺചുമരും ഓലമേഞ്ഞ മേൽക്കൂരയുമായിരുന്ന ആ പാഠശാല കെട്ടിടം പ്രകൃിക്ഷോഭത്തിൽ തകർന്നു പോയപ്പോൾ പാഠശാലയുടെ പ്രവർത്തനം താൽകാലികമായി പുന്നെക്കുന്നിനടുത്ത് കുടുംബവീടിന്റെ ചായ്പ്പിലേയ്ക്കുമാറ്റി. ഒരു വർഷത്തോളം അവിടെ പ്രവർത്തിച്ചശേഷം എ.ഡി. 1904-ൽ കുടവൂർ ശ്രീ മഹാദേവ ക്ഷേത്രത്തിന്റെ സമീപത്തിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടു. അക്കാലത്ത് സവർണ്ണർക്കുമാത്രമാണ് വിദ്യാലയങ്ങളിൽ പോകാനും വിദ്യാഭ്യാസം നേടാനും അവസരമുണ്ടായിരുന്നതെന്നതിനാലും ആവശ്യത്തിനു ഭൂമി ലഭ്യമായതിനാലുമാകണം ബ്രാഹ്മണർ അധികമായി താമസിച്ചിരുന്ന കുടവൂർ ക്ഷേത്ര പരിസരത്തിലേക്കു വിദ്യാലയം മാറ്റി സ്ഥാപിക്കപ്പെട്ടത്.

കുടവൂർ ക്ഷേത്രത്തിൽ നിന്നും കിഴക്കോട്ടായിരുന്ന ചെറിയ ഇടവഴി കയറിച്ചെന്നാൽ എത്തുന്ന മാതേവർക്കുന്നിലെ 60 സെന്റ് സ്ഥലത്തായിരുന്നു ഈ വിദ്യാലയം വന്നുചേർന്നത്. മാടൺമൂഴിയിലെ കുടിപ്പള്ളിക്കൂടം മാതേവർക്കുന്നിലെത്തിയപ്പോഴേക്കും നാലാം തരം വരെയുള്ള സ്കൂൾ (പ്രൈമറി സ്കൂൾ) ആയിക്കഴിഞ്ഞിരുന്നു. ഒരു താൽക്കാലിക ഓലഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ച സ്കൂളിനു വേണ്ടി 1916-ൽ നാട്ടുകാർ ചേർന്ന് പൂമുഖത്തോടുകൂടിയ പുതിയ കെട്ടിടം പണിതു നൽകി. അക്കാലത്തും വിദ്യാലയ പ്രവേശനം സവർണർക്കുമാത്രമായി തുടർന്നു. താഴ്ന്ന ജാതിക്കാർക്കു(അവർണ്ണൻ) കൂടി സ്കൂളിൽ പ്രവേശനം നൽകാത്തതിൽ പ്രതിഷേധിച്ചു. ശ്രീ . അലനാട്ടു നാണുക്കുറിപ്പിന്റെ നേതൃത്ത്വത്തിൽ പിരപ്പള്ളി എന്ന സ്ഥലത്ത് താഴ്ന്ന ജാതിക്കാർക്കു മാത്രമായി ഒരു സ്കൂൾ കൂടി

പ്രവർത്തനമാരംഭിച്ചു. പ്രസ്തുത സ്കൂളാണ് പിൽക്കാലത്ത് തച്ചപ്പള്ളി ഗവ എൽ.പി.സ്കൂൾ ആയിത്തീർന്നത്.

1950-കളുടെ തുടക്കത്തിലാണ് മാതേവർക്കുന്നിലെ എൽ.പി.സ്കൂൾ. യു.പി സ്കൂൾ ആക്കി ഉയർത്തണമെന്ന ആശയം പൊന്തിവന്നത്. അങ്ങനെ 1953 ൽ ഈ വിദ്യാലയം തോന്നയ്ക്കൽ ഗവ യു.പി.എസ്. ആയി മാറി. തുടർന്ന് 1960-ൽ ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള പരിശ്രമം ആരംഭിക്കുകയും 1961-62 ൽ തോന്നയ്ക്കൽ ഹൈസ്കൂൾ നിലവിൽ വരുകയും ചെയ്തു. ഹൈസ്കൂളിനു വേണ്ടി സ്ഥലത്തിന്റെ ഒരു ഭാഗം നാട്ടുകാർ ധനസമാഹരണം നടത്തി വിലയ്ക്കു വാങ്ങുകയും ഒരു ഭാഗം തോന്നയ്ക്കൽ സർവ്വീസ് സഹകരണ സംഘം സംഭാവനയായി നൽകിയതുമാണ്. 1963-ൽ വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായി എൽ.പി. വിഭാഗം വേർപെടുത്തി തോന്നയ്ക്കൽ ഗവ. എൽ.പി.എസ്. പ്രത്യേക സ്ഥാപമായി പ്രവർത്തിക്കകയും യു.പി വിഭാഗവും സെക്കന്ററി വിഭാഗവും ഉൾപ്പെടുത്തി ഹൈസ്കൂൾ പ്രവർത്തിക്കാനും തീരുമാനമായി.

+2 സമ്പ്രദായം നിലവിൽവന്നതിനെത്തുടർന്ന് 11-12 സ്റ്റാന്റേർഡുകൾ ഉൾപ്പെടുന്ന ഹയർസെക്കന്ററി വിഭാഗം കൂടി അനുവദിക്കപ്പെട്ടു. 2000-01 അദ്ധ്യാന വർഷത്തിലാണ് ഹയർസെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടത്. ഇപ്പോൾ 5 മുതൽ +2 വരെ സ്റ്റാന്റേർഡുകളിലായി രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ ഈ സരസ്വതീ ക്ഷേത്രത്തിൽ അധ്യയനം നടത്തുന്നു.

ഈ സ്കൂളിലെ ആദ്യകാല പ്രധാന അദ്ധ്യാപകരായിരുന്ന ശ്രീ. അവനവഞ്ചേരി കേശവപിള്ള, ശ്രീ. പത്മനാഭ അയ്യർ, ശ്രീ. ശങ്കരപ്പിള്ള, ശ്രീ. ജനാർദ്ദനൻ, ശ്രീ. പരമേശ്വരൻപിള്ള, ശ്രീ. ഗോവിന്ദ പിള്ള ശ്രീ. ഗോപിനാഥൻ നായർ, ശ്രീ. ഗുരുദാസ്, ശ്രീമതി ലക്ഷ്മിക്കുട്ടി അമ്പാടി, ശ്രീ. അബ്ദുൽ സലാം എന്നിവരേയും സ്കൂളിന്റെ ആരംഭകാലത്ത് നിലനിർത്താനും വളർത്താനു നിസ്തുല സേവനം നടത്തിയിട്ടുള്ള ശ്രീ. പാലോട് ഗോവിന്ദ പിള്ള, ശ്രീ. മാതു ആശാൻ, ശ്രീ. അലനാട്ടു നാണുക്കുറിപ്പ്, ശ്രീ. പുന്നെക്കുന്നത്ത് കുഞ്ചുപിള്ള എന്നിവരുടെ പേരുകൾ പ്രത്യേകം സ്മരണീയമാണ്.

ഈ സ്ക്കൂളിനെ ഹൈസ്ക്കൂൾ ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു പ്രധാന നേതൃത്വം നൽകിയത് ശ്രീ എം. കെ. വിദ്യാധരൻ (വിദ്യാധരൻ മുതലാളി) ആയിരുന്നു.

ഇന്ന് വലിപ്പത്തിലും പ്രൗഢിയിലും പ്രവർത്തന മികവിലും കേരളത്തിൽ എണ്ണം പറഞ്ഞ സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാണ് തോന്നയ്ക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ..........

# കാഴ്ചപ്പാട്

വിദ്യാഭ്യാസം എന്നത് കേവലമായ അറിവുനേടൽ പ്രക്രിയ മാത്രമല്ല എന്നത് നമ്മുടെ സമൂഹം ഏറെക്കാലം മുമ്പേ തിരിച്ചറിഞ്ഞതാണ്. എങ്കിലും പാഠപുസ്തകങ്ങളിലെ അറിവുകളെ മാത്രം കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസ പ്രവർത്തനമാണ് പലപ്പോഴും നമ്മുടെ ക്ലാസ് മുറികളിൽ നടന്നുവന്നിരുന്നത്. ഇതിന് മാറ്റം വരുത്താൻ ലക്ഷ്യമിട്ടാണ് പാഠ്യപദ്ധതി ചട്ടക്കൂട് - 2023 നിലവിൽ വന്നത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രഗുണമേന്മാ വിദ്യാഭ്യാസമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനും ലക്ഷ്യമിടുന്നത്.

പാഠപുസ്തകത്തിലെ വിവരങ്ങളിലും അറിവുകളിലും മാത്രം തളച്ചിടപ്പെടുന്ന കുട്ടിക്ക് സമൂഹത്തിൽ ജീവിക്കുവാൻ ആവശ്യമായ പല ശേഷികളും പിന്നീട് നേടിയെടുക്കേണ്ടതായി വരുന്നു എന്നതായിരുന്നു മുൻകാല അനുഭവം. പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ഈ പ്രശ്നത്തിന് വലിയൊരളവിൽ പരിഹാരമാവുകയാണ്. ട്രാഫിക് നിയമങ്ങൾ, ശുചിത്വ ശീലങ്ങൾ, ഭക്ഷണ ശീലങ്ങൾ, വ്യായാമവും ആരോഗ്യശീലങ്ങളും, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, വൈകാരിക നിയന്ത്രണം, മയക്കുമരുന്ന് - ലഹരി ഉപയോഗങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകൾ വിവിധ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. സ്കൂൾ വർഷത്തിന്റെ തുടക്കത്തിൽ ഈ വിഷയങ്ങളെപ്പറ്റിയുള്ള പൊതു അവതരണങ്ങളും ചർച്ചകളും അഭിപ്രായരൂപീകരണവും നടത്തിക്കൊണ്ടാണ് അധ്യയനവർഷത്തിന് തുടക്കം കുറിച്ചത്. തുടർന്ന് അതാത് പാഠഭാഗങ്ങളുടെ ഭാഗമായി ഇവയിലോരോന്നും വിശദമായി വിലയിരുത്തപ്പെടും.

ഓരോ ക്ലാസ്സിലും നേടേണ്ട അറിവുകളും കഴിവുകളും നൈപുണികളും അതാതുക്ലാസ്സിൽ തന്നെ നേടി എന്ന് ഉറപ്പുവരുത്തിയും ഭാഷ, ശാസ്ത്രം, ഗണിതം, സാങ്കേതിക ശാസ്ത്രം എന്നിവയിലൂന്നിയും, രക്ഷാകർത്താക്കളേയും ലോക്കൽ റിസോഴ്സിനേയും കഴിയുന്നത്ര പഠനപ്രക്രിയയുടെ ഭാഗമാക്കിയും ഓരോ കുട്ടിയുടേയും ശേഷികളും പഠനനിലയും വിലയിരുത്തി നിരന്തര പിന്തുണ നൽകുന്നതിലൂടെ എല്ലാവരേയും മുന്നേറാൻ പ്രാപ്തരാക്കിയുമുള്ള

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിലൂന്നിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിട്ടുള്ളത്. പാഠപുസ്തകങ്ങൾ, വർക്ക് ബുക്കുകൾ, ആക്ടിവിറ്റി ബുക്കുകൾ തുടങ്ങിയവയോടൊപ്പം ലൈബ്രറി പുസ്തകങ്ങൾ, പഠനയാത്രകൾ, വിദഗ്ധരുമായുള്ള മുഖാമുഖങ്ങൾ എന്നിങ്ങനെ എല്ലാ സാധ്യതകളും ഇതിനായി പ്രയോജനപ്പെടുത്തും.

# യു.പി. വിഭാഗം

# മലയാളം

## ആമുഖം

മലയാളം, കേരളത്തിന്റെ ആത്മാവായ ഭാഷ, വൈവിധ്യത്തിന്റെ പ്രതീകമാണ്. അതിന്റെ സമൃദ്ധവും സമ്പന്നവുമായ ചരിത്രം സാഹിത്യവും സംസ്കാരവും ലോകമെമ്പാടുമുള്ള മലയാളികളെ അഭിമാനത്തോടെ മുമ്പോട്ടുകൊണ്ടു പോകുന്നു. ഈ ഭാഷയുടെ മഹത്വം നാം ഒരിക്കലും മറക്കാൻ പാടില്ല. മറിച്ച് അറിവിന്റെ പ്രകാശം പതിപ്പിച്ചു നാം മുന്നോട്ടുപോകണം.

മലയാളം ഒരു ഐക്യത്തിന്റെ ഭാഷയാണെന്നും അത് ചരിത്രത്തിൽ തെളിയിച്ചിട്ടുണ്ട്. കേരളത്തിന്റെ ജനങ്ങൾ മതപരമായും രാഷ്ട്രീയമായും ഭാഷയിലൂടെ ഐക്യപ്പെടുന്ന ഒരു നല്ല മാതൃകയാണ്. അവരവരുടെ പ്രദേശങ്ങളിലെ തനതായ ഭാഷാരീതികൾ നിറവേറ്റുമ്പോഴും മലയാളം ഒരു സങ്കേതംപോലെ നിലകൊള്ളുന്നു. അതിന്റെ പരിപോഷണം കേരളീയരുടെ ഐക്യവും സ്വാഭിമാനവും ഉറപ്പുവരുത്തുന്നു. കൂടാതെ മലയാളം ആധുനിക മാധ്യമത്തിന്റെ ഭാഷയായി വളർന്നു. ടെലിവിഷൻ, സോഷ്യൽ മീഡിയ എന്നിവയിലൂടെ ഭാഷയുടെ പ്രചാരവും വർദ്ധിച്ചു.

മലയാളഭാഷാ പഠനം, കുട്ടികൾ ഭാഷ പഠിക്കുകയല്ല സ്വാഭാവികമായി ആർജ്ജിക്കുകയാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഭാഷാപഠനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഭാഷ പ്രകടിപ്പിക്കുന്നത് വ്യവഹാര രൂപങ്ങളിലൂടെയാണ് എന്ന് തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളൊരുക്കും. ഭാഷാശേഷികൾ നേടാൻ സഹായമായ ഏതു സാമഗ്രികളും ഭാഷാ ക്ലാസ്സിൽ പഠനസാമഗ്രികളായി മാറി. ആശയങ്ങളിലൂടെ അതിന്റെ ഘടകങ്ങളായ വാക്യങ്ങളിലേക്കും പദങ്ങളിലേക്കും അക്ഷരങ്ങളിലേക്കും പോകുന്ന സമീപനം ഭാഷാക്ലാസ്സുകളെ സർഗാത്മകവും ജീവിതഗന്ധിയുമാക്കി തീർത്തു. സമഗ്രവും യഥാർത്ഥവും ജീവിതത്തിന് ഉപയുക്തവുമായ സന്ദർഭങ്ങളിലുള്ള ഭാഷാപഠനരീതിയാണ് ഇതിന്റെ ഭാഗമാക്കി നടപ്പാക്കാൻ ശ്രമിക്കുന്നത്. സ്വതന്ത്ര വായന, അർത്ഥോൽപാദനം, സ്വതന്ത്രാവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് ഈ രീതി.

ശരിയായ മാതൃഭാഷ എഴുതാനും വായിക്കുവാനും അറിയാത്ത ഒരു പുതു തലമുറ ഇന്ന് കേരളത്തിൽ വളർന്നുവരുന്നു എന്ന വസ്തുത തിരിച്ചറിയുന്ന മാതൃഭാഷയോട് ചേർന്നുനിൽക്കുവാൻ കുട്ടികൾ ഇഷ്ടപ്പെടുന്നു. സാമൂഹ്യ മാധ്യമങ്ങൾ അനുദിനം പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ രംഗത്തും മലയാളഭാഷയുടെ സാധ്യതകൾ കണ്ടെത്തി വളർത്തുന്നത് വിദ്യാർത്ഥികളിൽ മാതൃഭാഷാ താല്പര്യം ജനിക്കുവാൻ കാരണമായി തീരും.

## ലക്ഷ്യങ്ങൾ

വ്യക്തിപരമായി വിദ്യാർത്ഥികൾക്ക് മാതൃഭാഷയോടുള്ള സമീപനം ഏത് വിധത്തിലുള്ളതാണെന്ന് കണ്ടെത്തുക.

മലയാള ഭാഷയെക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ കാഴ്ചപ്പാടും ഭാഷയോടുള്ള താല്പര്യവും തിരിച്ചറിയുക.

കുട്ടികളുടെ മാതൃഭാഷാപഠനത്തിനെ പ്രോത്സാഹിപ്പിക്കുന്നതിൽ കുടുംബങ്ങളുടെ പങ്ക് വിലയിരുത്തുക.

മലയാള ഭാഷാ പഠനത്തിന് വിദ്യാലയങ്ങളിൽ നിന്നുള്ള പ്രോത്സാഹനത്തിന്റെ തോത് തിരിച്ചറിയുക.

മലയാള ഭാഷാപഠന പ്രോത്സാഹനത്തിന് സാമൂഹ്യമാധ്യമങ്ങളുടെ പങ്ക് വിലയിരുത്തുക.

## തനത് പ്രവർത്തനം

**1) ക്ലാസ് തല ന്യൂസ് പേപ്പർ**

കുട്ടികളുടെ സർഗാത്മക രചനകൾ, ചിത്രങ്ങൾ ക്ലാസ് തല, സ്കൂൾ തല പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പത്രവാർത്ത തയ്യാറാക്കുകയും അവരവരുടെ വീട്ടിലേയ്ക്ക് കൊടുത്തുവിടുകയും ചെയ്യുന്നു.

**2) വാർത്താലോകം**

മലയാളം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ നടക്കുന്ന പ്രധാന ദിനങ്ങളെയും അവയുടെ പ്രാധാന്യത്തെയും തുടർന്നുള്ള പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി വാർത്ത വായന.

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | എന്റെ അവധിക്കാലം<br>അനുഭവങ്ങൾ, കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് എഴുതി അവതരണം.<br>ഭാഷാ കേളി<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് | ജൂൺ<br>ജൂൺ | മലയാളം അദ്ധ്യാപിക<br>മലയാളം അദ്ധ്യാപിക | പി.റ്റി.എ.<br>പി.റ്റി.എ. | |
| 2. | അർദ്ധപൂർണ്ണ വായന | വാർത്താലോകത്തേയ്ക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസിക വായിക്കുക. ഉച്ചാരണശുദ്ധി വരുത്തുക.<br>വായന കാർഡുകൾ<br>വായിക്കാനവസരം നൽകുക. | എല്ലാ ദിവസവും | ,, | | |
| 3. | സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാരുമായി അഭിമുഖം, സ്വതന്ത്രരചനകൾക്ക് പ്രാധാന്യം. | വർഷത്തിൽ രണ്ട് തവണ | | | |
| 4. | മലയാളം കംപ്യൂട്ടിംഗ് | മുഴുവൻ കുട്ടികളുടേയും രചന ഉൾപ്പെടുത്തി മാഗസിൻ | വർഷാവസാനം | ഐ.റ്റി., മലയാളം അധ്യാപകർ | | |
| 5. | ഭാഷാലാബ് | ഭാഷാശേഷി കുറഞ്ഞതും ഭിന്ന നിലവാരത്തിലുള്ളതുമായ വിദ്യാർത്ഥികൾക്ക് ഭാഷാപഠനം. | ജൂൺ – ഡിസംബർ | മലയാളം അധ്യാപകർ | പി.റ്റി.എ. | |
| 6. | മലയാളത്തിളക്കം | കുട്ടികളിൽ വായനയും എഴുത്തും പഠിപ്പിക്കുന്നതിനായി | ജൂൺ ആദ്യവാരം | മലയാളം അധ്യാപകർ | പി.റ്റി.എ. | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 7. | സാമൂഹികം | നാടക കളരി<br>കലാവാസന പരിപോഷിപ്പിക്കാൻ നാടകാചാര്യൻമാരുമായി അഭിമുഖം. | അക്കാദമിക വർഷം | പി.റ്റി.എ. | പി.റ്റി.എ. | |
| 8. | കുട്ടികളുടെ ആകാശവാണി | തോന്നയ്ക്കൽ എഫ്.എം.<br>വായന പരിപോഷിപ്പിക്കാൻ ആസ്വാദനക്കുറിപ്പ് അവതരണം. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നെ എല്ലാ ദിവസവും | ക്ലാസ് ലീഡർ<br>മലയാളം അധ്യാപകർ<br>” | പി.റ്റി.എ. | |

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1) വായന | അക്ഷരങ്ങൾ തിരിച്ചറിയാൻ കഴിയാത്തത്<br>ചിഹ്നങ്ങൾ, അടയാളങ്ങൾ എന്നിവയെപ്പറ്റി വ്യക്തമായ ധാരണ ഇല്ലാത്തത്<br>ഉച്ചാരണശുദ്ധി അല്ലാത്തത് | ✓<br>✓ | | | പഠനപിന്നാക്കാവസ്ഥ<br>താല്പര്യക്കുറവ് |
| 2) എഴുത്ത് | സ്വന്തമായി എഴുതുവാൻ കഴിയുന്നില്ല. | ✓ | | | പഠനപിന്നാക്കാവസ്ഥ<br>താല്പര്യക്കുറവ് |
| 3) ആശയ വിനിമയം | സ്വതന്ത്രമായി വിവരങ്ങൾ കൈമാറാനുള്ള ശേഷി ഇല്ലായ്മ. | ✓ | | | ഭാഷാ പരിജ്ഞാനക്കുറവ്<br>ഭയം |
| 4) ആശയഗ്രഹണം | സ്വന്തമായി വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയാത്തത് | ✓ | | | |
| 5) സർഗാത്മക രചന | സർഗാത്മക രചനകൾ എഴുതി ഫലിപ്പിക്കാൻ കഴിവില്ലാത്തത് | ✓ | | | താല്പര്യക്കുറവ് |

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭൗതികം | ഭാഷാ ലാബിന്റെ അപര്യാപ്തത | ✓ | | | സ്ഥലസൗകര്യമില്ലായ്മ<br>ഫണ്ട് ഇല്ലായ്മ |
| | ഐ.റ്റി. സാങ്കേതിക വിദ്യകളുടെ അപര്യാപ്തത | ✓ | | | പ്രൊജക്ടർ ഇല്ലായ്മ<br>ഫണ്ട് ഇല്ലായ്മ |
| | നേരനുഭവം ലക്ഷ്യമാക്കാൻ കഴിയാത്ത അവസ്ഥ | ✓ | | | ഫണ്ട് ഇല്ലായ്മ<br>സമയക്കുറവ് |
| | സ്ഥലസൗകര്യക്കുറവ് | ✓ | | | ആവശ്യത്തിന് സ്ഥലം ഇല്ലാത്ത അവസ്ഥ |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 1. വായന | * അക്ഷരങ്ങൾ തിരിച്ചറിയാൻ കഴിയാത്തത്.<br>* ഉച്ചാരണശുദ്ധി ഇല്ലാത്തത്<br>* ചിഹ്നങ്ങൾ, അടയാളങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തത്. | ആശയ വ്യക്തതയോടെ വായിക്കുന്നു.<br>സ്വതന്ത്രമായി വായിക്കാൻ പഠിക്കുന്നു.<br>അർത്ഥപൂർണമായ വായനയിലേയ്ക്ക് കുട്ടികളെ നയിക്കുന്നു. | 1) വായനാ കാർഡുകൾ<br>കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു. കഥകളടങ്ങിയ കാർഡുകൾ നൽകി ഗ്രൂപ്പുകളിൽ വായിക്കാൻ നിർദ്ദേശം നൽകുന്നു. മൗനവായന, സ്വതന്ത്രവായന പ്രോത്സാഹിപ്പിക്കും. തുടർന്ന് കഥയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. |
| | | | 2) ഭാഷാകേളി<br>കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു. ഗ്രൂപ്പിൽ അക്ഷരങ്ങളടങ്ങിയ കാർഡുകൾ നൽകുന്നു. അക്ഷരങ്ങളിൽ നിന്നും വാക്കുകൾ കണ്ടെത്തുന്നു. വാക്കുകൾ വാക്യങ്ങളാക്കി എഴുതുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.<br><br>3) വാർത്താലോകത്തിലേക്ക്<br>എല്ലാ ദിവസവും ക്ലാസ്സിൽ പത്രവാർത്തകൾ, കുഞ്ഞുകവിതകൾ, കഥകൾ, മാഗസിൻ തുടങ്ങിയവ വായിപ്പിക്കുന്നു. |
| 2. എഴുത്ത് | സ്വന്തമായി എഴുതാൻ അറിയില്ല<br>അക്ഷരജ്ഞാനം കുറവ്<br>അക്ഷരങ്ങൾ മാറിപ്പോകുന്നു. | സ്വന്തമായി എഴുതാനുള്ള ശേഷി കുട്ടികൾ ആർജ്ജിക്കുന്നു.<br>തെറ്റ് കൂടാതെ കുട്ടികൾ എഴുതാൻ പഠിക്കുന്നു. | ചിത്രം നൽകി എഴുത്ത്<br>ചിത്രങ്ങൾ നൽകി അതിലുള്ള വസ്തുതകൾ എഴുതാൻ പറയുന്നു. ആ വസ്തുക്കൾ നിറം, സ്ഥാനം, പ്രത്യേകത എന്നിവ വാക്യങ്ങളിലേയ്ക്ക് പകർത്താനാവശ്യപ്പെടുന്നു. അവതരിപ്പിക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 3) ആശയഗ്രഹണം | സ്വന്തമായി വായിച്ച ആശയം ഗ്രഹിക്കാൻ കഴിയാത്തത് കഥാപാത്രങ്ങളെ മറക്കുന്നു. | കഥയും കഥാപാത്രവുമായുള്ള ബന്ധം മനസ്സിലാക്കുന്നു.<br>കഥയുടെ ആശയ വ്യക്തത വരുന്നു. | റോൾ പ്ലേ<br>പഠിച്ച കഥാപാത്ര ഭാഗങ്ങളുടെ കഥാപാത്രങ്ങളായി അവതരിപ്പിച്ചുകൊണ്ട് ആശയഗ്രഹണം സാധ്യമാക്കുന്നു.<br><br>ചിന്താചിത്രം (Mind Mapping)<br>പാഠം വായിച്ച ശേഷം പ്രധാന കഥാപാത്രങ്ങൾ സവിശേഷത, സംഭവങ്ങൾ, ഘടന എന്നിവയെ കോർത്തിണക്കി ഒരു മാപ്പ് തയ്യാറാക്കുക. |
| 4) ആശയവിനിമയ ശേഷി | സ്വന്തമായി വിവരങ്ങൾ കൈമാറാനുള്ള ശേഷി ഇല്ലായ്മ.<br><br>പേടി, ഭയം എന്നിവ കാരണം ഉൾവലിയൽ | കൂടുതൽ ആക്ടിവിറ്റിയിലൂടെ കുട്ടികൾ അവതരിപ്പിക്കുന്നതിലൂടെ പേടി മാറുന്നു. | ചോദ്യോത്തരക്കാർഡുകൾ<br>ലളിതമായ ചോദ്യോത്തര കാർഡുകൾ തയ്യാറാക്കി നൽകുന്നു. ഗ്രൂപ്പുകളായി ഇടപെട്ട് ചെയ്യാൻ അവസരം നൽകുന്നു.<br><br>ശബ്ദരേഖയിലൂടെ പങ്കുവയ്ക്കൽ<br>കുട്ടികൾക്ക് അവർക്ക് ഇഷ്ടപ്പെട്ട ഒരു ചെറിയ കഥ അഥവാ അനുഭവം ശബ്ദമായി റെക്കോർഡ് ചെയ്യാൻ അവസരം നൽകുക, നേരിട്ട് സംസാരിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് വേണ്ടി. |
| 5) സർഗാത്മക രചന | ചുരുക്കം കുട്ടികൾ മത്രമേ സർഗാത്മക രചനകളിൽ പങ്കെടുക്കുന്നുള്ളൂ. | ഭാവനാശേഷിയും ഭാഷാ വൈവിധ്യവും വളർത്തുന്ന പ്രവർത്തനങ്ങൾ നൽകി കുട്ടികളിലെ സർഗാത്മക രചന പ്രോത്സാഹിപ്പിക്കുന്നു. | 1. എന്റെ ദിനം<br>ജീവിതത്തിലെ മറക്കാനാവാത്ത സംഭവങ്ങളെക്കുറിച്ച് എഴുതിപ്പിക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | 2. യാത്രാവിവരണം<br>അവധിക്കാല യാത്ര, പഠനയാത്രയെക്കുറിച്ച് എഴ ഉതി അവതരിപ്പിക്കുന്നത്.<br>3. പതിപ്പ് / മാഗസിൻ<br>സ്വന്തമായി തയ്യാറാക്കിയ കവിത, കഥ, യാത്രാ വിവരണം, അനുഭവം ഇവയെല്ലാം വച്ചുകൊണ്ട് ക്ലാസ് മാഗസിൻ നിർമ്മാണം |
| 6) സാമൂഹികം | | പഠിതാക്കളുടെ കലാവാസനയെ പ്രോത്സാഹിപ്പിക്കുന്നത്.<br>എല്ലാവരുടെയും സാന്നിദ്ധ്യം. | 1) രംഗാവിഷ്കാരം<br>കുട്ടികളെ ഗ്രൂപ്പുകാളായി തിരിക്കുന്നു. പാഠഭാഗങ്ങൾ ചെറുനാടകത്തിലൂടെയോ ചൊൽക്കാഴ്ചയിലൂടെയോ അവതരിപ്പിക്കുന്നു. |

# ഇംഗ്ലീഷ്

## ആമുഖം

അതിവേഗം വളരുന്ന ആധുനിക ജീവിതത്തിൽ ഇംഗ്ലീഷ് ഭാഷ ഏറെ പ്രാധാന്യം അർഹിക്കുന്നു. ആഗോള ഭാഷയായതിനാൽ തന്നെ ഇംഗ്ലീഷ് ഭാഷ നൈപുണികൾ നേടിയെടുക്കേണ്ടത് അനിവാര്യമാണ്. ഇംഗ്ലീഷ് ഭാഷ സംസാരം, എഴുത്ത് ഇവ ഏറെ പ്രധാനപ്പെട്ടതാണ്. ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലേയ്ക്ക് കുട്ടിയെ നയിക്കുന്ന രീതിയിലായിരിക്കണം പഠനപ്രക്രിയ നടക്കേണ്ടത്. ഈ പ്രക്രിയയിലൂടെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയോടുള്ള സമീപനവും സർഗാത്മകതയും പരിപോഷിപ്പിക്കുകയും വേണം. ഇംഗ്ലീഷ് ഭാഷ പഠനങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്.

ഇന്നത്തെ സ്കൂൾ ജീവിതത്തിൽ ഇംഗ്ലീഷ് ഒരു ഭാഷ മാത്രമല്ല. അത് ഉപയോഗിക്കുക എന്നത് ഒരു കഴിവാണ്. ക്ലാസിലെ പുസ്തകങ്ങളിൽ നിന്ന് ടെക്നോളജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വരെ, ഓരോ ഘട്ടത്തിലും ഇംഗ്ലീഷ് അനിവാര്യമായി വരുന്നു. വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങൾ പഠിക്കുമ്പോഴും പരീക്ഷകൾ എഴുതുമ്പോഴും ഇംഗ്ലീഷിലെ നൈപുണ്യം നല്ല ഫലത്തിന് വഴിവയ്ക്കുന്നു. ശാസ്ത്രം, ഗണിതം, കമ്പ്യൂട്ടർ തുടങ്ങിയ വിഷയങ്ങൾ ഇംഗ്ലീഷിലായതിനാൽ അതിന്റെ ഗ്രഹണശേഷി വളർത്തുന്നത് അത്യാവശ്യമാണ്. മാത്രമല്ല ഇന്റർ സ്കൂൾ മത്സരങ്ങളിൽ പങ്കെടുക്കുമ്പോഴും പ്രോജക്ട് അവതരണങ്ങളിലും ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ഉപയോഗിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ സ്കൂൾ വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ് ഭാഷ ഒരു വാതിലാകുന്നു.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1. ഭൗതികം | * ഐ.സി.റ്റി.യുടെ അഭാവം<br>* ലാംഗ്വേജ് ലാബിന്റെ അപര്യാപ്തത | –<br><br> | <br><br>– | –<br><br>– | * സ്മാർട്ട് ക്ലാസ് റൂമുകളും അപര്യാപ്തത.<br>* ലാപ്ടോപ്പുകളുടെ അപര്യാപ്തത.<br>* സാമ്പത്തിക അപര്യാപ്തത. |
| 2. സാമൂഹികം | * ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം ചെയ്യാനുള്ള വിശ്വാസക്കുറവ്.<br>* ഭാഷയോടുള്ള താത്പര്യ ക്കുറവ് | | – | – | * ഇംഗ്ലീഷ് പിരീഡുകൾ ഒഴികെ ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനുള്ള അവസരങ്ങൾ കുറവ്.<br>* ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരങ്ങൾ കുറവ്.<br>* കുടുംബ സാമൂഹിക പശ്ചാത്തലം |
| 3. അക്കാദമികം | * കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ വായിച്ച് ആശയഗ്രഹണം നടത്തുന്നതിനുള്ള ബുദ്ധിമുട്ട്.<br><br>* ഇംഗ്ലീഷ് ഭാഷ കേട്ട് മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട് | | –<br><br>– | –<br><br>– | * താത്പര്യക്കുറവ്<br>* പദപരിചയക്കുറവ്<br>* മുൻവർഷങ്ങളിൽ ആർജിക്കേണ്ട കഴിവുകൾ ലഭിക്കാത്തത്.<br><br>* ഐ.സി.റ്റി.യുടെ ലഭ്യതക്കുറവ്<br>* കേൾക്കുന്നതിനുള്ള അവസരക്കുറവ് |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| | * ഇംഗ്ലീഷിൽ സംസാരിക്കാനുള്ള ഭയം | | – | – | * ഭാഷ ഉപയോഗിക്കുമ്പോൾ തെറ്റ് വരുമോ എന്ന ഭയം.<br>* മറ്റുള്ളവർ കളിയാക്കുമോ എന്ന ചിന്ത. |
| | * ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ എഴുതി പ്രതിഫലിപ്പിക്കാനുള്ള ബുദ്ധിമുട്ട്. | – | | – | * വാക്യഘടന, പദസമ്പത്ത് സ്പെല്ലിംഗ് എന്നിവയെ കുറിച്ചുള്ള അറിവില്ലായ്മ.<br>* വ്യാകരണ നിയമങ്ങളിലെ അറിവില്ലായ്മ. |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ഭൗതികം | മൊബൈൽ ഫോണിന്റെയും ബ്ലൂട്ടൂത്ത് സ്പീക്കറിന്റേയും സഹായത്തോടെ ആഡിയോ, വീഡിയോ ക്ലിപിംഗ്സ് കുട്ടികളെ കേൾപ്പിക്കുകയും കാണിക്കുകയും ചെയ്യുന്നു. | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ<br>പി.റ്റി.എ.<br>എച്ച്.എം. | ആവശ്യാനുസരണം എച്ച്.എം. നെ അറിയിക്കുക | |
| 2. | സാമൂഹികം | * ക്ലാസ്സിൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>* ലാംഗ്വേജ് ഗെയിംസ്, പസിൽസ് എന്നിവ നൽകി കുട്ടികൾക്ക് താത്പര്യം വർദ്ധിപ്പിക്കുന്നു. | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ<br>,, | – | – |
| 3. | അക്കാദമികം | Once upon a picture<br>ലൈബ്രറിയുടെ സഹായത്തോടെ പിക്ചർ സ്റ്റോറികൾ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നു.<br><br>Visual Voices<br>Pod cast കളും audio clipings കളും ഉപയോഗപ്പെടുത്തി ക്ലാസ്സ് റൂമിൽ ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരം ഒരുക്കുന്നു. | 1 വർഷം<br><br>1 വർഷം | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | Global Wednesday<br>Pod cast കളും audio clipings കളും ഉപയോഗപ്പെടുത്തി ക്ലാസ്സ് റൂമിൽ ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരം ഒരുക്കുന്നു. | 1 വർഷം | സബ്ജക്ട് കൗൺസിൽ യുപി.യിലെ എല്ലാ അധ്യാപകർ | | CBSC സ്കൂളുകളിൽ നിന്നും കുട്ടികളെ ആകർഷിക്കാൻ |
| | | എല്ലാ ബുധനാഴ്ചകളിലും സ്കൂളിലെ എല്ലാ അധ്യാപകരും വിദ്യാർത്ഥികളും ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നു. | | ,, | | |
| | | Say It Smart<br>Vocabulary enrichment activity<br>Usages, Phrases, Synonyms Antonyms എന്നിവ ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക് നൽകുന്നു. | 1 വർഷം | സബ്ജക്ട് കൗൺസിൽ | | |
| | | Composition exercises | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ | | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| ഭൗതികം | ഐ.സി.റ്റി.യുടെ അഭാവം | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | 1) Hear me out<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഇംഗ്ലീഷ് ഓഡിയോകൾ കേൾപ്പിച്ച ശേഷം അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരം പറയാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.<br>5, 6, 7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുമായി ബന്ധപ്പെടുത്തി, പാഠഭാഗങ്ങളിലേക്കുള്ള എൻട്രി ആക്ടിവിറ്റിയായി theme related ആയ poems, short stories എന്നിവയുടെ വീഡിയോ, ഓഡിയോ ക്ലിപിംഗ്സ് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ഇപ്രകാരം കേൾപ്പിക്കുന്ന ഓഡിയോകളുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ ചോദിക്കുകയും കുട്ടികൾ ഉത്തരം പറയാൻ ശ്രമിക്കുകയും ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ ഇംഗ്ലീഷ് അധ്യാപികയുടെ ആരോഗ്യകരമായ ഇടപെടൽ ഉണ്ടാകുന്നു. കേട്ട് മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉള്ളവർക്ക് അധ്യാപിക സൂചനകൾ നൽകി ഉത്തരം പറയിക്കാൻ ശ്രമിക്കുന്നു. ഇത് ഒരു അധ്യയന വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവർത്തനമാണ്.<br><br>2) Stay with me :<br>ഇംഗ്ലീഷിൽ കുട്ടികൾക്ക് ലളിതമായ നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾക്കനുസരിച്ച് |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | പ്രവർത്തിക്കാനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു.<br>5, 6, 7 ക്ലാസ്സിലെ ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലാസുകളിൽ ലളിതമായതും ഇംഗ്ലീഷിലുള്ളതുമായ നിർദ്ദേശങ്ങൾ നൽകുന്നു. കുട്ടികൾ അത് കേട്ട് മനസ്സിലാക്കി നിർദ്ദേശങ്ങൾ പാലിക്കുന്നു.<br>മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് നിർദ്ദേശങ്ങൾ repeat ചെയ്ത് actions കൂടി കാണിച്ച് പറഞ്ഞുകൊടുക്കുന്നു. നിർദ്ദേശങ്ങൾ ലളിതവത്ക്കരിച്ച് പറയുന്നു.<br>ഓരോ പാഠഭാഗം കൈകാര്യം ചെയ്യുമ്പോഴും കുട്ടികൾക്ക് നൽകേണ്ട ലളിതമായ നിർദ്ദേശങ്ങൾ ഉദാഹരണത്തിന്<br>Eg: 1) Close your books<br>2) Stop talking<br>3) Keep quiet<br>4) Read the passage silently<br>5) Write the rhyming words from the poem etc.<br>എന്നിവ നൽകി കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു. നിർദ്ദേശങ്ങൾ കൂടി മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ, കുട്ടി അറിയാതെ തന്നെ ഭാഷ സ്വായത്തമാക്കുകയും അത് തെറ്റ് കൂടാതെ ഉപയോഗിക്കാൻ |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | പഠിക്കുകയും ചെയ്യും. ഈ പ്രവർത്തനവും ഒരു അധ്യയനവർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതിയാണ്. ഈ രീതിയിൽ ക്ലാസ്സുകൾ മുന്നോട്ടുപോകുമ്പോൾ ലളിതമായ ഇംഗ്ലീഷ് കേൾക്കാനും ഉപയോഗിക്കാനുമുള്ള അവസരം ഉണ്ടാകുന്നു.<br>3) Catching the news :<br>5, 6, 7 ക്ലാസ്സുകളിൽ ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് ന്യൂസ് കേൾക്കാനുള്ള അവസരം ഉണ്ടാക്കുന്നു.<br>ആഴ്ചയിൽ ഒരു ദിവസം (Friday) English Period ൽ Mobile, Bluetooth speaker എന്നിവ ഉപയോഗിച്ച് ഇംഗ്ലീഷ് ന്യൂസ് കേൾക്കാനുള്ള അവസരം ഉണ്ടാക്കുന്നു. തുടക്കത്തിൽ ഇംഗ്ലീഷ് ഭാഷയുടെ ഉച്ചാരണം, Vocabulary എന്നിവ മനസ്സിലാക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടേക്കാം. അധ്യാപികയുടെ സഹായത്തോടെ മനസ്സിലാകാത്ത ഭാഗങ്ങൾ, ബുദ്ധിമുട്ടുള്ള വാക്കുകൾ എന്നിവ കുട്ടികൾ മനസ്സിലാക്കാൻ ശ്രമിക്കുന്നു.<br>തുടർന്ന് ന്യൂസിൽ കേട്ട ഇഷ്ടമുള്ള ഭാഗങ്ങൾ കുട്ടികൾക്ക് അവതരിപ്പിക്കാം. അതോടൊപ്പം പ്രധാന ന്യൂസ് ഹെഡ്ലൈൻ സെലക്ട് ചെയ്ത് |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | അതിനെക്കുറിച്ച് ചർച്ച നടത്താം. ഇത്തരം പ്രവർത്തനത്തിലൂടെ ശരിയായ ഇംഗ്ലീഷ് ഭാഷ കേൾക്കാനും ഉപയോഗിക്കാനും സാധിക്കുന്നു.<br>ഒരു അധ്യയനവർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനമാണ്. |
| സാമൂഹികം | 1) ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ആത്മവിശ്വാസ കുറവ് | Communicative Competence | Global Wednesday<br>ബുധനാഴ്ചകൾ പൂർണമായി ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയത്തിനുള്ള വേദിയാകുന്ന ആശയമാണ് Global Wednesday.<br>അധ്യാപകർ പരസ്പരവും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികൾ പരസ്പരവും ഇംഗ്ലീഷ് ഭാഷയിൽ എല്ലാ ബുധനാഴ്ചകളിലും ആശയവിനിമയം നടത്തുന്നു. ഈ കൂട്ടായ പ്രവർത്തനത്തിൽ മുഴുവൻ അധ്യാപകരും പങ്കാളികൾ ആകുന്നു. ഇതിലൂടെ കുട്ടികൾക്ക് ഭാഷ ഉപയോഗിക്കാൻ അവസരങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുന്നു. ഇത് കുട്ടികളിൽ മാതൃഭാഷ പോലെ തന്നെ താത്പര്യം ജനിപ്പിക്കുകയും അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | 2) ഭാഷയോടുള്ള താത്പര്യ കുറവ് | ഇംഗ്ലീഷ്ഭാഷയോടുള്ള താത്പര്യം ജനിപ്പിക്കൽ. | Talk Time<br>എല്ലാ ദിവസവും ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി കുറഞ്ഞത് രണ്ട് കുട്ടികൾക്കെങ്കിലും ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു. ഈ നിരന്തര ക്ലാസ് റൂം പ്രവർത്തനം കുട്ടികളിൽ താത്പര്യം ജനിപ്പിക്കുന്നു.<br>* സന്ദർഭോചിതമായി വിവിധ ഇംഗ്ലീഷ് ലാംഗ്വേജ് ഗെയിംസ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. |
| അക്കാദമികം | ഇംഗ്ലീഷിൽ സംസാരിക്കാനുള്ള ഭയം | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ സംസരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | ആശയവിനിമയം സാധ്യമാകുന്ന പ്രവർത്തനങ്ങൾ ക്ലാസ്സിൽ നൽകുന്നു.<br>1) കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് 5 smileyകൾ നൽകുന്നു. കിട്ടിയ smileyകൾ എന്താണെന്ന് കുട്ടി അഭിനയിച്ച് കാണിക്കുന്നു. തുടർന്ന് കിട്ടിയ smileyയുമായി ബന്ധപ്പെട്ട് ഒന്നോ രണ്ടോ വാക്യങ്ങൾ നിർമ്മിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുന്നു. smileyക്ക് പകരം trees, flowers, food items, tourist places, natuaral things എന്നിവയുടെ പേരുകൾ നൽകിയും പ്രവർത്തനം തുടരാം. ഈ പ്രവർത്തനം ദീർഘകാലാടിസ്ഥാനത്തിൽ നൽകാവുന്നതാണ്.<br>2) Share your experience<br>5, 6, 7 ക്ലാസ്സുകളിൽ, ഓരോ ദിവസവും ക്ലാസ്സ് ആരംഭിക്കുന്നതിന് മുമ്പ് അധ്യാപിക |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | തെരഞ്ഞെടുക്കുന്ന 5 കുട്ടികൾ വീതം അവരുടെ അനുഭവങ്ങൾ ഇംഗ്ലീഷിൽ പങ്കുവയ്ക്കുന്നു. Experience നുള്ള സന്ദർഭം അധ്യാപിക നൽകുന്നു. Eg: One day trip, Rain, First day in class തുടങ്ങിയവ.<br>Vocabulary ആവശ്യമുള്ളപ്പോഴും വാക്യം രൂപീകരിക്കാൻ പ്രയാസമുള്ളപ്പോഴും അധ്യാപിക സഹായിക്കുന്നു. ആശയവിനിമയം നടത്താൻ ഈ പ്രവർത്തനം അധ്യയനവർഷം മുഴുവൻ നൽകാവുന്നതാണ്.<br>3) Speak Without fear<br>സ്കൂൾ അസംബ്ലിയിൽ താല്പര്യം ഉള്ള എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ Speech, book review, thought, film review തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. അവതരണത്തിന് മുമ്പ് അധ്യാപികയുടെ സഹായം തേടി വേണ്ട തിരുത്തലുകൾ നടത്താം. ഈ പ്രവർത്തനവും ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.<br><br>4) Role Play<br>ചെറിയ റോൾ പ്ലേകൾ ചെയ്യാനുള്ള സന്ദർഭം ക്ലാസ്സിൽ അധ്യാപിക സൃഷ്ടിക്കുന്നു.<br>ഉദാ: കുട്ടിയും അധ്യാപികയും തമ്മിലുള്ളത്.<br>കുട്ടികൾ തമ്മിലുള്ളത്. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | കുട്ടിയും ലൈബ്രേറിയനും തമ്മിലുള്ളത്. situation നൽകി അതിനനുസരിച്ചുള്ള സംഭാഷണങ്ങൾ സൃഷ്ടിക്കാനുള്ള അവസരം നൽകിയശേഷം അവതരണത്തിലേക്ക് പോകാം. സംഭാഷണങ്ങൾ എഴുതുമ്പോൾ തന്നെ അധ്യാപികയുടെ സഹായത്തോടെ തിരുത്തലുകൾ വരുത്താം. തുടർന്ന് ആശയം, കഥാപാത്രം എന്നിവയുൾക്കൊണ്ട് അവതരിപ്പിക്കാം. ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന പ്രവർത്തനമാണിത്. |
| | ഇംഗ്ലീഷ് ഭാഷയിൽ ആശയം എഴുതി പ്രതിഫലിപ്പിക്കാനുള്ള ബുദ്ധിമുട്ട്. | ആശയങ്ങൾ കൃത്യതയോടെ ഇംഗ്ലീഷ് ഭാഷയിൽ എഴുതാൻ പ്രാപ്തരാക്കുക. | 5) Debate: കാലിക പ്രസക്തിയുള്ള വിഷയങ്ങൾ നൽകി ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ debate സംഘടിപ്പിക്കുന്നു.<br>* Let's Write Sentences:<br>കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് കുറച്ചു വാക്കുകൾ കുട്ടിക്ക് നൽകുന്നു. ആ വാക്കുകൾ ഉപയോഗിച്ച് അർത്ഥപൂർണമായ വാക്കുകളാക്കി മാറ്റുന്നു. ദീർഘകാലാടിസ്ഥാനത്തിൽ നൽകാവുന്ന പ്രവർത്തനം.<br>* Let's Write the objects<br>കുട്ടികൾക്ക് ഒരു വാക്ക് / സന്ദർഭം നൽകി, അതുമായി ബന്ധമുള്ള മറ്റുവാക്കുകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.<br>ഉദാ: class room, school, Rain etc. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | * Describe the picture<br>3) കുട്ടികളെ ചില ചിത്രങ്ങൾ കാണിക്കുന്നു. തുടർ ചിത്രവുമായി ബന്ധപ്പെട്ട വാക്യങ്ങൾ നിർമ്മിക്കാൻ ആവശ്യപ്പെടാം. അതുപോലെ പാഠപുസ്തകത്തിലുള്ളതോ അധ്യാപിക നൽകുന്നതോ ആയ ചിത്രങ്ങളെ വിവരിക്കാൻ ആവശ്യപ്പെടാം. 5, 6, 7 ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ദീർഘകാലാടിസ്ഥാനത്തിൽ ഈ പ്രവർത്തനം നൽകാവുന്നതാണ്.<br><br>* Tale Crafting<br>4) കഥയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ നൽകുന്നു. ചിത്രങ്ങൾ നിരീക്ഷിക്കാൻ അവസരം നൽകിയ ശേഷം ലളിതമായ വാക്യങ്ങൾ ഉപയോഗിച്ച് കഥയാക്കി എഴുതാൻ ആവശ്യപ്പെടുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഉപയോഗിച്ചും അധ്യാപിക നല്കുന്ന ചിത്രങ്ങൾ ഉപയോഗിച്ചു ദീർഘകാലാടിസ്ഥാനത്തിൽ നൽകാവുന്ന പ്രവർത്തനമാണിത്.<br><br>* Let' s act and write<br>5) ഒരു കുട്ടിയെ വിളിച്ച് എഴുതുന്നതായി കാണിക്കാൻ ആവശ്യപ്പെട്ട ശേഷം മറ്റു കുട്ടികളോട് |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | അത് ഇംഗ്ലീഷിൽ എഴുതാൻ പറയുന്നു.<br>Eg: He is writing<br>She is dancing<br>He is singing etc.<br>ഇത്തരം sentence കൾ എഴുതുമ്പോൾ പഠിപ്പിക്കാൻ Continuous tense, Contexual ആയി പഠിപ്പിക്കാൻ കഴിയും. |
| | കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ വായിച്ച് ആശയഗ്രഹണം നടത്താനുള്ള ബുദ്ധിമുട്ട് | കുട്ടികൾ ഇംഗ്ലീഷ്ഭാഷ വായിച്ച് ആശയഗ്രഹണം നടത്തുന്നു. സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുന്നു. | Once Upon a Picture<br>ടീച്ചർ കുട്ടികളെ ഒരു ചിത്രം കാണിക്കുന്നു. ആ ചിത്രത്തെ ആസ്പദമാക്കി ചില ചോദ്യങ്ങൾ ചോദിക്കുന്നു. ശേഷം കുട്ടികളോട് ചിത്രത്തെ ആസ്പദമാക്കി ഒരു ചെറിയ കഥ/വിവരണം എഴുതാൻ ആവശ്യപ്പെടുന്നു.<br><br>Put it Right<br>ടീച്ചർ കുട്ടികൾക്ക് ഒരു ചെറിയ കഥയുടെ വാചകങ്ങൾ jumbled order ൽ നൽകുന്നു. കഥ വായിച്ചശേഷം കുട്ടികളോട് ശരിയായ ക്രമത്തിൽ arrange ചെയ്യാൻ പറയുന്നു.<br>Word Hunt<br>കുട്ടികൾക്ക് മുമ്പിൽ ടീച്ചർ ഒരു വിവരണം അവതരിപ്പിച്ചശേഷം കുട്ടികളോട് പദങ്ങളുടെ അർത്ഥം കണ്ടുപിടിക്കാനും പാരഗ്രാഫിൽ അവ കണ്ടെത്താനും ആവശ്യപ്പെടുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| അക്കാദമികം | കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ കേട്ട് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ട് | കുട്ടികൾ ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം ഗ്രഹിക്കുന്നു. | Action Dictation<br>ടീച്ചർ ക്ലാസ്സിൽ കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു. കുട്ടികൾ ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ കേട്ടതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.<br>Eg. Touch your head, clap your hands.<br>Listen & Draw<br>ടീച്ചർ കുട്ടികളോട് ഒരു സന്ദർഭം വിവരിക്കുന്നു. കുട്ടികൾ കേട്ട വിവരണത്തിനനുസൃതമായി ചിത്രം വരയ്ക്കുന്നു.<br>Who said it<br>ടീച്ചർ ഒരു ചെറിയ ഡയലോഗ് രംഗം വായിക്കുന്നു. ശേഷം അതിനെ ആസ്പദമാക്കിയുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾക്ക് ഉത്തരം പറയാനുള്ള അവസരം നൽകുന്നു. |

# ഹിന്ദി

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഹിന്ദി മൂന്നാം ഭാഷയാണ് കുട്ടികൾ പഠിക്കുന്നത്. ഭാഷകൾ കുട്ടികളുടെ ബൗദ്ധിക സാംസ്കാരിക വളർച്ചയ്ക്ക് അടിത്തറയിടുന്നു. മലയാളം, ഇംഗ്ലീഷ് എന്നിവയ്ക്ക് സമാനമായി ദേശീയഭാഷയായ ഹിന്ദിക്കും, സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ സമഗ്രമായ പ്രാധാന്യം നൽകേണ്ടതാണ്. ഹിന്ദി ഭാഷ നൈപുണികൾ വിദ്യാർത്ഥികളിൽ ശരിയായി എത്തിക്കുക. ഭാഷാപഠനം ആസ്വാദ്യകരമാവും വിധം വിവിധ പഠനതന്ത്രങ്ങൾ ഈ പ്ലാനിംഗിൽ ഉൾപ്പെടുത്തുന്നതാണ്. ഹിന്ദി ഭാഷാപഠനം എന്ന ലക്ഷ്യത്തെ മാറ്റിനിർത്തിക്കുക. ഭാഷയാർജ്ജിക്കുക എന്ന നേട്ടത്തിലേക്ക് നമ്മൾ എത്തിച്ചേരേണ്ടതാണ്.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| അക്കാദമികം<br>* അക്ഷരജ്ഞാനം | ചിഹ്നങ്ങൾ ഉറപ്പിക്കാൻ പ്രയാസം | | ഗുരുതരം | | |
| * വായന | സ്വതന്ത്രമായി ഹിന്ദി പുസ്തകങ്ങൾ വായിക്കാൻ പ്രയാസം നേരിടുന്നു. | | ഗുരുതരം | | ആകർഷകമായ വായനാ സാമഗ്രികൾ ലഭ്യമല്ല |
| * ലേഖനം | സ്വന്തമായി സർഗ്ഗസൃഷ്ടികൾ നടത്താനുള്ള ബുദ്ധിമുട്ട് | | ഗുരുതരം | | പദസമ്പത്ത് കുറവ്, വായന കുറവ് |
| * ആശയവിനിമയം | സ്വതന്ത്രമായി ഹിന്ദിയിൽ ആശയവിനിമയം നടത്താനുള്ള പ്രയാസം. | | ഗുരുതരം | | സംസാരിക്കാനുള്ള സാഹചര്യം കുറവാണ്. |
| * ശ്രവണം | ഹിന്ദിഭാഷ കേട്ട് ആശയം ഗ്രഹിക്കാനുള്ള പ്രയാസം. | | ഗുരുതരം | | ഹിന്ദി പിരീഡുകൾ മാത്രമാണ് ഹിന്ദി കേൾക്കാനുള്ള അവസരം രക്ഷിതാക്കൾക്കും ഹിന്ദിയിൽ അറിവ് കുറവായിരിക്കും. |
| ഭൗതികം | ഐ.റ്റി. അധിഷ്ഠിത റിസോഴ്സസ് ലഭ്യമല്ല | | ഗുരുതരം | | ഐ.സി.റ്റി.യുടെ സഹായത്തിൽ ഹിന്ദി കേൾക്കാനുള്ള അവസരം ലഭിക്കുന്നില്ല. ഐ.സി.റ്റി. അധിഷ്ഠിത ക്ലാസ്സ് റൂമുകൾ ലഭ്യമല്ല. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| | ലാംഗ്വേജ് ലാബിന്റെ അപര്യാപ്തത.<br>ക്ലാസ് മുറികൾ സജ്ജീകരണം (കെട്ടിടങ്ങൾ തമ്മിലുള്ള ദൂരം) | | ഗുരുതരം<br>ഗുരുതരം | | കെട്ടിടങ്ങൾ തമ്മിലുള്ള ദൂരം |
| അധ്യാപകർ സാമഗ്രികളുടെ ലഭ്യത<br>പീരീഡുകളുടെ ലഭ്യത | പാഠഭാഗകേന്ദ്രിതവും കുട്ടികൾക്ക് ആകർഷണീയവുമായ തരത്തിലുള്ളവ ലഭ്യമല്ല.<br>ഹിന്ദി വിഷയം പഠിപ്പിക്കുന്നതിന് 5-ാം ക്ലാസ്സിൽ ആഴ്ചയിൽ 2 പിരീഡും 6, 7 ക്ലാസ്സുകളിൽ 3 പിരീഡുമാണ് ലഭ്യമായിട്ടുള്ളത്. | | ഗുരുതരം | | സമഗ്രയിയിൽ ഉള്ള റിസോഴ്സുകൾ വളരെ കുറവാണ്. |
| ചെറിയ ക്ലാസ്സുകളിൽ ഹിന്ദി പഠനം | ചെറിയ ക്ലാസ്സുകളിൽ ഹിന്ദി പഠിക്കാനുള്ള അവസരം ലഭിക്കുന്നില്ല. | | തീവ്രം | | |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | അക്ഷരജ്ഞാനം | ചിഹ്നങ്ങൾ ഉറപ്പാക്കാൻ അക്ഷര കാർഡുകൾ, ഗെയിമുകൾ എന്നിവയിലൂടെ ചിഹ്നം ഉറപ്പാക്കാം. | 2 ആഴ്ച | അധ്യാപകർ | 500/- | |
| 2. | വായന | വായനക്കാർഡുകൾ - ഗ്രൂപ്പുതല ആക്ടിവിറ്റിയിലൂടെ വായന ചിത്രങ്ങൾ നൽകി അവ വാക്യരൂപത്തിലേക്ക് മാറ്റുക.<br>5, 6, 7 ക്ലാസ്സിൽ വായന മത്സരങ്ങൾ<br>ലാംഗ്വേജ് ലാബ്<br>ഹിന്ദി പുസ്തകങ്ങൾ (ചെറിയ കഥകൾ)<br>ഹിന്ദി ക്ലബ്ബ് സജീവമാക്കുക.<br>ഹിന്ദി പത്രം ലഭ്യമാക്കണം | 1 മാസം നിരന്തരം<br>1 മാസം<br>1 വർഷം<br>1 വർഷം<br>1 വർഷം<br>1 വർഷം | അധ്യാപകർ<br>,,<br>അധ്യാപകർ<br>പി.റ്റി.എ./എസ്.എം.സി.<br>പി.റ്റി.എ./എസ്.എം.സി.<br>അധ്യാപകർ<br>പി.റ്റി.എ. | 500/-<br>1 ലക്ഷം<br>1500<br>1500/- | |
| 3. | ശ്രവണം | ഹിന്ദി വാർത്ത/കാർട്ടൂൺ എന്നിവ കേൾക്കാനും കാണാനുമുള്ള അവസരം - ലാംഗ്വേജ് ലാബ്<br>ഐ.സി.റ്റി. ഉപയോഗത്തിലൂടെ ഹിന്ദി കാർട്ടൂണുകൾ / സുരീലി ഹിന്ദിയുടെ ഗാനങ്ങൾ എന്നിവ ആഴ്ചയിൽ ഒരിക്കലെങ്കിലും കേൾക്കാനുള്ള അവസരം.<br>വായന മത്സരങ്ങൾ - ഹിന്ദി ഫെസ്റ്റ് സംഘടിപ്പിച്ച് നടത്തുക. | 1 വർഷം<br>1 വർഷം | പി.റ്റി.എ.<br>അധ്യാപകർ | 20000/- | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക. | 1 വർഷം | അധ്യാപകർ | | |
| | ആശയവിനിമയം | ലാംഗ്വേജ് ലാബ്<br>റേഡിയോ ക്ലബ്ബ്<br>ക്ലാസ്സിൽ സ്വതന്ത്രമായി ആശയ വിനിമയം നടത്താനുള്ള അവസരം ഒരുക്കണം.<br>മത്സരങ്ങൾ, റീലുകൾ, ചെറു നാടകങ്ങൾ എന്നിവ നിർമ്മിക്കാനും അവതരിപ്പിക്കാനുമുള്ള അവസരം. | <br>1 വർഷം<br>1 വർഷം<br><br><br>1 വർഷം | <br>അധ്യാപകർ<br>അധ്യാപകർ<br><br><br>അധ്യാപകർ/പി.റ്റി.എ. | 2000 | |
| | ലേഖനം | പദസമ്പത്ത് വർദ്ധിപ്പിക്കുക<br>ഹിന്ദി നിഘണ്ടു തയ്യാറാക്കുക<br>ഹിന്ദി ക്ലാസ്സുകളിൽ സർഗ്ഗസൃഷ്ടികൾ തയ്യാറാക്കി അത് പ്രദർശിപ്പിക്കാനുള്ള ചാർട്ട് സ്ഥാപിക്കുക.<br>വർഷാവസാനം പതിപ്പായി പ്രസിദ്ധപ്പെടുത്തുക.<br>വായന കാർഡുകൾ നിർമ്മിക്കുക. | <br><br>1 വർഷം<br><br><br>1 വർഷം | <br><br>അധ്യാപകർ<br><br><br>അധ്യാപകർ | | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| അക്ഷരജ്ഞാനം | അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കാൻ പ്രയാസം | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക | അക്ഷരകാർഡുകൾ, ഗെയിമുകൾ എന്നിവയിലൂടെ ചിഹ്നം ഉറപ്പാക്കുന്നു. |
| വായന | സ്വതന്ത്രമായി വായിക്കാൻ പ്രയാസം നേരിടുന്നു | എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക. | വായനക്കാർഡുകൾ<br>ചെറിയ പദങ്ങൾ നല്കി ഗ്രൂപ്പ്തല ആക്ടിവിറ്റിയിലൂടെ അവ ചെറിയ വാക്യങ്ങളായി രൂപപ്പെടുത്തുന്നു. പദങ്ങൾ ഗ്രൂപ്പുകളുടെ ചർച്ച ചെയ്ത് ആശയം കണ്ടെത്തി പദം ഉറപ്പാക്കുന്നു. അനുയോജ്യമായ ചിത്രവും ചേർത്ത് വാക്യങ്ങൾ വായന കാർഡിന്റെ രൂപത്തിൽ നിർമ്മിക്കുന്നു. |
| ശ്രവണം | കേൾക്കാനുള്ള അവസര ലഭ്യതക്കുറവ് | കേൾക്കാനുള്ള അവസരം സൃഷ്ടിക്കുക | ആഡിയോ, വീഡിയോ ക്ലിപ്പിംഗ്<br>ഹിന്ദി ക്ലബ്ബ്<br>മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പ്രവർത്തനം<br>ഹിന്ദി ക്ലബ്ബിൽ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം<br>അസംബ്ലി സംഘടിപ്പിക്കുന്നു. |
| ആശയ വിനിമയം | സ്വതന്ത്രമായി ആശയ വിനിമയം നടത്തുന്നില്ല | സ്വതന്ത്രമായി ആശയ വിനിമയം നടത്തണം | റേഡിയോ ക്ലബ്ബ് നടത്തണം<br>മത്സരങ്ങൾ, റീലുകൾ, ചെറുനാടകങ്ങൾ എന്നിവ നിർമ്മിക്കണം. |

## ആക്ഷൻ പ്ലാൻ

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| ലേഖനം | എഴുതാൻ പ്രയാസം നേരിടുന്നവർ | എല്ലാ കുട്ടികളേയും ഹിന്ദിയിൽ എഴുതാൻ പ്രാപ്തരാക്കുക. | കുട്ടികൾ തയ്യാറാക്കുന്ന വായന കാർഡ് ക്ലാസ് പതിപ്പുകൾ സ്വയം തയ്യാറാക്കണം |
| | ഹിന്ദി വായന കാർഡ് | | വിദ്യാർത്ഥികൾ സ്വന്തമായി സ്വന്തമായ വായനകാർഡ് നിർമ്മിക്കുന്നു.<br>കുട്ടികൾക്ക് അവരുടെ എൽ.ഒ., മൂല്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള വാക്യം നിർമ്മിക്കാൻ പദങ്ങൾ നൽകുന്നു.<br>ഗ്രൂപ്പ് ചർച്ചയിലൂടെ വാക്യരൂപത്തിലാക്കുകയും അവ ലഘു കുറിപ്പുകളാക്കി മാറ്റുന്നു. കുറിപ്പനുസരിച്ച് ചിത്രങ്ങൾ തയ്യാറാക്കുന്നു.<br>(അനുരൂപീകരണം)<br>തയ്യാറാക്കിയ ചിത്രങ്ങൾ കുറിപ്പും ചേർത്ത് വായന കാർഡ് രൂപത്തിലാക്കുന്നു. ഓരോ കുട്ടിയും പേപ്പർ ഫയൽ നിർമ്മിച്ച് വായന കാർഡുകൾ സൂക്ഷിക്കുന്നു.<br>ഓരോ കുട്ടിക്കും വായന കാർഡിന്റെ പേപ്പർ ഫയൽ ഉണ്ടാകും. ഇതിൽ മികച്ചവ നമ്മുടെ സ്കൂളിന്റെ ഉത്പന്നമായി സൂക്ഷിക്കുകയും (അതിന്റെ ഡിജിറ്റൽ രൂപവും, പ്രിന്റും തയ്യാറാക്കി അദ്ധ്യാപിക സ്കൂൾ ഉത്പന്നമായി മാറ്റുന്നു.)<br>ഓരോ യൂണിറ്റ് കഴിയുമ്പോഴും ഈ വായനകാർഡ് നിർമ്മാണം ഉണ്ടായിരിക്കുന്നതാണ്. |

# സാമൂഹ്യ ശാസ്ത്രം

## ആമുഖം, പഠനലക്ഷ്യങ്ങൾ

മാനവികത, ഭരണഘടനാമൂല്യങ്ങൾ, ബഹുസ്വരത, പെരുമാറ്റമൂല്യങ്ങൾ, നിയമബോധം, സാമൂഹിക നീതി, ലിംഗനീതി, പ്രകൃതി സൗഹാർദ്ദം മുതലായവ വികസിപ്പിക്കുക.

ഇന്ത്യയെക്കുറിച്ചും കേരളത്തെക്കുറിച്ചുമുള്ള അറിവ് വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളുമായി ഉൾച്ചേർത്ത് ഗ്രഹിക്കാനും ജ്ഞാനസമൂഹനിർമ്മിതിക്കായി പ്രയോജനപ്പെടുത്താനുമുള്ള ധാരണ നേടുക.

കുടിയേറ്റങ്ങളുടെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന സാമൂഹിക-സാംസ്കാരിക സങ്കലനാവസ്ഥയുടെ സവിശേഷതകൾ തിരിച്ചറിയുകയും അവയ്ക്കിടയിലെ തനിമയും സങ്കലനങ്ങളും എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കാനുള്ള കഴിവ് നേടുകയും ചെയ്യുക.

മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും മാധ്യമങ്ങളെയും ക്രിയാത്മക വിമർശനത്തിന് വിധേയമാക്കി വിശകലനം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

ഓരോരുത്തരും ജീവിക്കുന്ന സമൂഹത്തെ ചരിത്രാവബോധത്തോടെ വിശകലനം ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ തന്റേതായ നിരീക്ഷണങ്ങൾ അവതരിപ്പിക്കാനും ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനും പ്രാപ്തി നേടുക.

നാം ജീവിക്കുന്ന സമൂഹത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളെ പ്രാദേശിക ദേശീയ സാർവദേശീയ വീക്ഷണത്തിൽ വിശകലനം ചെയ്ത് ഗുണനിരൂപണം നടത്താനും വിമർശനാത്മകമായി ഭാവം രൂപപ്പെടുത്താനും

സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ, രീതിശാസ്ത്രം സ്വായത്തമാക്കാൻ കഴിയുക, സാമൂഹ്യനിരീക്ഷണം, താരതമ്യം, വിശകലനം, വിമർശനാത്മകചിന്ത, യുക്തിപരമായ വ്യാഖ്യാനം, പൊതുഘടനയും പ്രവണതകളും കണ്ടെത്തൽ നിലപാടെടുക്കൽ തുടങ്ങിയ സാമൂഹ്യശാസ്ത്രശേഷികൾ വിദ്യാർത്ഥികളിൽ വികസിപ്പിക്കുക.

ജൈവപരിസ്ഥിതി, സാമൂഹിക പരിസ്ഥിതി, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം മുതലായവയുടെ രൂപീകരണത്തിലും ശാക്തീകരണത്തിലും സ്വന്തമായ നിലപാടുകളും അഭിപ്രായങ്ങളും രൂപപ്പെടുത്താനും അവതരിപ്പിക്കാനും കഴിയുക.

പ്രാദേശിക-ദേശീയ സാംസ്കാരികതയിൽ അഭിമാനിക്കുന്നതോടൊപ്പം വിശ്വപൗരനായി മാറാനുള്ള കാഴ്ചപ്പാട് സൃഷ്ടിച്ച് മാനവരാശിയുടെ വികസനത്തെ സമഗ്രമായി കാണാനുള്ള മനോഭാവം രൂപപ്പെടണം.

വിഷയബന്ധിതവും അന്തർവൈജ്ഞാനികവുമായ അറിവുനിർമ്മാണം വിദ്യാർത്ഥികളിൽ സാധ്യമാക്കുക.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1). ഭൂപട വായന | ഭൂപടത്തിൽ രാജ്യങ്ങളുടെ സ്ഥാനം കണ്ടെത്താൻ സാധിക്കുന്നില്ല. | ✓ | | | വ്യത്യസ്ത ഭൂപടങ്ങളുടെ ലഭ്യതക്കുറവ്, സമയക്കുറവ് |
| 2) ഭരണഘടനയിലെ അടിസ്ഥാന ആശയങ്ങളുടെ ധാരണാസൃഷ്ടി. | കുട്ടികൾക്ക് ഭരണഘടനയെക്കുറിച്ച് അറിയില്ല. | ✓ | | | ഭരണഘടനയുടെ ആവശ്യകതയെക്കുറിച്ചും ഉത്ഭവത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ക്ലാസ്സുകളുടെ അഭാവം. |
| 3) നവോത്ഥാനത്തെ അറിയാൻ | പ്രാദേശിക, ദേശീയ നവോത്ഥാന വ്യക്തിത്വങ്ങളെക്കുറിച്ചുള്ള അജ്ഞത | ✓ | | | വിശാലമായ പഠനമേഖല, അതിവിശാലമായ വിവരശേഖരണ പ്രക്രിയ. |
| 4) മാതൃകാ പാർലമെന്റ് | നിയമനിർമ്മാണ സഭയെക്കുറിച്ച് അറിവില്ല. | ✓ | | | ആശയാവതരണത്തിലെ പ്രായോഗിക ബുദ്ധിമുട്ട്, സമയക്കുറവ് |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേയ്ക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അറിവ് പരീക്ഷിക്കുന്നതിനായി പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ ആരംഭം തുടർ പ്രക്രിയ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | | |
| | | ഓർമ്മച്ചെപ്പ്<br>അന്തർദ്ദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.റ്റി. സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ,, | ,, | | |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നു. | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേയ്ക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനം. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുക. | അക്കാദമിക വർഷാരംഭം<br>,, | സാമൂഹ്യ ശാസ്ത്ര അധ്യാപകർ.<br>സബ്ജക്ട് കൗൺസിൽ<br>എസ്.ആർ.ജി.<br>,, | | |
| 5 | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക. | നന്മയുടെ നുറുങ്ങുവെട്ടം. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥിൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ.<br>പി.റ്റി.എ. | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6. | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം<br>,, | സാമൂഹ്യശാസ്ത്ര അധ്യാപകർ.<br>പി.റ്റി.എ.<br>,, | | |
| 7. | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | <u>കാടെവിടെ മക്കളെ</u><br>ഫീൽഡ് ട്രിപ്പ്,സർവേ പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 8. | സാമൂഹ്യശാസ്ത്ര വിഷയ ത്തിലൂടെ പഠിതാക്കളെ അന്തർദ്ദേശീയ നിലവാരത്തി ലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവി ജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെ ത്തുന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസ്സുകൾ എന്നിവ സംഘ ടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം<br>" | സാമൂഹ്യശാസ്ത്ര അധ്യാപകർ.<br>" | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 9 | ഭൂപടവായന | ആനുകാലികസംഭവങ്ങളെ ഭൂപട വായനയുമായി കോർത്തിണക്കിക്കൊണ്ടുള്ള പ്രവർത്തനം. അഞ്ചാം ക്ലാസ്സുകാർ കേരള ഭൂപടത്തിൽ ജില്ലകൾ കണ്ടെത്തുന്നു. ആറാം ക്ലാസ്സുകാർ ഇന്ത്യാഭൂപടത്തിൽ സംസ്ഥാനങ്ങൾ കണ്ടെത്തുന്നു. ഏഴാം ക്ലാസ്സുകാർ ലോകഭൂപടത്തിൽ രാജ്യങ്ങൾ കണ്ടെത്തുന്നു. | ജൂലൈ മുതൽ വർഷം മുഴുവൻ<br>,, | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>,, | | |
| 10 | ഭരണഘടനയിലെ അടിസ്ഥാനാശയങ്ങൾ | ഭരണഘടനയുടെ ആവശ്യകത, പ്രാധാന്യം, ഉത്സവം എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>സ്കൂൾ ഭരണഘടന നിർമ്മിക്കുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 11 | നവോത്ഥാനത്തെ അറിയാൻ | പരസ്പരബന്ധമുള്ള നവോത്ഥാന പ്രസ്ഥാനങ്ങളെയും നവോത്ഥാന നായകരെയും ബന്ധപ്പെടുത്തി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. പ്രാദേശിക നേതാക്കളെ പരിചയപ്പെടുത്തുന്നതിനുവേണ്ടി മുതിർന്ന വ്യക്തികളെയും ഗ്രന്ഥശാലകളെയും സന്ദർശിക്കുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 12 | മാതൃകാ പാർലമെന്റ് | പ്രായോഗികരീതിയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യസംവിധാനത്തെക്കുറിച്ച് കുട്ടികൾക്ക് അറിവ് പകരുന്നു.<br>മോക്ക് പാർലമെന്റ്<br>പാർലമെന്റിന്റെ മാതൃകയിൽ സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു.<br>പാർലമെന്റ് പ്രവർത്തനത്തിന്റെ മാതൃകയിൽ കുട്ടികളുടെ പാർലമെന്റിന്റെ പ്രവർത്തനം നടത്തുന്നു. | ആഗസ്റ്റ് ആരംഭം തുടർ പ്രക്രിയ<br>,, | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>,, | | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 1. ഭരണഘടനയിലെ അടിസ്ഥാന ആശയങ്ങളുടെ ധാരണാസൃഷ്ടി. | കുട്ടികൾക്ക് ഭരണഘടനയെക്കുറിച്ച് അറിവില്ല. | ഭരണഘടനയുടെ ആവശ്യകതയെക്കുറിച്ചും ഉത്ഭവത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ധാരണ നേടുക. | ഭരണഘടനയെപ്പറ്റി അടിസ്ഥാന ധാരണസൃഷ്ടി നടത്തണം. ജില്ലാപഞ്ചായത്തിൽ നിന്ന് എല്ലാ വീടുകളിലും ഭരണഘടനയെപ്പറ്റി ചെറിയ ബുക്ക്ലെറ്റ് എത്തിച്ചിരുന്നു. അത് കുട്ടികൾക്ക് പരിചയപ്പെടുത്തി വായിക്കാനുള്ള നിർദ്ദേശം നൽകാം. വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കാം. കുട്ടികളിൽ നിന്ന് ഭരണഘടന നിർമ്മാണ സമിതി രൂപീകരിച്ച് ചർച്ച ചെയ്ത് സ്കൂൾ ഭരണഘടന നിർമ്മിക്കാം. |
| 2) നവോത്ഥാനത്തെ അറിയാൻ. | പ്രാദേശിക ദേശീയ നവോത്ഥാന വ്യക്തിത്വങ്ങളെക്കുറിച്ചുള്ള അജ്ഞത വിശാലമായ പഠനമേഖലയാണ്. | പ്രാദേശിക ദേശീയ നവോത്ഥാന വ്യക്തിത്വങ്ങളെക്കുറിച്ച് ധാരണ നേടുക. | പരസ്പരബന്ധമുള്ള ഒരേ മേഖലയിൽ ഉള്ള നവോത്ഥാന നായകരേയും പ്രസ്ഥാനങ്ങളെയും ബന്ധപ്പെടുത്തി പഠിപ്പിക്കാം. വിവരശേഖരണത്തിന് പ്രാദേശിക ഗ്രന്ഥശാലകളെയും മുതിർന്ന വ്യക്തികളെയും സന്ദർശിക്കാം. നവോത്ഥാന പ്രസ്ഥാനങ്ങളെയും നവോത്ഥാന നായകരേയും ആസ്പദമാക്കി ഡോക്യുമെന്ററി നിർമ്മിക്കാം. വ്യത്യസ്ത നവോത്ഥാന പ്രസ്ഥാനങ്ങളെയും നായകരേയും കുറിച്ച് ചിത്രരചന, ഉപന്യാസരചന എന്നിവ നടത്താം. നാടകം, കഥാപ്രസംഗം എന്നീ കലാരൂപത്തിലൂടെ നവോത്ഥാന നായകരെ പരിചയപ്പെടുത്താം. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| ഭൂപടവായന | ഭൂപടത്തിൽ രാജ്യങ്ങളുടെ സ്ഥാനം കണ്ടെത്താൻ സാധിക്കുന്നില്ല. | ഭൂപടത്തിൽ രാജ്യങ്ങളുടെ സ്ഥാനം കണ്ടെത്തുക. അവയുടെ പൊതു വിവരങ്ങൾ രേഖപ്പെടുത്തുക. | അഞ്ചാം ക്ലാസ്സിലെ കുട്ടികൾ കേരളത്തിലെ ജില്ലകളുടെ സ്ഥാനനിർണ്ണയം നടത്തണം. അത് തെരേസ ബ്ലോക്കിലെ ഭൂപടത്തിൽ രേഖപ്പെടുത്തുകയും പൊതുവിവരങ്ങൾ അവതരിപ്പിക്കുകയും വേണം. ആറാം ക്ലാസ്സിലെ കുട്ടികൾ ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ സ്ഥാനനിർണയം നടത്തണം. അത് രവിവർമ്മ ബ്ലോക്കിലെ ഇന്ത്യയുടെ ഭൂപടത്തിൽ രേഖപ്പെടുത്തുകയും പൊതുവിവരങ്ങൾ അവതരിപ്പിക്കുകയും ചെയ്യണം. (ആറാം ക്ലാസ്സിന്റെ അസംബ്ലിയിൽ) ഏഴാം ക്ലാസ്സിലെ കുട്ടികൾക്ക് ലോകരാഷ്ട്രങ്ങളുടെ സ്ഥാനനിർണയം നടത്തണം. സച്ചിൻ ബ്ലോക്കിലെ ലോകഭൂപടത്തിൽ രേഖപ്പെടുത്തുകയും പൊതുവിവരങ്ങൾ അവതരിപ്പിക്കുകയും ചെയ്യണം. അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്ക് കേരളത്തിന്റെ ഭൂപടം, ആറാം ക്ലാസ്സിന് ഇന്ത്യയുടെയും ഏഴാം ക്ലാസ്സിന് ലോക ഭൂപടവും വിതരണം ചെയ്യണം. |
| മാതൃകാ പാർലമെന്റ് | നിയമനിർമ്മാണ സഭയെക്കുറിച്ച് അറിവില്ല. | നിയമനിർമ്മാണ സഭകളെക്കുറിച്ച് ധാരണ നേടുക. | പ്രായോഗികരീതിയിൽ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തിജനാധിപത്യ പ്രക്രിയയെക്കുറിച്ച് കുട്ടികൾക്ക് അറിവ് പകരുക.<br>ശരിയായ രീതിയിൽ സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി മോക്ക് പാർലമെന്റ് രൂപീകരിക്കാം. |

# അടിസ്ഥാന ശാസ്ത്രം

## ആമുഖം

ശാസ്ത്രം എന്നത് പ്രകൃതിയിൽ നടക്കുന്ന സംഭവങ്ങളെ ഗൗരവത്തോടെ നിരീക്ഷിച്ച് വിശദമായി പഠിക്കുവാനുള്ള ഒരു ക്രമബദ്ധമായ സമീപനമാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളേയും സ്വാധീനിക്കുന്നതാണ് ശാസ്ത്രം. ഇത് വിവിധ പ്രതിഭാസങ്ങളെയും വസ്തുതകളെയും കുറിച്ചുള്ള അറിവ് നൽകുന്നു. ശാസ്ത്രബോധമുള്ള ഒരു വിജ്ഞാന സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ പൊതുലക്ഷ്യമായി കണക്കാക്കുന്നത്.

## ശാസ്ത്ര പഠന ലക്ഷ്യങ്ങൾ

* നിരീക്ഷണം, പരീക്ഷണം, സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്ന പരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി ഓരോ കുട്ടിയും സ്വായത്തമാക്കുക.
* പഠനപ്രക്രിയയിലൂടെ ആർജിച്ച അറിവും പ്രക്രിയശേഷികളും ജീവിത സാഹചര്യങ്ങളിൽ പ്രയോഗിക്കാൻ പഠിതാക്കൾക്ക് കഴിയുക.
* പ്രവർത്തനത്തിലൂടെ ആർജിച്ച ശാസ്ത്ര അറിവുകളെ പ്രശ്ന പരിഹാരങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക.
* സയന്റിഫിക് ടെമ്പർ, അന്വേഷണത്വര, വിമർശനാത്മക ചിന്ത എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| അക്കാദമികം<br>1. ശാസ്ത്രവും നിത്യ ജീവിതവും | ജീവിത സാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ കഴിയുന്നില്ല. | – | ✓ | – | പരീശീലന കുറവ് |
| 2. പരീക്ഷണങ്ങളിൽ ഏർപ്പെടൽ | പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനത്തിൽ എത്തിച്ചേരാൻ കഴിയുന്നില്ല. | ✓ | – | – | സ്കൂൾ ലാബിന്റെ അപര്യാപ്തത ശ്രദ്ധക്കുറവ് |
| 3. ശാസ്ത്ര പ്രക്രിയ ശേഷി | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിച്ച് ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിയാത്തത്. | ✓ | – | – | പഠനവിടവ്, പരിശീലന കുറവ് |
| 4. സെമിനാർ / പ്രോജക്ട് | ശരിയായ രീതിയിൽ സെമിനാർ പ്രോജക്ട്സ് തയ്യാറാക്കി അവതരിപ്പിക്കാനുള്ള കഴിവില്ലാത്തത്. | – | ✓ | – | പരിശീലന കുറവ്, പഠന വിടവ് |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| **ഭൗതികം**<br>1. സയൻസ് ലാബ്<br>2. സ്മാർട്ട് ക്ലാസ്സ് റൂം | സയൻസ് ലാബിന്റെ അപര്യാപ്തത, ഐ.സി.റ്റി. അധിഷ്ഠിത ക്ലാസ്സുകൾ നൽകാൻ കഴിയുന്നില്ല. (ഐ.സി.റ്റി.യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കാൻ കഴിയുന്നില്ല, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രം എന്നിവയുടെ വീഡിയോ പ്രദർശനം ചെയ്യാൻ കഴിയുന്നില്ല) | | | ✓ | സയൻസ് ലാബ് സ്മാർട്ട് ക്ലാസ് റൂം എന്നിവയുടെ അപര്യാപ്തത. |
| **സാമൂഹികം**<br>1. പഠനോപകരണ ശില്പശാലകൾ/ പ്രദർശനം | ഓരോ പാഠഭാഗവും പഠിപ്പിക്കാനാവശ്യമായ പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്. | | ✓ | | അറിവില്ലായ്മ, അഭിരുചിക്കുറവ് |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | **അക്കാദമികം**<br>ശാസ്ത്രവും നിത്യജീവിതവും – ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **അറിവിനായൊരു യാത്ര**<br>കാര്യവട്ടം ക്യാമ്പസ്സിലെ ബോട്ടണി ഡിപ്പാർട്ടുമെന്റിലേക്ക് ഒരു പഠനയാത്ര. | ജൂലൈ | ശാസ്ത്ര അധ്യാപകൻ<br>സയൻസ് ക്ലബ്ബ്<br>എക്കോ ക്ലബ്ബ് | രക്ഷിതാക്കൾ | |
| 2. | പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനത്തിൽ എത്തിച്ചേരൽ | എന്റെ പരീക്ഷണ പുസ്തകം<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ ചെയിക്കുന്നു, പരീക്ഷണകിറ്റ് നിർമ്മാണം, പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കൽ, കൂടുതൽ പരീക്ഷണങ്ങൾ ചെയ്തുനോക്കി പരീക്ഷണ കുറിപ്പുകളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകൻ<br>,, | | |
| 3. | ശാസ്ത്ര പ്രക്രിയശേഷി | 1. ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | ശാസ്ത്ര അധ്യാപകൻ | |
| 4. | സെമിനാർ / പ്രോജക്ട് | 2. Science Through Young Eyes<br>വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട seminars/projects തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>(ശാസ്ത്രോത്സവം) | അക്കാദമിക വർഷം | സബ്ജക്ട് കൗൺസിൽ<br>ക്ലബ്ബ് കൺവീനർ | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | **ഭൗതികം** | | | | | |
| 1. | സയൻസ് ലാബ് നവീകരണം | ശേഖരിച്ചതും, നിർമ്മിച്ചതുമായവ ഉപയോഗിച്ച് സയൻസ് ലാബ് നവീകരിക്കുന്നു. (ക്ലാസ് ലാബ്) | ആഗസ്റ്റ് മുതൽ | പി.റ്റി.എ., എസ്.എം.സി. | | |
| 2. | സ്മാർട്ട് ക്ലാസ് റൂം | ഹൈടെക് ക്ലാസ്സ് മുറികൾ തയ്യാറാക്കുക. | ദീർഘകാലം | പി.റ്റി.എ. എസ്.എം.സി. | പി.റ്റി.എ. എസ്.എം.സി. | |
| | **സാമൂഹികം** | | | | | |
| | പഠനോപകരണ നിർമ്മാണം, പ്രദർശനം / മണ്ണ് പരിശോധന (pH) | പഠനോപകരണ ശില്പശാല മണ്ണിന്റെ pH പരിശോധന Frames of Future Portfolio പ്രദർശനം) | നവംബർ മുതൽ | പി.റ്റി.എ. എസ്.ആർ.ജി. സയൻസ് ടീച്ചർ | പി.റ്റി.എ. | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 1. അക്കാദമികം | 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ കഴിയാത്തത്. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക. | അറിവിനായൊരു യാത്ര<br>* ഏഴാം ക്ലാസ്സിലെ കുട്ടികളെ ഒന്നാമത്തെ പാഠഭാഗവുമായി ബന്ധപ്പെട്ട് Budding, Layering, Grafting തുടങ്ങിയ ആശയങ്ങൾ പരിചയപ്പെടുത്തുന്നു.<br>* ചിത്രങ്ങൾ, വീഡിയോകൾ തുടങ്ങിയവയുടെ സഹായത്തോടെ ആശയം കൂടുതൽ വ്യക്തമാക്കാൻ ശ്രമിക്കുന്നു.<br>* നേരറിവ് ലഭിക്കുന്നതിനായി കുട്ടികളെ പഠനയാത്രയുടെ ആവശ്യകത മനസ്സിലാക്കിക്കുന്നു.<br>* കാര്യവട്ടം ക്യാമ്പസ്സിലെ ബോട്ടണി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുന്നു, സമയം, തീയതി ഇവ തിരഞ്ഞെടുക്കുന്നു.<br>* ഫണ്ട് കണ്ടെത്തുന്നു.<br>* പെർമിഷൻ, പ്ലാനിംഗ്<br>* പഠനയാത്ര നടത്തുന്നു. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രാനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നു. |
| | 2) പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല. | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങൾ ചെയ്യി-ക്കുക, പരീക്ഷണകിറ്റ് നിർമ്മാണം, പരീക്ഷണ | എന്റെ പരീക്ഷണ പുസ്തകം.<br>* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസ്സിൽ ചെയ്യിക്കുന്നു.<br>* കുട്ടികളെ ചെറു ഗ്രൂപ്പുകളായി തിരിച്ച് പരീക്ഷണ കുറിപ്പുകൾ എഴുതാൻ അവസരം ഒരുക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
| --- | --- | --- | --- |
| | | കുറിപ്പിലെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തൽ നിഗമനത്തിലെത്തിച്ചേരൽ, പരീക്ഷണങ്ങൾ പരീക്ഷണ കുറിപ്പുകൾ എന്നിവയുടെ ഒരു ശേഖരം തയ്യാറാക്കൽ. | * ഗ്രൂപ്പുകൾ കൂടുതൽ പരീക്ഷണങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.<br>* കുട്ടിക്ക് സ്വന്തമായി പരീക്ഷണം ചെയ്യാനും, കുറിപ്പ് തയ്യാറാക്കാനും അവസരം നൽകുന്നു. |
| | 3) ശാസ്ത്ര പ്രക്രിയാശേഷി കൈവരിക്കാൻ പറ്റാത്തത്. | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുക. | <u>ശാസ്ത്ര വിസ്മയചുമർ</u><br>* ശാസ്ത്ര അധ്യാപകർ ഓരോ പാഠഭാഗത്തിലേയും പ്രധാന ആശയങ്ങൾ ക്ലാസ്സിൽ പഠിപ്പിക്കുന്നു.<br>* കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യാൻ അവസരം നൽകുന്നു.<br>* ആവശ്യമായ ചാർട്ട്, കളർ എന്നിവ ഓരോ ഗ്രൂപ്പിനും നൽകുന്നു.<br>* ഓരോ പാഠഭാഗവും അവസാനിക്കുന്ന മുറയ്ക്ക് ശാസ്ത്ര വിസ്മയചുമർ എന്ന ആശയം പൂർണ്ണമാക്കുന്നു. |
| | 4) കുട്ടികൾക്ക് ശരിയായ രീതിയിൽ സെമിനാർ /പ്രോജക്ട് തയ്യാറാക്കി അവതരിപ്പിക്കാൻ കഴിയുന്നില്ല. | വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട സെമിനാർ/പ്രോജക്ട് | <u>Science Through Young Eyes</u><br>* സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ്, എക്കോ ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകൾ രൂപീകരിക്കുകയും കുട്ടികളെ ക്ലബ്ബുകളുടെ ഭാഗമാക്കുകയും ചെയ്യുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം ഉണ്ടാക്കുക. | * വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സെമിനാർസ്/ പ്രോജക്ടിന് വേണ്ടി തിരഞ്ഞെടുക്കുന്നു.<br>* ഐ.സി.റ്റി.യുടെ സഹായത്തോടെ ശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് ഒരു മാതൃകാ അവതരണം കാണിച്ചുകൊടുക്കുന്നു.<br>* കുട്ടികളെ രണ്ട് പേരടങ്ങുന്ന ടീമാക്കി വിഷയം നൽകുന്നു. തയ്യാറാക്കാനുള്ള കാലയളവ് നൽകുന്നു.<br>* ശാസ്ത്രമേള / മറ്റൊരു അവസരത്തിൽ അവതരണത്തിനുള്ള അവസരം നൽകുന്നു. |
| 2. ഭൗതികം<br>സയൻസ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂമുകൾ | ഐ.സി.റ്റിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കാൻ കഴിയുന്നില്ല, വീഡിയോ പ്രദർശനം ചെയ്യാൻ കഴിയുന്നില്ല. എല്ലാ പരീക്ഷണങ്ങളും ചെയ്തു കാണിക്കാൻ സാധിക്കുന്നില്ല. | ശേഖരിച്ചതും, നിർമ്മിച്ചതുമായവ ഉപയോഗിച്ച് ശാസ്ത്ര ലാബ് നവീകരിക്കൽ. ഹൈടെക് ക്ലാസ് മുറികൾ തയ്യാറാക്കൽ. | <u>എന്റെ ശാസ്ത്ര ലാബ്</u><br>* 5, 6, 7 പാഠഭാഗം വിനിമയം ചെയ്യാനാവശ്യമായ പഠനോപകരണങ്ങൾ, പരീക്ഷണങ്ങൾ നടത്താനാവശ്യമായ വസ്തുക്കൾ, മോഡലുകൾ എന്നിവ പട്ടികപ്പെടുത്തുന്നു.<br>* സ്ഥലസൗകര്യം നോക്കുന്നു.<br>* ആവശ്യമായ മുന്നൊരുക്കങ്ങളിലൂടെ ശാസ്ത്ര ലാബ് / ക്ലാസ് ലാബ് രൂപീകരിക്കുന്നു.<br><u>HighTech Class Rooms</u><br>* 5, 6, 7 ക്ലാസ് മുറികളിൽ ആവശ്യമായ പ്രൊജക്ടറുകൾ അനുബന്ധ വസ്തുക്കൾ പട്ടിക തയ്യാറാക്കുന്നു.<br>* പി.റ്റി.എ., എസ്.എം.സി. എന്നിവയുടെ സഹായത്തോടെ ഹൈടെക്ക് ക്ലാസ് മുറികൾ എന്ന ആശയം പൂർത്തീകരിക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| **സാമൂഹികം**<br>* പഠനോപകരണ ശില്പശാല<br>* പോർട്ട്ഫോളിയോ പ്രദർശനം<br>* മണ്ണിന്റെ pH പരിശോധന | ഓരോ പാഠഭാഗവും പഠിപ്പിക്കാനാവശ്യമായ പഠനോപകരണങ്ങളുടെ ലഭ്യത കുറവ്, പോർട്ട്ഫോളിയോയും രക്ഷിതാവും | കുട്ടിയുടെ പഠനത്തിലും, അനുബന്ധമേഖലകളിലും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക. (തനത് പ്രവർത്തനം) | Frames of Future<br>* 5, 6, 7 ക്ലാസ്സുകളിൽ കുട്ടികൾക്ക് ലഭിക്കേണ്ട ആശയങ്ങൾ, ധാരണകൾ എന്നിവ കൃത്യമായി നേടിക്കൊടുക്കുന്നു.<br>* ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട അധിക പ്രവർത്തനങ്ങൾ, വർക്ക് ഷീറ്റുകൾ, കുട്ടികളുടെ മറ്റ് സൃഷ്ടികൾ എന്നിവ പോർട്ട് ഫോളിയോയിൽ ശേഖരിക്കുന്നു.<br>* പോർട്ട്ഫോളിയോ ശേഖരണം 2nd term PTA Meeting സമയത്ത് രക്ഷിതാക്കൾക്ക് കാണാനുള്ള അവസരം ഒരുക്കുന്നു. ഇതിലൂടെ കുട്ടികളുടെ പഠനമികവുകളിൽ രക്ഷിതാക്കളെ ഭാഗഭാക്കാക്കാൻ സാധിക്കുന്നു. |
| | നിത്യജീവിതത്തിൽ കൃഷിയോടുള്ള അഭിരുചി കുറയുന്നത്. | കൃഷിയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. | മണ്ണിൽ പൊന്ന് വിളയിക്കാം<br>* ക്ലാസ്സിലെ കുട്ടികളുടെ വീടുകളിൽ നിന്നും മണ്ണ് ശേഖരിക്കുന്നു.<br>* ആവശ്യമായ മേൽനോട്ടത്തിലൂടെ മണ്ണിലെ pH പരിശോധിക്കാൻ ഏർപ്പാടാക്കുന്നു. റിസൾട്ട് ശേഖരിക്കുന്നു.<br>* ഓരോ മണ്ണിന്റെയും pH അനുസരിച്ച് കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. |

# ഗണിത ശാസ്ത്രം

## ആമുഖം

വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണ് ഗണിതശാസ്ത്രപഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ജീവിതത്തിൽ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസംപോലും കടന്നുപോകുന്നില്ല. മറ്റു വിഷയങ്ങളുടെ പഠനത്തിൽ ഗണിതശാസ്ത്രം അവിഭാജ്യഘടകമായി മാറുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ ഗണിതപഠനത്തിന്റെ ഉള്ളടക്കം ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകുന്നതും മറ്റു വിഷയങ്ങളുടെ പഠനത്തിൽ സഹായമാകുന്ന വിധത്തിലും ആയിരിക്കണം. അർഥപൂർണമായ ആശയരൂപീകരണത്തിലൂടെ കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠനസമീപനമാണ് സ്വീകരിക്കേണ്ടത്.

### ഗണിതപഠനം - ലക്ഷ്യങ്ങൾ

* ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനൊപ്പം യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം.
* ഗണിതം ആസ്വദിക്കാൻ കഴിയുന്നതിനൊപ്പം മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിതശേഷികൾ നേടാൻ കഴിയണം.
* പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് താത്പര്യം ഇവ കുട്ടിക്ക് സാധ്യമാകണം.
* അമൂർത്ത ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതും കഴിയണം.
* ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയണം.
* ഗണിതപഠനത്തിൽ ICT സാധ്യതകൾ ഉപയോഗിക്കുവാൻ കഴിയുന്നതാകണം.

### ഗണിതപഠന സമീപനം

ഗണിതപഠനം കൊണ്ട് ലക്ഷ്യമിടുന്നത് ചിന്തയുടെ ഗണിതവത്കരണമാണ്. പ്രക്രിയാബന്ധിതവും, പ്രവർത്തനാധിഷ്ഠിതവും, പരിസരബന്ധിതവും

ആയിരിക്കണം ഗണിതപഠനം. പരിചിതമായതിൽ നിന്ന് അപരിചിതമായതിലേക്ക് എന്ന ക്രമത്തിലാണ് പഠനം പുരോഗമിക്കുന്നത്. കുട്ടിയുടെ നൈസർഗികശേഷികളായ മുന്നറിവുമായി ബന്ധപ്പെടുത്തി താരതമ്യം ചെയ്യൽ, ഊഹിക്കൽ, അപഗ്രഥിക്കൽ, നിഗമനത്തിൽ എത്തിച്ചേരൽ എന്നീ തലങ്ങളിലൂടെ പഠനം കടന്നുപോകുന്നു. ഗണിതപ്രശ്ന നിർദ്ധാരണത്തിൽ കുട്ടി കടന്നുപോകുന്ന വഴികളെ വിലയിരുത്തുകയും ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്യുക വഴി യുക്തിചിന്ത വളർത്തുവാനും ഗണിതം ആസ്വദിക്കുവാനും തെറ്റുകൾ കണ്ടെത്തി ശേഷി വർദ്ധിപ്പിക്കുവാനും കുട്ടിക്ക് സാധിക്കുന്നു.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1) ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. ജ്യാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു. | * രൂപങ്ങൾ തിരിച്ചറിയുന്നില്ല<br>* കൃത്യതയില്ല | | | | * ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ അവസരമില്ല.<br>* ലാബിൽ ഉപകരണങ്ങളുടെ ലഭ്യത ക്കുറവ്.<br>* ICT സാധ്യത ഉപയോഗിക്കാൻ സാഹചര്യമില്ല.<br>* പഠനപിന്നോക്കാവസ്ഥ<br>* അടിസ്ഥാന ആശയം ഉറച്ചിട്ടില്ല. |
| 2) ചതുഷ്ക്രിയ | * അക്കജ്ഞാനമില്ല<br>* ക്രിയ ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട്. | | | | |
| 3) ഭിന്ന സംഖ്യ ദശാംശ സംഖ്യ | * ആശയ വ്യക്തതയില്ല<br>* ഭിന്നസംഖ്യകൾ ഉൾപ്പെട്ട പ്രശ്നപരിഹരണശേഷി കുറവ്. | | | | * പഠന പിന്നോക്കാവസ്ഥ<br>* ലാബിന്റെ അപര്യാപ്തത |
| 4) പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം | * നിർദ്ധാരണം ചെയ്യാൻ കഴിയുന്നില്ല. | | | | * സ്ഥാനവില, അക്കജ്ഞാനം, ചതുഷ്ക്രിയ എന്നീ ആശയങ്ങളിലുള്ള വിടവ്. |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ജ്യാമിതീയ ഉപകരണങ്ങൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്നു. | ലളിത ഗണിതം<br>ലാബിന്റെ നവീകരണത്തോടുകൂടി ജ്യാമിതീയ ഉപകരണങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട് സൂക്ഷ്മതയോടെ ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നു.<br>* ശ്രദ്ധ ക്ലാസ്സ് | ജൂൺ - ഫെബ്രുവരി | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | PTA, BRC | |
| 2 | ചതുഷ്ക്രിയ, അടിസ്ഥാന ഗണിതം | * അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>* ഗുണനക്രിയ ചെയ്യുന്നതിനുള്ള ലളിത മാർഗ്ഗങ്ങൾ പരിചയപ്പെടുത്തുന്നു.<br>* ഗണിത ക്ലിനിക്ക് | ജൂലൈ - ഒക്ടോബർ | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | SRG, PTA | |
| 3. | ഭിന്നസംഖ്യ, ദശാംശ സംഖ്യ | * ലാബിന്റെ നവീകരണം (ലാബ് ഉപകരണങ്ങളുടെ നിർമ്മാണം) | ആഗസ്റ്റ് - നവംബർ | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | PTA | |
| 4. | പ്രായോഗിക പ്രശ്ന പരിഹാരം | * വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>* നിത്യജീവിതത്തിൽ പരിചിതമായ സന്ദർഭങ്ങൾ പരിചയപ്പെടുന്നു. | ജൂൺ - ജനുവരി | സബ്ജക്ട് കൗൺസിൽ | | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| അക്കാദമികം | 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാൻ കഴിയുന്നില്ല. ജ്യാമിതീയ ഉപകരണങ്ങൾ കൃത്യതയോടെ സൂക്ഷ്മതയോടെ ഉപയോഗിക്കാൻ കഴിയുന്നില്ല. | ഗണിത ലാബ് ചുറ്റുപാടുകൾ ഇവയിലൂടെ ജ്യാമിതീയ രൂപങ്ങൾ, പ്രത്യേകതകൾ എന്നിവ നിരീക്ഷിച്ച് സവിശേഷതകൾ മനസ്സിലാക്കുന്നു. | <u>ലളിത ഗണിതം</u><br>* 5, 6 ക്ലാസ്സിലെ ഒന്നാം പാഠഭാഗവുമായി ബന്ധപ്പെട്ട് വൃത്തചിത്രങ്ങളും, പാറ്റേണുകളും വരയ്ക്കുന്നതിനും, 7-ാം ക്ലാസ്സിലെ ദ്വിമാനചിത്ര നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് ജ്യാമിതീയ ഉപകരണങ്ങൾ പരിചയപ്പെടുകയും അവയുടെ പ്രത്യേകതകൾ മനസ്സിലാക്കുകയും വ്യത്യസ്തമായ ഗണിത രൂപങ്ങൾ വരയ്ക്കാൻ പരിശീലിക്കുകയും ചെയ്യുന്നു.<br>* ഉപകരണമാതൃക ഉണ്ടാക്കുന്നു. ഇതിലൂടെ അളവ് വ്യത്യാസം മനസ്സിലാക്കുന്നു.<br>* ഓരോ ഉപകരണത്തിന്റേയും ഉപയോഗം അറിയുന്നു.<br>* ജ്യാമിതീയ പെട്ടിയിലെ ഉപകരണങ്ങൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്നു. |
| 2) 1/2, 1/4, 3/4 തുടങ്ങിയ അടിസ്ഥാന ഭിന്ന സംഖ്യ ഉൾപ്പെടെയുള്ളവ താരതമ്യം ചെയ്യാൻ കഴിയുന്നില്ല. അംശം, ഛേദം ഇവയിൽ വ്യക്തതയില്ല. | ദൈനംദിന ജീവിതം, ലാബ് ഉപകരണങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ ഇതിന്റെ അടിസ്ഥാനം ഉറപ്പാക്കുന്നു. | | <u>അടുക്കള ഗണിതം</u><br>* നിത്യോപയോഗ വസ്തുക്കളിൽ എണ്ണി തിട്ടപ്പെടുത്താൻ കഴിയുന്ന വസ്തുക്കളെ ഭാഗങ്ങളാക്കി മാറ്റി 1/2, 1/3, 1/4 തുടങ്ങിയ അടിസ്ഥാന ഭിന്നരൂപങ്ങൾ മനസ്സിലാക്കുന്നു.<br>* ഫ്രാക്ഷൻ വീലിന്റെ സഹായത്തോടെ ഈ അടിസ്ഥാന ആശയങ്ങൾ ദൃഢമാക്കുന്നു.<br>* എണ്ണി തിട്ടപ്പെടുത്താൻ കഴിയാത്ത നിത്യോപയോഗ വസ്തുക്കൾ ലഭ്യമായ അളവ് പാത്രം ഉപ |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | യോഗിച്ച് ഭാഗങ്ങളാക്കുന്നതു വഴി അളവ് കണക്കിലെ ഭിന്നസംഖ്യ, രൂപം കുട്ടിയുടെ മനസ്സിലുറയ്ക്കുന്നു. |
| 3. സങ്കലനം, വ്യവകലനം, ഗുണനം, ഹരണം അടിസ്ഥാനഗണിതം ഇവയിൽ കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. | എല്ലാ നിലവാരത്തിലും ഉൾപ്പെടുന്ന കുട്ടികൾക്കും ചതുഷ്ക്രിയ പരസഹായം കൂടാതെ ചെയ്യാൻ കഴിയുന്നു. | | ഗണിതം മധുരം – ശ്രദ്ധ ക്ലാസ്സ്<br>ജൂൺ 1, 2 വാരങ്ങളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാന ഗണിതാശയത്തിൽ വ്യക്തതയില്ലാത്ത കുട്ടികളെ തിരിച്ചറിയുന്നു. ലഘുതരം പ്രശ്നം നേരിടുന്ന കുട്ടികൾക്ക് ടീച്ചർ ക്ലാസ്സിൽ തന്നെ പരിഹാരബോധനം നടത്തുന്നു. ഗുരുതര പ്രശ്നം നേരിടുന്നവർക്ക് വർക്ക്ഷീറ്റ്, Peer grouping എന്നിവയും കൂടി നൽകുന്നു. തീവ്രപ്രശ്നബാധിതർക്ക് പ്രത്യേകമായി ശ്രദ്ധ ക്ലാസ്സ് തുടങ്ങുകയും അബാക്കസ്, ഗണിതോപകരണങ്ങൾ, ഗുണനം, ഹരണം ഇവയ്ക്ക് ലളിതമാർഗങ്ങൾ ഇവയിലൂടെ പ്രശ്നനിവാരണം കാണുന്നു. |
| സാമൂഹികം | 1. ഗണിതാശയങ്ങളിൽ വ്യക്തത ഉണ്ടെങ്കിലും പ്രായോഗിക പ്രശ്ന പരിഹരണശേഷിയില്ല. | നിത്യജീവിതത്തിൽ ഗണനചിന്താശേഷി വളർത്തുക. | Life in Touch<br>പാഠവസ്തുതകളുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നനിവാരണത്തിന് കൂടുതൽ അവസരം നൽകുന്നു. ശരാശരി, ഭിന്നസംഖ്യ, ദശാംശസംഖ്യ, ചുറ്റളവ്, പരപ്പളവ്, ലാഭം, നഷ്ടം തുടങ്ങി മേഖലകളിൽ കുട്ടികളുടെ ഗണനചിന്താശേഷി വികസിക്കുന്ന തരത്തിലുള്ള നിത്യജീവിത സന്ദർഭങ്ങൾ ക്ലാസ്സ് മുറികളിൽ നൽകുക വഴി ഏറെക്കുറെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| ഭൗതികം | ശാസ്ത്രീയമായ ലാബിന്റെ അഭാവം കുട്ടികളിൽ പഠനവിടവ് ഉണ്ടാക്കുന്നു. | ഗണിത ലാബിന്റെ ശാസ്ത്രീയ നവീകരണത്തോടുകൂടി പഠനവിടവ് നികത്തുന്നു. | പി.റ്റി.എ., ബി.ആർ.സി. ഫണ്ട് ഉപയോഗിച്ച് ലാബ് നവീകരണത്തോടൊപ്പം പാഠവുമായി ബന്ധപ്പെട്ട് കുട്ടികൾ /അദ്ധ്യാപകർ തയ്യാറാക്കുന്ന പഠനോപകരണങ്ങൾ ലാബിൽ പ്രദർശിപ്പിക്കുന്നു. |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂൾ സ്പോർട്സ് ക്ലബ്ബ് സ്കൂൾതല സ്പോർട്സ് സമിതിയുടെ രൂപീകരണം 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ നിന്ന് | ജൂൺ മാസം | സ്കൂൾതല സമിതി | ആവശ്യ മില്ല | കുട്ടികളിലെ ലീഡർഷിപ്പ് ക്വാളിറ്റി പരിശോധന. |
| 2. | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ 5 മുതൽ 7 വരെയുള്ള എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും കായിക ഉപകരണങ്ങൾ പരിചയപ്പെ ടുത്തൽ. Games and Athletics Events ഏതൊക്കെ എന്നും അതിന്റെ പ്രാധാന്യവും എല്ലാ കുട്ടികളിലും എത്തിക്കുക. | ജൂൺ മുതൽ ജൂലൈ വരെ | സ്കൂൾതല സമിതി ,, | ആവശ്യ മില്ല | ഉപകരണങ്ങ ളുടെ പേരും ഉപയോഗവും എല്ലാകുട്ടിക ളും അറി ഞ്ഞിരിക്കുക. |
| 3. | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂൾ സ്പോർട്സ് മീറ്റ് സബ്ജൂനിയർ വിഭാഗം | ജൂലൈ അവസാനം | സ്കൂൾതല സമിതി | വിദ്യാ ഭ്യാസ വികസന സമിതി | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക. |
| 4. | ആരോഗ്യ കായിക വിദ്യാഭ്യാസം | ഗെയിംസും ടീം സെലക്ഷനും (ഗെയിംസ് ഇൻട്രാമോറൽ) പങ്കെടുക്കുവാൻ അവസരം. | ആഗസ്റ്റ് ആദ്യം | സ്കൂൾ സമിതി | വിദ്യാഭ്യാ സ വിക സന സമി | മത്സരങ്ങൾ ക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കൽ |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5. | ആരോഗ്യ കായിക വിദ്യാഭ്യാസം | സബ്ജില്ല, റവന്യൂ ജില്ലാ സ്റ്റേറ്റ്, നാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം. | സെപ്റ്റംബർ ഒക്ടോബർ നവംബർ മാസങ്ങളിൽ | സ്കൂൾ സമിതി ,, | വിദ്യാഭ്യാസ വികസന സമിതി, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്ഥാപനങ്ങൾ, സ്പോൺസേഴ്സ് | വിജയം നേടുന്ന കുട്ടികളെ വിവിധ തലങ്ങളിൽ പങ്കെടുപ്പിക്കാൻ |
| 6. . | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും എയ്റോബിക്സ് എക്സർസൈസ് പഠനം. ഹൃദയ ശ്വസനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും കായികശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി. | ഡിസംബർ ജനുവരി മാസങ്ങളിൽ | സ്കൂൾ സമിതി | വിദ്യാഭ്യാസ വിക | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക. |

# പ്രവർത്തന കലണ്ടർ

## ദീർഘകാല പ്രവർത്തനങ്ങൾ

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മലയാളം | 1. വാർത്താലോകത്തേയ്ക്ക് | ജൂൺ -മാർച്ച് |
| | 2. വായനകാർഡ് വായന | ” |
| | 3. നാടകക്കളരി | ” |
| | 4. തോന്നയ്ക്കൽ എഫ്.എം. | ” |
| | 5. ഭാഷാലാബ് | ജൂൺ -ഡിസംബർ |
| English | 1. Audio-video clippings | June - March |
| | 2. Lanugage activities | ” |
| | 3. Language games and Puzzles | ” |
| | 4. Once upon a picture | ” |
| | 5. Visual Voices | ” |
| | 6. Global wednesday | ” |
| | 7. Say it smart | ” |
| | 8. Composition exercises | ” |
| ഹിന്ദി | 1. ഭാഷാലാബ് | ജൂൺ - മാർച്ച് |
| | 2. പുസ്തക വായന | ” |
| | 3. പത്ര വായന | ” |
| | 4. ക്ലബ്ബ് സജീവമാക്കൽ | ” |
| | 5. കാർട്ടൂൺ /വാർത്ത/സുരീലി ഹിന്ദി ഗാനങ്ങൾ - ആഡിയോ വിഷ്വൽ | ” |
| | | ” |
| | 6. ഹിന്ദി അസംബ്ലി | ” |
| | 7. റേഡിയോ ക്ലബ്ബ് | ” |
| | 8. റീൽസ് / ലഘുനാടകം നിർമ്മാണം | ” |
| | 9. നിഘണ്ടു നിർമ്മാണം | ” |
| | 10. വായനകാർഡ് നിർമ്മാണം | ” |
| ഗണിതം | 1. ലളിതം ഗണിതം | ജൂൺ - ഫെബ്രവരി |
| | 2. പ്രായോഗിക പ്രശ്നപരിഹാരം- വർക്ക് ഷീറ്റ് തയാറാക്കൽ | ജൂൺ - ജനുവരി |
| | 3. ശ്രദ്ധ ക്ലാസ് | ജൂലൈ - ഒക്ടോബർ |
| | 4. ഗണിത ക്ലിനിക് | ജൂലൈ - ഒക്ടോബർ |
| | 5. അബാക്കസ് ഉപയോഗിച്ചുള്ള സങ്കലനവും വ്യവകലനവും | ജൂലൈ - സെപ്റ്റംബർ |
| | 6. ഗുണനക്രിയ ചെയ്യുന്നതിനുള്ള ലളിത മാർഗ്ഗങ്ങൾ. | സെപ്റ്റംബർ-ഒക്ടോബർ |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അടിസ്ഥാന ശാസ്ത്രം | 1. ഹൈടെക് ക്ലാസ് മുറികൾ തയ്യാറാക്കൽ | ദീർഘകാലം |
| | 2. എന്റെ പരീക്ഷണ പുസ്തകം | ജൂൺ - മാർച്ച് |
| | 3. ശാസ്ത്ര വിസ്മയ ചുമർ | ജൂൺ - മാർച്ച് |
| | 4. ടരശലിരല through young eye | ജൂൺ - മാർച്ച് |
| | 5. സയൻസ് ലാബ് നവീകരണം | ആഗസ്റ്റ്-മാർച്ച് |
| | 6. പഠനോപകരണ ശില്പശാല | നവംബർ-മാർച്ച് |
| | 7. മണ്ണിന്റെ pH പരിശോധന | നവംബർ-മാർച്ച് |
| | 8. Frames of Future | നവംബർ-മാർച്ച് |
| സാമൂഹ്യ ശാസ്ത്രം | 1. അങ്കത്തട്ട് | ജൂൺ - മാർച്ച് |
| | 2. ഓർമ്മച്ചെപ്പ് | ജൂൺ - മാർച്ച് |
| | 3. പുതുചക്രവാളത്തിലേയ്ക്ക് | ജൂൺ - മാർച്ച് |
| | 4. ഭൂപടവായന | ജൂലൈ - മാർച്ച് |
| | 5. മാതൃകാ പാർലമെന്റ് | ആഗസ്റ്റ് - മാർച്ച് |
| ആരോഗ്യ കായിക വിദ്യാഭ്യാസം | 1. കായിക ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | ജൂൺ - ജൂലൈ |
| | 2. സബ്ജില്ലാതലം മുതലുള്ള മത്സരങ്ങൾക്കുള്ള പരിശീലനം | സെപ്റ്റംബർ മുതൽ (തുടർപ്രവർത്തനം) |
| | 3. എയ്റോബിക്സ് എക്സർസൈസ് പരിശീലനം | ഡിസംബർ-ജനുവരി |
| മലയാളം | 1. എന്റെ അവധിക്കാലം | ജൂൺ |
| | 2. ഭാഷാകേളി | ജൂൺ |
| | 3. മലയാളത്തിളക്കം | ജൂലൈ |
| | 4. സാഹിത്യകാരൻമാരുമായി അഭിമുഖം (വർഷത്തിൽ 2 തവണ) | ജൂലൈ-, ആഗസ്റ്റ് |
| | 5. മലയാളം കംപ്യൂട്ടിംഗ് | ഫെബ്രുവരി |
| ഹിന്ദി | 1. അക്ഷരജ്ഞാനം | ജൂൺ |
| | 2. ഗ്രൂപ്പുതലവായന | ജൂൺ |
| | 3. വായന മത്സരങ്ങൾ | ജൂൺ |
| | 4. ഹിന്ദി ഫെസ്റ്റ് | സെപ്റ്റംബർ |
| അടിസ്ഥാന ശാസ്തം | 1. അറിവിനായൊരു യാത്ര | ജൂലൈ |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സാമൂഹ്യ ശാസ്ത്രം | 1. റോഡ് സുരക്ഷ-ബോധവൽക്കരണ ക്ലാസ് | ജൂലൈ |
| | 2. വിർചൽ ഫീൽഡ് ട്രിപ്പ് | ആഗസ്റ്റ് |
| | 3. വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേയ്ക്ക് | ആഗസ്റ്റ് |
| | 4. നന്മയുടെ നുറുങ്ങുവെട്ടം | ആഗസ്റ്റ് |
| | 5. നവോത്ഥാനത്തെ അറിയാൻ | സെപ്റ്റംബർ |
| | 6. പ്രകൃതിതാണ്ഡവം നേർക്കാഴ്ച | ഒക്ടോബർ |
| | 7. രക്ഷാപ്രവർത്തനം ഡമോൺസ്ട്രേഷൻ ക്ലാസ്സ് | ഒക്ടോബർ |
| | 8. ഭരണഘടനയെ അറിയാം | നവംബർ |
| | 9. സ്കൂൾ ഭരണഘടന നിർമ്മാണം | നവംബർ |
| | 10. ഫീൽഡ് ട്രിപ്പ് | ഡിസംബർ |
| | 11. സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ്സ് | ജനുവരി |
| ആരോഗ്യ കായിക വിദ്യാഭ്യാസം | 1. സ്പോർട്സ് ക്ലബ്ബ് രൂപീകരണം | ജൂൺ |
| | 2. സ്പോർട്സ് മീറ്റ് | ജൂലൈ |
| | 3. ഗെയിംസ് ടീം സെലക്ഷൻ | ആഗസ്റ്റ് |

# എച്ച്.എസ്. വിഭാഗം

# മലയാളം

## ആമുഖം

ഹൈസ്കൂൾ ക്ലാസ്സുകളിലേയ്ക്ക് എത്തുന്ന കുട്ടികളിൽ ഭൂരിഭാഗവും മുൻക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ നേടിയെടുത്തല്ല ഇവിടേക്ക് എത്തുന്നത്. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ എല്ലാ കുട്ടികളും വായനയുടെയും എഴുത്തിന്റെയും ലോകത്തിലേക്ക് ഉയരേണ്ടതായിട്ടുണ്ട്. ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി, ആശയ വ്യക്തതയോടെ എഴുതാനുള്ള ശേഷി, വിവിധ വ്യവഹാരത്തിലുള്ള സൃഷ്ടികൾ വായിച്ച് ആസ്വദിക്കാനുള്ള ശേഷി ഒരു വ്യവഹാരത്തിൽ നിന്ന് മറ്റൊരു വ്യവഹാരത്തിലേക്ക് മാറ്റാനുള്ള ശേഷി, സ്വതന്ത്ര രചനയ്ക്കുള്ള ശേഷി ഇങ്ങനെ മലയാള ഭാഷാപരമായ ശേഷികളുടെ വികസനമാണ് പ്രധാനമായും ലക്ഷ്യമാക്കുന്നത്.

## സമീപനവും ലക്ഷ്യവും

ശൈശവഘട്ടത്തിൽ ജീവിതപരിസരത്തിൽ നിന്ന് ആർജ്ജിക്കുന്ന ഭാഷയാണ് മാതൃഭാഷ. വികാരവിചാരങ്ങൾ പ്രതിഫലിപ്പിക്കാൻ മാതൃഭാഷയാണ് ഉചിതം. അറിവ് നിർമ്മാണപ്രക്രിയയിൽ കുട്ടിയെ ആത്മവിശ്വാസത്തോടെ സ്വയംപഠനത്തിലേയ്ക്ക് നയിക്കുന്നതിന് മാതൃഭാഷ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. ജീവിതപരിസരത്തുനിന്ന് ആർജ്ജിച്ചെടുക്കുന്ന ഭാഷ ചിന്തയുടെ മാധ്യമം എന്ന നിലയിലാണ് പ്രയോഗിക്കേണ്ടത്.

പ്രൈമറിതലം മുതൽ ഓരോഘട്ടത്തിലും കുട്ടികൾ വിവിധ ഭാഷാശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. ലിംഗനീതിയിൽ അധിഷ്ഠിതമായ സാമൂഹികക്രമത്തിലേക്ക് പഠിതാക്കളെ നയിക്കുന്നതിന് ഉതകുന്ന സാഹിത്യരചനകളും അനുബന്ധപ്രവർത്തനങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഭാഷയുടെ സ്വാഭാവികതയിലാണ് വ്യാകരണം കൂടുതൽ മികവുറ്റതായി നിലകൊള്ളുന്നതെന്ന് ബോധ്യപ്പെടുംവിധം ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് അവസരം ഉണ്ടാകണം.

ഭാഷാവിദ്യാഭ്യാസം വ്യക്തിയുടെയും സമൂഹത്തിന്റെയും വികാസത്തിന് അത്യന്താപേക്ഷിതമാണ്. ഭാഷകൾ അറിവ് നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ആശയങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാനും സർഗ്ഗാത്മകത വികസിപ്പിക്കാനും യുക്തിസഹമായി ചിന്തിക്കാനും ഉത്തമബോധത്തോടെയുള്ള തിരഞ്ഞെടുപ്പുകൾ നടത്താനും അതിനനുസരിച്ച് പ്രവർത്തിക്കുവാനുമുള്ള കഴിവ് ഭാഷാവിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.

ഭാഷയുടെ സൗന്ദര്യാത്മകതലങ്ങളുടെ ആസ്വാദനത്തിനും വാചികവും ലിഖിതവുമായ ഭാഷാപ്രയോഗങ്ങളെ സർഗാത്മകവും ഭാവനാത്മകവുമായി രൂപപ്പെടുന്നതിനും പരിശീലിപ്പിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഭാഷാപഠനം ലക്ഷ്യമിടുന്നു.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1 എഴുത്ത് | * അക്ഷജ്ഞാനമില്ലായ്മ<br>* വ്യവഹാര രൂപങ്ങൾ ഫലപ്രദമായി എഴുതി അവതരിപ്പിക്കാനുള്ള ശേഷിക്കുറവ്. | | ✓ | | * മുൻ ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല.<br>* കുടിയേറ്റക്കാരായ കുട്ടികൾക്ക് ഭാഷയിലുള്ള അപര്യാപ്തത.<br>* ആത്മവിശ്വാസക്കുറവ്<br>* ചിഹ്നങ്ങൾ ഉപയോഗിക്കാനുള്ള അറിവില്ലായ്മ. |
| 2. വായന | * കഠിനപദങ്ങൾ വായിക്കാനുള്ള അറിവില്ലായ്മ.<br>* ഉചിതമായ ചിഹ്നങ്ങൾചേർത്ത് അക്ഷരത്തെറ്റില്ലാതെ വായിക്കുന്നതിലുള്ള അപര്യാപ്തത. | ✓ | | | * ലൈബ്രറി വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.<br>* വായനയുടെയും അനുഭവങ്ങളുടെയും കുറവ്.<br>* മാതൃഭാഷയോടുള്ള താല്പര്യമില്ലായ്മ.<br>* ആത്മവിശ്വാസമില്ലായ്മ.<br>* ഗാർഹിക പ്രശ്നം.<br>* രക്ഷിതാക്കളുടെ അറിവില്ലായ്മ. |
| 3. സർഗ്ഗാത്മമക പ്രവർത്തനം | * വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. | | ✓ | | * ആത്മവിശ്വാമില്ലായ്മ.<br>* സമയക്കുറവ്<br>* പ്രോത്സാഹനക്കുറവ്<br>* താല്പര്യമില്ലായ്മ. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1. എല്ലാ കുട്ടികളെയും പരിഗണിക്കുന്ന ക്ലാസ്സ് ആസൂത്രണം | പഠനാന്തരീക്ഷം<br>ചർച്ച, സംവാദം തുടങ്ങിയ പ്രവർത്തനങ്ങൾ സാധ്യമല്ല. | ✓ | | | * സമയക്കുറവ്<br>* കുട്ടികളുടെ എണ്ണം കൂടുതൽ<br>* ക്ലാസ് മുറികളുടെ വലുപ്പക്കുറവ്<br>* സ്ഥല പരിമിതി |
| 2. അടിസ്ഥാനശേഷി വികസന പരിപാടി | പഠനപിന്നാക്കം നിൽക്കുന്ന കുട്ടികൾ തുടർച്ചയായി ക്ലാസ്സിൽ ഹാജരാകുന്നില്ല. | | ✓ | | * കുടുംബപ്രശ്നങ്ങൾ<br>* എഴുത്തും വായനയും അറിയാത്ത രക്ഷിതാക്കൾ.<br>* രക്ഷിതാക്കൾക്ക് ശരിയായ ബോധവത്കരണം ലഭ്യമാകുന്നില്ല. |
| 3. ഐ.സി.റ്റി. സാധ്യതകൾ | * പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്.<br>* പഠനപ്രവർത്തങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് ഐ.സി.ടി. സൗകര്യമുള്ള ക്ലാസ് മുറികളുടെ അഭാവം.<br>* മലയാളം ടൈപ്പിംഗിലുള്ള അഭാവം.<br>അധ്യാപകർ<br>* സമയക്കുറവ് | | ✓ | | * പല ക്ലാസ്സ് മുറികളിലും ഐ.സി.ടി. ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല.<br>* ഇന്റർനെറ്റ് സൗകര്യം ക്ലാസ് മുറികളിൽ ലഭ്യമല്ല. |
| 1. സർഗ്ഗാത്മക പ്രവർത്തനങ്ങൾ | * എല്ലാ കുട്ടികളെയും പരിഗണിച്ച് ക്ലാസ്സുകൾ കൊണ്ടുപോകുവാൻ കഴിയുന്നില്ല. | ✓ | | | * വേണ്ടത്ര പ്രാധാന്യം പലപ്പോഴും നൽകാൻ കഴിയുന്നില്ല.<br>* കുട്ടികളുടെ എണ്ണക്കൂടുതൽ. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 2. ദൈനംദിനാസൂത്രണം സമഗ്രാസൂത്രണം | * എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കാൻ കഴിയുന്നില്ല.<br>* അതുപോലെ നൽകാൻ കഴിയുന്നില്ല. | | ✓ | | * സമയക്കുറവ്<br>* അച്ചടക്ക പ്രശ്നങ്ങൾ. |
| | ഭൗതിക സാഹചര്യങ്ങൾ | | | | |
| 1. ലൈബ്രറി സൗകര്യം | ലൈബ്രറിയിൽ ഇരുന്ന് വായിക്കാനുള്ള സാഹചര്യമില്ല | | ✓ | | * ലൈബ്രറിയുടെ വലിപ്പക്കുറവ്<br>* ഭൗതികസാഹചര്യങ്ങളുടെ അഭാവം |
| 2. ലാംഗ്വേജ് ലാബ് | ഇല്ല<br>ചർച്ച, സംവാദം മുതലായവ നടത്താനുള്ള സൗകര്യമില്ല. | | ✓ | | * സാമ്പത്തികം |
| 3. മിനി തീയേറ്റർ | നാടക പരിശീലനം, സിനിമ, ശില്പശാലകൾ എന്നിവ പ്രദർശിപ്പിക്കാനും പരിശീലിപ്പിക്കാനും കഴിയുന്നില്ല. | | ✓ | | * സ്ഥലപരിമിതി |
| | സാമൂഹിക ഇടപെടൽ | | | | |
| * രക്ഷകർത്താക്കൾ | സ്കൂളുമായുള്ള ബന്ധം കുറവ് | | ✓ | | * രക്ഷകർത്താക്കൾ പലപ്പോഴും കുട്ടികളുടെ നിലവാരം പരിഗണിക്കുന്നില്ല.<br>* സ്കൂളുകളിൽ വരുന്നത് കുറവ്. |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | എഴുത്ത് | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണ്ണയിക്കൽ<br>അക്ഷര ക്ലാസ്സ്<br>അക്ഷരങ്ങളിൽ നിന്നും വാക്കുകളിലേയ്ക്ക് വായനക്കാർഡ് നിർമ്മാണം<br>സർഗ്ഗശേഷി വികസനം<br>കോപ്പി എഴുതുക<br>സ്വതന്ത്ര രചന | എല്ലാ മാസവും | അധ്യാപകർ | 1000/- | |
| 2. | വായന | ക്ലാസ് ലൈബ്രറി രൂപീകരണം, വായന മൂല<br>വായനയ്ക്ക് പ്രത്യേക സമയം കണ്ടെത്തി വായനകാർഡുകൾ നിർമ്മിക്കുന്നു. ലാംഗ്വേജ് ലാബ് നിർമ്മാണം, ഭാഷാപഠനം പ്രോത്സാഹിപ്പിക്കുന്നു.<br>മികച്ച രചനകൾ പരിചയപ്പെടുത്തുന്നു.<br>ഇ-വായന സാധ്യത<br>പതിപ്പുകൾ നിർമ്മാണം. | | പി.റ്റി.എ. എസ്എം.സി.<br>അധ്യാപകർ | 100000/-<br>1000/- | |
| 3. | കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ | സർഗ്ഗാത്മക സൃഷ്ടികൾ പരിചയപ്പെടുത്തുന്നു. വിവിധ രചനകൾക്ക് അവസരം നൽകുന്നു.<br>കൈയെഴുത്തു മാസിക | | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | തിരഞ്ഞെടുത്ത പാഠഭാഗങ്ങളുടെ നാടകീകരണം, സെമിനാർ കവിതാലാപനം, മികച്ച സൃഷ്ടികൾ വായിച്ച് വായനക്കുറിപ്പുകൾ തയ്യാറാക്കൽ, പ്രാദേശിക കലകളെ പ്രോത്സാഹിപ്പിക്കണം. | | അധ്യാപകർ | | |
| | | വിവിധ കലകൾ, കലാകാരന്മാർക്ക് പ്രകടിപ്പിക്കാനുള്ള (ഡെമോൺസ്ട്രേഷൻ) വേദി നൽകൽ | 1 വർഷം | പി.റ്റി.എ.<br>അധ്യാപകർ | 50,000/- | |
| | | സാഹിത്യകാരന്മാരുമായി അഭിമുഖം സംഘടിപ്പിക്കൽ.<br>അധ്യാപകർ<br>പഠനാന്തരീക്ഷം | 1 വർഷം | പി.റ്റി.എ. | 1,00,000/- | |
| 4 | ക്ലാസ്സ് മുറികളുടെ സജ്ജീകരണം | ഐ.സി.റ്റി. സംവിധാനം, ചർച്ച സംവാദം, നാടകം, എന്നിവ സംഘടിപ്പിക്കുമ്പോൾ സ്ഥലപരിമിതികൾ ഉണ്ടാകുന്നു. പകരം സംവിധാനം ഉണ്ടാക്കൽ. | 1 വർഷം | പി.റ്റി.എ. | 50000/- | |
| 5 | ഐ.സി.റ്റി. ഉപയോഗം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട റിസോഴ്സുകൾ കൂടുതൽ ലഭ്യമാക്കൽ | | | | |
| 6 | ലൈബ്രറി സജ്ജീകരണം | ഇരുന്ന് വായിക്കാനുള്ള സൗകര്യം<br>വായനക്കുറിപ്പ് തയ്യാറാക്കൽ<br>ക്ലാസ് ലൈബ്രറി<br>വായന മൂല | 6 മാസം | പി.റ്റി.എ. | 10,000/- | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 7 | ദൃശ്യഭാഷ അറിയുന്നതിന് | മിനി തിയേറ്റർ നിർമ്മിക്കുക<br>അധ്യാപകർ | 3 വർഷം | പി.റ്റി.എ.<br>എസ്.എം.സി.<br>അധ്യാപകർ<br>പൂർവവിദ്യാർത്ഥികൾ<br>പഞ്ചായത്ത് | 15,00,000/- | |
| 8 | അധ്യാപക പരിശീലനം | പ്രക്രിയാബന്ധിതവും ശിശു കേന്ദ്രീകൃതവും ഐ.സി.റ്റി. അധിഷ്ഠിതവുമായ ആസൂത്രണം ഭിന്ന ശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികും അക്കാദമികവുമായ പ്രശ്നങ്ങൾ കണ്ടെത്തി വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ. | 6 മാസം | കൈറ്റ്സ് | 20,000/- | |
| 9 | പഠനനിലവാരം മെച്ചപ്പെടുത്തൽ. | എല്ലാ കുട്ടികളെയും പരിഗണിക്കു ക്ലാസ് ആസൂത്രണം.<br>രക്ഷിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികൾ<br>വായനശീലം വളർത്തുക.<br>നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കാനായി സ്കൂൾ സമയം കഴിഞ്ഞും ലൈബ്രറി പ്രവർത്തിപ്പിക്കുക. | ആവശ്യാനുസരണം | ഭാഷാധ്യാപകർ | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 10 | ക്ലാസ് ലൈബ്രറി സജ്ജീകരണം | ഭൗതിക സാഹചര്യം<br>ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | 1 വർഷം | ഭാഷാധ്യാപകൻ | | |
| 11. | ലാംഗ്വേജ് ലാബ് | ലാംഗ്വേജ് ലാബ് നിലവിൽ ഇല്ല ആവശ്യമാണ്. | 1 വർഷം | പി.റ്റി.എ. | 1 ലക്ഷം | |
| 12 | വിദ്യാർത്ഥി സൗഹൃദക്ലാസ്സ് | പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിയോഗം ചെയ്യുന്നതിന് സഹായകമായ സ്ഥലസൗകര്യം ഒരുക്കൽ. ഐ.സി.റ്റി. സൗകര്യമുള്ള ക്ലാസ് മുറികൾ. | 1 വർഷം | പി.റ്റി.എ.<br>എസ്.എം.സി. | 2 ലക്ഷം | |
| 13 | പി.റ്റി.എ., എസ്.എം.സി. | സാമൂഹിക ഇടപെടൽ<br>ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് വഴി ക്ലാസ്സ് | 1 വർഷം | അധ്യാപകർ<br>പി.റ്റി.എ. | 10,000/- | |
| 14 | പൊതുപ്രവർത്തനം | കുട്ടികളുടെ സർഗ്ഗാത്മക രചന പ്രസിദ്ധീകരിക്കൽ<br>കവിതകളുടെ സമാഹാരം. | പ്രസിദ്ധീകരിക്കൽ | | | |

# ഇംഗ്ലീഷ്

## PREFACE

English is a global language, widely used in international communication, business, science and technology. Proficiency in English enables students to connect with people from diverse backgrounds and cultures. English language skills are highly valued by employers, particularly in industries like business, finance, tourism and international relations, students with strong English skills have better job prospects and career advancement opportunities. Moreover, it provides increased access to technology and innovation, as English is the primary language of coding and technological advancements. Furthermore, learning English promotes the development of soft skills like communication, teamwork and problem solving. So, incorporating English language skills in school curricula is crucial for students' future success.

**English Language learning Objectives**

* Acquiring signs, symbols and other tools that enhance cognitve processes like observation, memory and attention.
* Learns language in authentic settings where learners can internalize language as a semiotic system.
* Encouraging learners to develop a love for reading.
* Developing their creative skills and appreciate literature.
* Learners are introduced to global literature from diverse backgrounds to foster global awareness.
* Familiarizing learners with diverse courses and job opportunities.
* Helps learners to focus on constructing knowledge and promotes them to use English confidently.
* Fostering essential skills like communication, problem showing and emotional intelligence, while promoting noble values like empathy, sympathy and gratitude.
* Addressing the dverse needs of all learners, regardless of their skills, aptitudes and attitudes, to create a safe and inclusive classroom environment.
* Placing language instructions in real life situations, using authentic texts, discussions, and task to help learners understand language in context.
* Recognizing learners as the builders and creators of meaning and knowledge, with teachers acting as scaffolders to promote diverse thinking and problem solving skills.

## CHALLENGES / ISSUES IN LEARNING THE ENGLISH LANGUAGE

| Area | Challenges / Issues | Status | | | Reasons |
|---|---|---|---|---|---|
| | | Mild | Serious | Intense | |
| 1. Listening | * Trouble in understanding phonetic sounds.<br>* Struggle to understand spoken English, follow instructions or comprehend texts. | | ✓ | | * Insufficient exposure to spoken English, esp. Malayalam medium.<br>* Students won't get enough exposure to English language.<br>* Influence of mother tongue.<br>* Learners' lack of prior knowledge of English language skills. |
| 2. Speaking | * Fear or hesitation to speak in English.<br>* Limited vocabulary<br>* Struggling with English grammar rules.<br>* Trouble with accurate pronunciation. | | ✓ | | * Learners may have fear of making mistakes while speaking and their embarrasment.<br>* Lack of exposure.<br>* Influence of native language patterns, vocabulary and grammar.<br>* lack of reading.<br>* lack of repetition of skills. |
| 3)Reading | * Difficulties in understanding signs, symbols and letters of English language.<br>* Trouble in reading with a natural, pace, rhythm and expression. | | ✓ | | * unfamiliarity with English scripts.<br>* Native language influence.<br>* Lack of prior knowledge.<br>* Lack of interest in reading texts.<br>* Anxiety or stress to read aloud.<br>* Lack self confidence. |

| Area | Challenges / Issues | Status | | | Reasons |
|---|---|---|---|---|---|
| | | Mild | Serious | Intense | |
| | * difficulty in understanding and comprehending texts. | | ✓ | | * Insufficient practice |
| 4) Writing | Many of the students are inefficient in language skills like listening, speaking and reading which eventually overturns writing skills.<br>* difficult to organise ideas, and follow a clear structure.<br>* Grammar, syntax and vocabulary errors.<br>* Trouble with spelling, punctuation etc. | | ✓<br>✓ | | * Lack of other language skills.<br>* Influence of native language and its syntax.<br>* Lack of planning and outlining.<br>* Carelessness or rushing through writing.<br>* Lack of understanding of the topic.<br>* Limited exposure to English language or practice opportunities.<br>* Difficulty staying motivated or engaged.<br>* Lack of reading. |
| Learning Environment | * Lack of complete engagement of each student in classroom activities | | ✓ | | * the large class size makes it challenging for the teacher to provide individual attention to each student. |
| Physical Environment | * Lack of language lab<br>* Insufficient seating arrangements, lighting and noise levels. | | ✓ | | * insufficient space<br>* Children's abundance in a class. |

# MASTER PLAN

| Sl. No. | Area | Activities | Duration | Administrative Duty | Expendi-ture | Re-marks |
|---|---|---|---|---|---|---|
| 1. | Listening | Let's Listen : Listen to a podcast or audio clip and answer questions.<br>Listen and Repeat : Repeat phrases or sentences after a speaker.<br>Audio scavenger Hunt : Find and identify specific words or phrases in an audio clip.<br>News Time : Give time to listen to English News. | 1 year | Concerned Teachers | | |
| 2. | Speaking | Drama Queens / Kings : Students act out given sceneries. Role plays based on the textual activities.<br>Come to Rhythm : Receitation (English) competition.<br>One man Show : Conducting speech on various topics.<br>I too can ! - Tongue twisters<br>Debate Frenzy: Students debate topics in teams.<br>Talk time : Students have timed conversations. | 1 year | Concerned Teachers English Club | | |
| 3. | Reading | Text Trek: Students read and navigate through a text.<br>Word wizards: Students learn and | 1 year | Concerned Teachers | | |

| Sl. No. | Area | Activities | Duration | Administrative Duty | Expendi-ture | Re-marks |
|---|---|---|---|---|---|---|
| | | practice new vocabulary.<br>Book Buzz : Students discuss and review books.<br>OR<br>Review prsentation competition<br>Ready to Read : Speed reading competitions.<br>News Hour: English news reading in class. | 1 year | English Club Concerned Teachers | | |
| 4. | Writing | Story Starters : Students write stories based on prompts.<br>Poetry Palooza: Students write and share poetry.<br>Make your case : Students write persuasive essays (Competition)<br>Let's Pst : Prepare digital posters. (Poster competition) | 1 year | English Club Concerned Teachers | | |
| 5. | Innovative works | The Pulse :Prepare a newspaper in English based on some events happened in school.<br>The blogging Hub: Create an open blog for each class for students to publish their innovative works.<br>Tune In: Prepare and present ad-jingles (Competition) | 1 year | English Club Concerned Teachers | | |

# ACTION PLAN

| Area | Issue | Objective | Activities / Programmes in Detail |
|---|---|---|---|
| I) Academic<br>a) Listening | * Trouble in understanding Phonetic sounds.<br>* Struggle to follow spoken English, Instructions or texts. | * Equip the learners to become good listeners. | June : Foundation Building<br>Let's Listen<br>* Play short audio clips (2-3 mins) on familiar topics.<br>* Ask 3-5 comprehension questions (MCQS or True / False)<br>Listen and Repeat<br>* Give daily expressions or greetings.<br>* Students are asked to repeat with correct pronunciation.<br>July : Beginer Level<br>News Time<br>* Play simplified English news.<br>* Asks them to identify some given words / New words.<br>August : Vocabulary Building<br>Audio Scavenger Heart<br>* Give some simple audio clips (3-5 mins.) to listen carefully.<br>* Give some words from the audio.<br>* Play the audio once again to identify the contextual meaning of those words.<br>September : Listen and Repeat exercise once again. |

| Area | Issue | Objective | Activities / Programmes in Detail |
|---|---|---|---|
| | | | October : News Time<br>Group students and let them summarise the news orally.<br>November : Listen and repeat (Extended Activity)<br>Listen carefully and perform the content as role play. |
| 2. Speaking | * Fear or hesitation to speak in English.<br>* Limited vocabulary<br>* Struggling with English grammar rules.<br>* trouble with accurate pronunciation. | * develop confidence<br>* exposure to English language.<br>* learning by doing / speaking. | June : Talk Time<br>* Simple dialogues & short exchanges. Pair students for everyday dialogues use flash cards / prompts.<br>July : I Too Can !<br>* Pronunciation and fluency. Start with easy tongue twisters; move to difficult one weekly. Use it as a competition.<br>August : Drama Queens / Kings<br>* Expression, voice modulation and emotion Assign textbook scenes or simpel skits for students to enact in groups. |
| | | * Public speaking and confidence building | September : One man show<br>Weekly solo speeches on topics from text book or some other interesting topics. |

| Area | Issue | Objective | Activities / Programmes in Detail |
|---|---|---|---|
| | | * to build rhythm, intonation and pitch in speaking.<br>* develop reciting skills. | October : <u>Come to Rhythm</u><br>Organize a poetry recitation contest.<br>Let students choose or assign age-level poems. |
| | | * To enhance team work argumentative speaking<br>* To express opinions and stick on to views. | November : <u>Debate Frenzy</u><br>Divide class into teams.<br>Topics can be given based on their text book and the themes from their assigned chapters. |
| | | * To improve acting skills. | December: <u>Drama Queens/Kings</u><br>(Extended Activities)<br>Improvised skits or scenes with given situations. |
| | | * To improve presentation skills. | January : <u>One man show (Extempore)</u><br>Extempore speeches / presentations for 3 minutes. |
| | | * To speak in practical situations | February : <u>Talk Time</u><br>Conduct simulations like interviews, announcments or role playing.<br>OR<br>Anchoring a programme that is conducted in class or school. |

| Area | Issue | Objective | Activities / Programmes in Detail |
|---|---|---|---|
| 3. Reading | * difficulties in understanding signs, symbols and letters of English language | * to improve the basis of English language.<br><br><br><br>* to familizrize the text.<br><br>* to enhance reading skill.<br><br>* to improve the pace in reading.<br>* to focus reading skill<br><br>* to review a text<br>* to share opinions freely.<br>* to read aloud with correct expressions.<br>* to enhane social awareness. | June : <u>Teaching English Alphabets</u><br>Through letter games teach the English alphabets,<br>July : <u>Word Wizard</u><br>Weekly introduction of 5-10 new words with games, puzzles or vocabulary charts<br>August : <u>Introduce small texts</u><br>Asks the learners to find the words they have learned in the given text.<br>Septemper : <u>Text Trek</u><br>Navigate through the given text to Answer the following questions.<br>October : <u>Ready to read</u><br>Timed reading challenges using short stories or articless. Track reading using a timer. Can be conducted as a competition.<br>November : <u>Book Buzz.</u><br>Group students to prepare a review of a given book or chapter.<br>December : <u>News Hour</u><br>Assign students to collect English news and to read aloud in class with proper tone, volume and clarity.<br>The above activities cna be given in |

| Area | Issue | Objective | Activities / Programmes in Detail |
|---|---|---|---|
| 4. Writing | * difficult to organize idea;s abd follow a clear structure. | * to make them under stand sentence stuctures in English. | June : <u>start with small sentences</u><br>Give the learners some simple sentences. Ask them to create similar sentences by changing only the subject.<br>advanced formate in following months.<br>Conducting pre-test. |
| | * influence of mother tongue and its structure. | | Repeat the exercise by giving different commands to change and use different verbs and objects till they understand the SVO pattern of sentence. |
| | * Grammar, syntax and vocabulary errors. | * to internalise the structure and grammar. | July: <u>Grammar gamess</u><br>Divide students into groups and provide simple grammar games and gap filling and matching exercises to internalise basic grammar. These activities can be continued in August. |
| | * issues in expressing ideas | * creative expression and imagination | September : <u>Story starters</u><br>Give prompts like “One day I woke up invisible”.. students develop their own stories in groups |
| | | * to develop poetic expression.<br>* to internalise poetic structure | October : <u>Poetry Palooza</u><br>Students write the remaining lines of a given poem<br>OR |

| Area | Issue | Objective | Activities / Programmes in Detail |
|---|---|---|---|
| | | * to write and opine about a topic<br>* incorporating digital medium.<br>* developing visual writing skills. | Students write and recite original poems based on simple themes.<br>November : Make Your Case<br>Conduct persuasive essay competition.<br>December : Let's Post<br>Create digital posters on themes from the text.<br>January : Caption wirting.<br>giving captions or catchy title to pictures. |
| | 5) Innovative works | * learning to use English as a job opportunity.<br>* to use language in a crisp and clear manner.<br>* to use digital equip ments for creative expression. | Every month : The Pulse<br>Prepare an English monthly newspaper to report school events, student intervies, fun facts etc. Those students who can draw can include their pictures also.<br>Competition : June in (Jingle writing)<br>Students write catchy and jingles for imaginary or real products.<br>Present with music beats.<br>The Blogger's Hub- yearly<br>Compiling and presenting selected works through a school English club blog. Later can be consolidated as an e-magazine or printed version. |

| Area | Issue | Objective | Activities / Programmes in Detail |
|---|---|---|---|
| II) Infrastructure<br>1) Learning Envi ronment | * lack of complete engate ment of each student in classroom activities | * effective engage ment of all students in classroom activities. | * reduce the number of students in higher classes. |
| 2) Physical Environment | * lack of language lab<br><br>* insufficient seating arrangements, lighting and noise levels. | * language labs help students to effective listen and use language.<br>* helps to focus. | * provide enough rooms to set a language lab.<br>* Provide smartroom equipments in all classes.<br><br>* reduce the number of students in a class.<br>* set a language lab.<br>* set smart rooms fro all classes.<br>Bulletin Board - English Corner - Infrastructure<br>Library - Class library - Books in English language<br>Ensuring their reading<br>Special Library for Englsih, Library period to read English books.<br>Visiting library - British library - Field visit<br>introducing books baned on new trends in English language and literature.<br>Class assembly - Academy Reading |

# ഹിന്ദി

## ആമുഖം

വൈജ്ഞാനിക വികാസത്തിനും ആഴത്തിലുള്ള സാംസ്കാരിക ധാരണ വളർത്തുന്നതിനും തൊഴിൽ അവസരങ്ങൾ വിശാലമാക്കുന്നതിനും ഭാഷകൾ പഠിക്കുന്നത് നിർണായകമാണ്. ഇത് ആശയവിനിമയം, ഓർമ്മശക്തി, പ്രശ്ന പരിഹാരകഴിവുകൾ എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഭാഷാപഠനത്തിലൂടെ സാമൂഹികതലത്തിലും സാംസ്കാരികതലത്തിലും സർഗാത്മകതലത്തിലും മാറ്റങ്ങൾ ഉണ്ടാകുന്നു. സാമൂഹിക ഇടപെടൽ കാര്യക്ഷമമാകുന്നു. ഭാഷാപഠനത്തിലൂടെ സാംസ്കാരിക മൂല്യങ്ങൾ ഉൾക്കൊള്ളാൻ സാധിക്കും.

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഹിന്ദി ഭാഷ മൂന്നാം ഭാഷയായാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്. അഞ്ചാം ക്ലാസ്സ് മുതലാണ് ഹിന്ദി ഭാഷ പഠിച്ചുതുടങ്ങുന്നത്. ഭാഷാനൈപുണികൾ ആർജ്ജിക്കുക എന്നതാണ് പഠന നേട്ടമായി ഉദ്ദേശിക്കുന്നത്. മറ്റൊരു പ്രധാന ഉദ്ദേശ്യം ദേശീയോദ്ഗ്രഥനം വളർത്തുകയും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ളവരുമായി പ്രത്യേകിച്ച് ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങളിൽ നിന്നുള്ളവരുമായി ആശയവിനിമയം സുഗമമാക്കുകയും ചെയ്യുക എന്നതാണ്. വൈജ്ഞാനിക വികസനം മെച്ചപ്പെടുത്തുക, ആശയവിനിമയകഴിവുകൾ വർദ്ധിപ്പിക്കുക, ഇന്ത്യൻ പൈതൃകത്തെയും സംസ്കാരത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ വിശാലമാക്കുക എന്നിവയും ലക്ഷ്യമിടുന്നു.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1) വായന | * ഹിന്ദി പുസ്തകങ്ങൾ വായിക്കാൻ താല്പര്യക്കുറവ്<br>* സ്വന്തമായി ഹിന്ദി പുസ്തകങ്ങൾ വായിച്ച് ആശയ ഗ്രഹണം നടത്താൻ സാധിക്കുന്നില്ല.<br>* വിദ്യാർത്ഥികളിൽ അധിക വായന ഇല്ല. | | ✓ | | * ഹിന്ദി അക്ഷരങ്ങൾ ഉറപ്പിച്ചിട്ടില്ല.<br>* ഹിന്ദിയിൽ ആകർഷകമായ വായനാ സാമഗ്രികൾ ലഭ്യമല്ല.<br>* ലൈബ്രറിയിൽ ഐ.സി.റ്റി. സാധ്യമായ റിസോഴ്സുകൾ ലഭ്യമല്ല.<br>* രക്ഷിതാവിന് പഠനപിന്തുണ നൽകാൻ സാധിക്കാറില്ല. അതിനാൽ ഹിന്ദി പിരീഡ് വർദ്ധിപ്പിക്കുക. |
| 2) ശ്രവണം<br><br>3) സംസാരം | ഹിന്ദി ഭാഷ സംസാരിക്കുന്നത് കേട്ട് സ്വതന്ത്രമായി ഗ്രഹ്ണം നടത്താൻ സാധിക്കുന്നില്ല.<br><br>ഹിന്ദിയിൽ സ്വതന്ത്രമായി ആശയങ്ങൾ പ്രകടിപ്പിക്കാൻ സാധിക്കുന്നില്ല. | | ✓<br><br>✓ | | ഹിന്ദിയിൽ സംസാരിക്കുന്നത് കേൾക്കാൻ അവസരം കുറവാണ്. ഹിന്ദി മാതൃഭാഷയായ വ്യക്തികളുമായുള്ള ഇടപെടലിനുള്ള അവസരം ഇല്ല.<br>ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹനം ലഭിക്കുന്നില്ല.<br>ഹിന്ദിയിൽ ആശയങ്ങൾ വ്യക്തമാക്കാൻ അവസരം (സാഹചര്യം) |
| 4) എഴുത്ത്<br><br>5) താതപര്യം | ഹിന്ദിയിൽ സർഗ്ഗസൃഷ്ടികൾ നടത്താൻ സാധിക്കുന്നില്ല.<br>ഹിന്ദി പഠിക്കാൻ താത്പര്യക്കുറവ് | | ✓<br><br>✓ | | ലഭിക്കുന്നില്ല.<br>ഹിന്ദിയിൽ പദസമ്പത്ത് കുറവാണ്<br>ഹിന്ദിയിൽ വായന കുറവാണ്.<br>ഹിന്ദി ആഴ്ചയിൽ മൂന്ന് പിരീഡ് മാത്രം. ഹിന്ദിയിൽ ബാലസാഹിത്യം കുറവാണ്. ഐ.സി.റ്റി. റിസോഴ്സ് ലഭ്യത കുറവാണ്. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| രസകരമായ പഠനം | ഐ.സി.റ്റി. റിസോഴ്സസ് ലഭ്യമല്ല. അതിനാൽ ഡയറക്ട് എക്സ്പിരിയൻസ് നൽകാൻ സാധിക്കുന്നില്ല. | | ✓ | | പാഠഭാഗവുമായി ബന്ധപ്പെട്ട റിസോഴ്സുകൾ സമഗ്രയിൽ ലഭ്യമല്ല. |
| Individual Attention | അവസ്ഥാപഠനം-അധ്യാപകർ<br>കുട്ടികൾക്ക് പലപ്പോഴും വ്യക്തിഗത അറ്റൻഷൻ കൊടുക്കാൻ സാധിക്കുന്നില്ല. | | ✓ | | പിരീഡ് കുറവാണ്. |
| ഇരിപ്പിടങ്ങൾ | അവസ്ഥാപഠനം-ഭൗതികം<br>ആവശ്യത്തിന് ബഞ്ച്, ഡസ്ക്ക് ഇല്ല. കുട്ടികൾക്ക് സ്വതന്ത്രമായി ഗ്രൂപ്പ് വർക്ക് പറ്റുന്നില്ല. | | ✓ | | പിരീഡ് കുറവാണ്.<br>ബഞ്ച്, ഡസ്ക്ക് ഒഴിവാക്കുക Jefferson chair ഉചിതമാണ്. |
| PArents | അവസ്ഥാപഠനം-സാമൂഹിക ഇടപെടൽ<br>Parents ന്റെ പിന്തുണ കുറവാണ്. ഹിന്ദി സംസാരിക്കുന്നത് സ്കൂളിൽ മാത്രമാണ് കേൾക്കുന്നത്. | | ✓ | | പലർക്കും ഹിന്ദി അറിയില്ല. സ്കൂളിൽ പിരീഡ് കുറവാണ്.<br>ഹിന്ദി ചാനൽ എഫ്.എം. എന്നിവ വീട്ടിലും കേൾക്കുന്നില്ല. |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1) | വായന | * ലൈബ്രറിയിൽ ഹിന്ദി ബാലസാഹിത്യകൃതികൾ ലഭ്യമാക്കുക. | 4 മാസം | പി.റ്റി.എ. | 10000/- | |
| | | * ഡിജിറ്റൽ വായന പ്രോത്സാഹിപ്പിക്കുക. | 1 മാസം | അധ്യാപകൻ | 1000/- | |
| | | * ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും വിവിധ പഠനസാമഗ്രികൾ ഉപയോഗിച്ച് ഉറപ്പിക്കുക. | 1 മാസം | അധ്യാപകൻ | 1000/- | |
| | | * ഹിന്ദിയിൽ വായന മത്സരങ്ങൾ സംഘടിപ്പിക്കുക. | 10 മാസം | അധ്യാപകൻ | 1000/- | |
| | | * വായന ദിനവുമായി ബന്ധപ്പെട്ട് ഹിന്ദി പുസ്തക ചർച്ചകളും കുറിപ്പുകളും തയ്യാറാക്കാൻ സാഹചര്യം ഒരുക്കുക. | 4 മാസം | അധ്യാപകൻ | 1000/- | |
| | | * പുതിയ ഹിന്ദി വാക്കുകൾ പരിചയപ്പെടുത്തുകയും വാക്യത്തിൽ പ്രയോഗിക്കാനും എന്നും ക്ലാസ്സിൽ അവസരം നൽകുക. | 10 മാസം | അധ്യാപകൻ | 1000/- | |
| | | * ഹിന്ദി പാട്ടുകൾ കേൾക്കാൻ അവസരം നൽകുക. | 5 മാസം | അധ്യാപകൻ | 1000/- | |
| 2) | ശ്രവണം | * ഹിന്ദി ഭാഷ കേൾക്കാൻ പറ്റുന്ന പഠനാന്തരീക്ഷം (ഐ.സി.റ്റി. റിസോഴ്സുകൾ) ലഭ്യമാക്കുക. | 10 മാസം | അധ്യാപകൻ | 1000/- | |
| | | * ഹിന്ദി മാതൃഭാഷയായുള്ള വ്യക്തികളുമായി സംസാരിക്കാൻ അവസര നൽകുക. | 1 മാസം | പി.റ്റി.എ. | 2000/- | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | * ഹിന്ദി നാടകങ്ങൾ, എഫ്.എം. റേഡിയോ എന്നിവ കാര്യക്ഷമമാക്കുക.<br>* ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക. ഹിന്ദി കാർട്ടൂണുകൾ കാണാൻ അവസരം നൽകുക. | 10 മാസം<br>10 മാസം | അധ്യാപകൻ<br>അധ്യാപകൻ | 2000/- | |
| 3) | സംഭാഷണം | * ക്ലാസ്സിൽ സ്വതന്ത്രമായി ഹിന്ദി ഭാഷയിൽ ആശയവിനിമയം നടത്താൻ സാധിക്കണം<br>* ഹിന്ദിയിൽ പ്രസംഗം, നാടകം, റോൾ പ്ലേ എന്നിവ നടത്തുക.<br>* ഹിന്ദി ഫിലിം ഫെസ്റ്റ് നടത്തുകയും അതിനെ ആസ്പദമാക്കി ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുക. | 10 മാസം<br>10 മാസം<br>3 മാസം | അധ്യാപകൻ<br>അധ്യാപകൻ<br>പി.റ്റി.എ., അധ്യാപകൻ | | |
| 4) | എഴുത്ത് | * ക്ലാസ് മാഗസിൻ തയ്യാറാക്കാം.<br>* എല്ലാ ക്ലാസ്സിലും ഹിന്ദി കോർണർ തയ്യാറാക്കുക.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനസാമഗികൾ തയ്യാറാക്കുക അതിന്റെ പ്രദർശനം ക്ലാസ്സിൽ നടത്തുക.<br>* ഹിന്ദി ക്ലബ്ബിന്റെ ചുമതലയിൽ നോട്ടീസ് ബോർഡ് തയ്യാറാക്കുകയും, വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ പ്രദർശിപ്പിക്കുക. | 6 മാസം<br>10 മാസം<br>10 മാസം<br>10 മാസം | അധ്യാപകൻ<br>അധ്യാപകൻ<br>അധ്യാപകൻ<br>അധ്യാപകൻ | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5) | താത്പര്യം | * ക്ലാസ്സ് തലത്തിൽ ഫിലിം ഫെസ്റ്റ്, മ്യൂസിക് ഫെസ്റ്റ് നടത്തുക. (റീഡിംഗ് ഫെസ്റ്റ്, ഗെയിംസ്)<br>* പാഠഭാഗവുമായി ബന്ധപ്പെട്ട് പഠന സാമഗ്രികൾ തയ്യാറാക്കുക. | 10 മാസം<br>10 മാസം | അധ്യാപകൻ<br>അധ്യാപകൻ | | |
| | രസകരമായ പഠനം | ഐ.സി.റ്റി. റിസോഴ്സുകൾ പാഠ ഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കുക. | 6 മാസം | അധ്യാപകൻ | | |
| | വ്യക്തിഗത ശ്രദ്ധ | പഠനത്തിൽ പിന്നോട്ടു നിൽക്കുന്ന കുട്ടികളെ കണ്ടെത്തി എല്ലാ ദിവസവും പഠനപിന്തുണ നൽകും. | 6 മാസം | അധ്യാപകൻ | | |
| | ഇരിപ്പിടങ്ങൾ | സ്കൂൾ അധികാരികളുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കും. | 1 മാസം | പി.റ്റി.എ. | | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 1) വായന | വിദ്യാർത്ഥികൾക്ക് സ്വന്തമായി വായിച്ച് ആശയം ഗ്രഹിക്കാൻ സാധിക്കുന്നില്ല. | സ്വതന്ത്ര വായന നടത്തണം. | * വായന-മൗന വായന, ലൗഡ് റീഡ്, സ്കാൻഡ് റീഡിംഗ് ഹിന്ദി ക്ലാസ്സിൽ പരിശീലിപ്പിക്കുക.<br>* ക്ലാസ്സിൽ എന്നും പുതിയ വാക്കുകൾ പരിചയപ്പെടുത്തുക (കുട്ടികൾ തന്നെ)<br>* ഹിന്ദി പുസ്തകങ്ങൾ അധ്യാപകൻ ക്ലാസ്സിൽ നൽകി വയാന പ്രോത്സാഹിപ്പിക്കും.<br>* ഡിജിറ്റൽ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങള് വായിക്കാൻ അവസരം നൽകും.<br>* ഓരോ പാഠം അവസാനിക്കുമ്പോഴും ലേർണിംഗ് മെറ്റീരിയൽ സ്വയം തയ്യാറാക്കാൻ അവസരം നൽകും.<br>* പുസ്തക കുറിപ്പ് തയ്യാറാക്കിക്കും.<br>* ദിനാചരണങ്ങൾ ബന്ധപ്പെട്ട് പോസ്റ്റർ തയ്യാറാക്കും. |
| 2) ശ്രവണം | ഹിന്ദി ഭാഷ കേൾക്കാൻ അവസരം ലഭിക്കുന്നില്ല. | ഹിന്ദി കേൾക്കാൻ അവസരം നൽകുക. | * ക്ലാസ്തല Music Fest, Film Fest Writers fest, Book fest സംഘടിപ്പിക്കുക.<br>* അധ്യാപകർ കുട്ടികളോട് ഹിന്ദിയിൽ മാത്രം ആശയവിനിമയം നടത്തും.<br>* ഹിന്ദി മാതൃഭാഷയായുള്ള വ്യക്തികളുമായി സംസാരിക്കാൻ അവസരം നൽകൽ.<br>* ക്ലാസ്സ്തല നാടകങ്ങൾ, എഫ്.എം., റേഡിയോ പ്രോഗ്രാം നടത്തുക.<br>* ഹിന്ദി കാർട്ടൂണുകൾ കാണാൻ അവസരം നൽകുക. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 3) സംഭാഷണം | ഹിന്ദിയിൽ സംസാരിക്കാൻ സാധിക്കുന്നില്ല. | ഹിന്ദി ഭാഷയിൽ സ്വതന്ത്രമായി ആശയ വിനിമയം നടത്തുക. | * അധ്യാപകർ ഹിന്ദിയിൽ മാത്രമേ കുട്ടികളോട് സംസാരിക്കുക.<br>* ഹിന്ദിയിൽ നാടകങ്ങൾ, റോൾപ്ലേ ദിനാചരണ വുമായി ബന്ധപ്പെട്ട് നടത്തും.<br>* Hindi Vocabulary enrichment games, ദിനാചരണവുമായി ബന്ധപ്പെട്ട പ്രസന്റേഷൻ സെമിനാർ എന്നിവ നടത്തുക.<br>* ഹിന്ദി മാതൃഭാഷയുള്ള വ്യക്തികളുമായി സംസാരിക്കാൻ അവസരം നൽകുക. |
| 4) എഴുത്ത് | സർഗ്ഗസൃഷ്ടികൾ നടത്താൻ സാധിക്കുന്നില്ല. | സ്വന്തം സൃഷ്ടികൾ ഹിന്ദിയിൽ നടത്താൻ സാധിക്കണം. | * പുസ്തകകുറിപ്പ് തയ്യാറാക്കുക.<br>* ക്ലാസ്സ് മാഗസിൻ തയ്യാറാക്കുക.<br>* ക്ലാസ്സിൽ ഹിന്ദി കോർണർ തയ്യാറാക്കുക.<br>* പഠനസാമഗ്രികൾ തയ്യാറാക്കുക. |
| 5) താതപര്യം | ഹിന്ദി ഭാഷ ഇഷ്ടപ്പെടുന്നില്ല. | ഹിന്ദിയിൽ നിർഭയം ആശയവിനിമയം നടത്താൻ സാധിക്കണം. | * Hindi Music fest, Hindi Cartoon Fest/ Hindi film fest / Hindi Games എന്നിവ സംഘടിപ്പിക്കുക. |

## തനത് പ്രവർത്തനങ്ങൾ

1) ക്ലാസ് തലത്തിൽ ഹിന്ദി കാർട്ടൂൺ ഫെസ്റ്റ്, റീഡിംഗ് ഫെസ്റ്റ്, ലാംഗ്വേജ് ഗെയിംസ്, ഫിലിം ഫെസ്റ്റ് സംഘടിപ്പിക്കും.
2) എല്ലാ ക്ലാസ്സിലും ഹിന്ദി കോർണർ സജ്ജീകരിക്കുകയും, പുതിയ വാക്ക്, ചിന്താവിഷയം എന്നും പരിചയപ്പെടുത്തും.
3) ഓരോ പാഠത്തിന്റെ പഠനസാമഗ്രി കുട്ടികളെക്കൊണ്ട് തയ്യാറാക്കും.
4) ക്ലാസ് മാഗസിൻ തയ്യാറാക്കും. (കയ്യെഴുത്ത് മാഗസിൻ)
5) ഹിന്ദി ക്ലബ്ബിലെ കുട്ടികൾ സ്കൂൾ പ്രവർത്തനങ്ങളുടെ ഹിന്ദി ഡോക്യുമെന്റേഷൻ നടത്തും.

# അറബിക്

**ആമുഖം**

അന്താരാഷ്ട്ര രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാംസ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി.നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബിഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്.മുസ്തഫാ ലുത്ഫീ മൻഫലൂതി (1876-1924)യുടെ കഥകളും, അഹ്മദ് ശൗഖി (1869-1932) യുടെ കവിതകളും മുഹമ്മദ് ഹുസൈൻ ഹൈകലി (1888-1956)ന്റെ നോവലുകളും തൗഫീഖുൽ ഹക്കീമി(1898-1987) ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലതുമാത്രം. നോബൽ പുരസ്കാരജേതാവാണ് അറബി സാഹിത്യകാരനായ ഡോ.നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ 'വീണപൂവ്' ശ്രീനാരായണഗുരുവിന്റെ 'ദൈവദശകം' തകഴിയുടെ 'ചെമ്മീൻ'ബെന്യാമിന്റെ 'ആടുജീവിതം' തുടങ്ങിയവ അറബിഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയത്രെ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യ സ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ട താണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളാണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| കഴിവും ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSC<br>SMC<br>PTA<br>OSF |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഡിജിറ്റൽ മാഗസിൻ<br>► ചുവർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| വിദ്യാഭ്യാസം വികാസം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടങ്ങളിലൂടെ ഉറപ്പു വരുത്തുക<br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | 4. അറബിക് കമ്മ്യൂണിക്കേഷൻ<br>► ആശയ വിനിമയ വേദി ക്ലാസിലും, സ്കൂളിലും<br>► മോഡേൺ ലിസണിങ്/സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് ഫെസ്റ്റ് ( നാടകം മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്ലബ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| സർഗ്ഗശേഷികൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ രചനകൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ഓഡിയോകൾ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSC<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | ***അറബി ടൈപിംഗ്*** <br> അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ് , കമ്പ്യൂട്ടർ , കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുക യും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങ ൾ,<br>കാർഡുക ൾ |

# മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക,<br>പദസമ്പത്ത് അധികരിപ്പിക്കുക | <u>പുതിയ പദം പരിചയപ്പെടൽ</u><br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ,<br>കാർഡുകൾ,<br>സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ,<br>ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ<br>,പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥളും കുട്ടികളിലേക്ക് എത്തുക | **<u>യൂണിറ്റ് തല നിഘണ്ടു നിർമാണം</u>**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | **<u>സ്കൂൾ റേഡിയോ</u>**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരാവുക | ക്ലാസ് ലൈബ്രറി ശാക്തീകരണം.<br>ക്ലാസ് ലൈബ്രറി വിഭവം കാര്യക്ഷമമാക്കുന്നു,<br>പുതിയ ക്ലാസ് പുസ്തകങ്ങൾ ശേഖരിക്കുന്നു,<br>കഥകൾ,കവിതകൾ, ചിത്രകഥകൾ......<br>വായനാ കോർണർ സജ്ജീകരിക്കുന്നു, | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | [illegible]<br>ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാസികകൾ നിർമിക്കുന്നു, ഓരോ ക്ലാസിലും ക്ലാസിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാസികകൾ കുട്ടികൾ നിർമിക്കുന്നു, ഏറ്റവും മികച്ച മാസികക്ക് സമ്മാനം നൽകും.<br>കയ്യെഴുത്ത് മാസികയിലെ മികച്ച സൃഷ്ടികൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാസിക തയ്യാറാക്കും. | സെപ്റ്റംബർ-നവംബർ<br>നവംബർ-ഡിസംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| അറിവിൻ തിളക്കം<br>ക്വിസിലൂടെ അറിവ് നേടുക | മാസാന്ത ക്വിസ് കോർണർ.<br>ഓരോ മാസവും നിശ്ചിത ദിവസങ്ങളിൽ ക്വിസ് ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു, കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു, അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | [illegible] | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

# സാമൂഹ്യ ശാസ്ത്രം

## ആമുഖം

തന്റെ ചുറ്റുപാടുകളെക്കുറിച്ച് മനസ്സിലാക്കാനും അതിലുപരി സമൂഹ വുമായി ഇണങ്ങി ജീവിക്കാനും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനും അത് പരിഹരിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനും കുട്ടികളിൽ ജനാധിപത്യമൂല്യങ്ങൾ വളർത്താനും അനുയോജ്യമായ രീതിയിലുള്ള പാഠ്യ പദ്ധതിയാണ് സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിൽ ഇടപെടുത്തിയിട്ടുള്ള ത്.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ചരിത്രാവബോധം | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിലുള്ള പ്രയാസം. | | ✓ | | സമയക്കുറവ് |
| മൂല്യങ്ങൾ | അനുകൂലമായ സാഹചര്യങ്ങളുടെ അഭാവം | | | | സമയം, സാമ്പത്തികം, |
| പരീക്ഷ നിരീക്ഷണങ്ങൾ | സാമൂഹ്യശാസ്ത്ര ലാബിന്റെ അഭാവം | | | | സ്ഥലപരിമിതി, സാമ്പത്തികം |
| സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തൽ | യാത്ര, ചർച്ചകൾ നടത്തുന്നതിലുള്ള ബുദ്ധിമുട്ടുകൾ | | ✓ | | സാമ്പത്തികം ഒരു പ്രധാന വെല്ലുവിളി |
| ഭൂപട വായന | ആധുനികവൽക്കരിച്ച ഭൂപടങ്ങളുടെ അഭാവം | | ✓ | | സമയം, സാമ്പത്തികം സ്ഥലപരിമിതി. |
| | സോഷ്യൽ സയൻസ് ലാബിന്റെ അഭാവം, ഐ.സി.റ്റി. ഉപകരണങ്ങളുടെ ലഭ്യതക്കുറവ്. | | | | |
| പൊതുവിജ്ഞാനം | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ അഭാവം (ലഭിക്കുന്നതിൽ) | | ✓ | | സാമ്പത്തികം |
| ഭൂപ്രകൃതി സവിശേഷതകൾ | വിഭവശേഖരണത്തിനുള്ള അഭാവം | | ✓ | | സമയം, സാമ്പത്തികം |
| പ്രാദേശിക ചരിത്രരചന | പ്രാഥമിക വിവരശേഖരണത്തിലുള്ള അഭാവം | | ✓ | | സമയം, സാമ്പത്തികം |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഐ.സി.റ്റി. | സാമൂഹ്യശാസ്ത്രലാബിന്റെ അഭാവം, ഉപകരണങ്ങളുടെ ലഭ്യതക്കുറവ് | | ✓ | | സമയം, വിദഗ്ധരുടെ അഭാവം എക്സ്പർട്സിന്റെ അഭാവം |
| പ്രൊഫൈൽ തയ്യാറാക്കൽ ചരിത്ര കാരന്മാർ | വ്യക്തികളെ തിരിച്ചറിയാൻ ഉള്ള പ്രയാസം | | ✓ | | വിവരശേഖരണത്തിന്റെ അഭാവം |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | പഠിതാക്കളിൽ ചരിത്രാവബോധം വളർത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക. അതിലൂടെ സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവ് നേടിയെടുക്കുക. | ദീർഘകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ | |
| 2. | ജാധിപത്യമൂല്യങ്ങൾ, പൗരബോധം വളർത്തുക | സ്കൂൾ പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ. | ഹ്രസ്വകാലം | സോഷ്യൽ സയൻസ് അധ്യാപകർ | പി.റ്റി.എ. എസ്.എം.സി. | |
| 3. | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുക, കൗതുകങ്ങൾ ഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക. | ദീർഘകാലം | സോഷ്യൽസയൻസ് ടീച്ചേഴ്സ് | പി.റ്റി.എ. എസ്.എം.സി കൂട്ടായ്മകൾ | |
| 4. | സഹിഷ്ണുത, മതേതരത്വം എന്നിവയിലൂടെ സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക. | സർവേ, പ്രോജക്ട് ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങൾ | ദീർഘകാലം | എസ്.എസ്. ടീച്ചേഴ്സ് | എസ്.എസ്. ക്ലബ്ബ് പി.റ്റി.എ. SMC പൂർവഅധ്യാപക കൂട്ടായ്മ | |
| 5. | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണയം നടത്താൻ ലക്ഷ്യം നേടുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിപ്പിക്കാൻ കഴിയുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുക, അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് പരിചിതമാക്കുക. | ദീർഘകാലം | എസ്.എസ്. ടീച്ചേഴ്സ് | എസ്.എസ്. ക്ലബ്ബ് | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6. | കുട്ടികളിൽ ഉന്നതനിലവാരം ഉണ്ടാകുന്നതിനാവശ്യമായ പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുന്നതിനാവശ്യമായ ക്വിസ്, ദിനാചരണങ്ങൾ, വീഡിയോ പ്രദർശനം, ചരിത്ര സിനിമകൾ പ്രദർശനം എന്നിവിയിലൂടെ ഉയർന്ന നിലവാരത്തിൽ എത്താൻ കഴിയുന്നു. | ദീർഘകാലം | എസ്.എസ്. ടീച്ചേഴ്സ് | പി.റ്റി.എ. SMC കുട്ടികൾ എസ്.എസ്. ക്ലബ്ബ് | |
| 7. | ഭൂപ്രകൃതി സവേശേഷത കളെക്കുറിച്ച് കുട്ടികൾക്ക് അവബോധം വളർത്തുക. | ഓരോ രാജ്യത്തെയും ഭൂപ്രകൃതി സവേശേഷതകൾ വ്യത്യസ്ത മാണെന്ന് മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു. | ദീർഘകാലം | എസ്.എസ്. ടീച്ചേഴ്സ് | പി.റ്റി.എ. SMC സ്കൂൾ | |
| 8. | പ്രാദേശിക ചരിത്രരചനയി ലൂടെ കുട്ടികൾ സ്വന്തം പ്രദേശത്തെക്കുറിച്ച് അവബോധം വളർത്തുന്നു. | പ്രാഥമിക വിവരശേഖരണത്തി ലൂടെയും ദ്വിതീയ വിവരശേഖരണ ത്തിലൂടെ പ്രാദേശിക ചരിത്രം രചിക്കാൻ സാധ്യമാകുന്നു. | ഹ്രസ്വം | എസ്.എസ്. ടീച്ചേഴ്സ് | പി.റ്റി.എ. SMC കൂട്ടായ്മകൽ | |
| 9. | ഐ.സി.റ്റി. വിവിധ സാധ്യതകളെക്കുറിച്ചും അതിലൂടെ തൊഴിലധിഷ്ഠിത പരിശീലനം നേടാൻ സഹായിക്കുന്നു. | ശാസ്ത്ര സാങ്കേതിക ഉപകരണ ങ്ങൾ കൈകാര്യം ചെയ്യാനും അതിന്റെ വിവിധ വശങ്ങൾ മനസ്സിലാക്കാനും സാധിക്കുന്നു. | ദീർഘകാലം | എസ്.എസ്. ടീച്ചേഴ്സ് ഐ.റ്റി. എക്സ്പർട്ട് | പി.റ്റി.എ. SMC | |
| 10. | ചരിത്രകാരന്മാരുടെ പ്രൊഫൈൽ തയ്യാറാക്കൽ കുട്ടികൾക്ക് അവബോധം | ചരിത്രകാരന്മാരുടെ പ്രൊഫൈൽ തയ്യാറാക്കുന്നതിലൂടെ ചരിത്രകാരന്മാരെ ക്കുറിച്ച് കൂടുതൽ അറിവ് നേടുന്നു. | ദീർഘകാലം | എസ്.എസ്. ടീച്ചേഴ്സ് | പി.റ്റി.എ. SMC സ്കൂൾ | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| ഐ.സി.റ്റി. | സാമൂഹ്യശാസ്ത്ര ലാബിന്റെ ഉപകരണങ്ങളുടെ അഭാവം | ഐ.സി.റ്റി. വിവിധ സാധ്യതകളെക്കുറിച്ചും അതിലൂടെ തൊഴിലധിഷ്ഠിത പരിശീലനം നേടാനും സഹായിക്കുന്നു. | സാങ്കേതിക ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും വിവരിക്കുന്നു. |
| ചരിത്ര അവബോധം | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിലുള്ള പ്രയാസം. | പഠിതാക്കളിൽ ചരിത്രാവബോധം വളർത്തുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഫീൽഡ് ട്രിപ്പുകൾ രണ്ട് മാസത്തിലൊലിക്കൽ സന്ദർശിക്കുക. വിവരങ്ങൾ എഴുതി ശേഖരിക്കുക. |
| മൂല്യങ്ങൾ | അനുകൂലമായ സാഹചര്യങ്ങൾ ലഭിക്കുന്നതിലുള്ള അഭാവം | ജാധിപത്യ മാനവിക, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മൂല്യങ്ങൾ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ് എന്നിവ സംഘടിപ്പിക്കുക ചർച്ചകൾ, സംവാദങ്ങൾ |
| പരീക്ഷണ നിരീക്ഷണങ്ങൾ | സാമൂഹ്യ ശാസ്ത്ര കലാ ക്ലബ്ബിന്റെ അഭാവം | പഠിതാക്കളിൽ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കൗതുകങ്ങൾ ഉണർത്താൻ കഴിയുന്നു. | സാമൂഹ്യശാസ്ത്ര ലാബുകളിലെ നിരീക്ഷണത്തിലൂടെ ഓരോ പ്രദേശത്തിന്റെയും വിവിധ സാഹചര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയും അത് സമയാസമയം രേഖപ്പെടുത്തുന്നു. |
| ചരിത്രകാരന്മാരുടെ പ്രൊഫൈൽ തയ്യാറാക്കൽ | ചരിത്രകാരന്മാരെ തിരിച്ചറിയുന്നതിലുള്ള ബുദ്ധിമുട്ട് | ചരിത്രകാരന്മാരുടെ പ്രൊഫൈലുകൾ തയ്യാറാക്കുന്നതിലൂടെ ചരിത്രകാരന്മാരെക്കുറിച്ച് കൂടുതൽ അറിയാൻ സാധിക്കുന്നു. | ചരിത്രകാരന്മാരുടെ ജീവചരിത്രം ശേരിച്ച് അത് പ്രൊഫൈലുകളാക്കി സൂക്ഷിക്കുന്നു. |
| ഭൂപടവായന | ആധുനിവൽക്കരിച്ച ഭൂപടങ്ങളുടെ അഭാവം, സോഷ്യൽ സയൻസ് ബാബിന്റെ അഭാവം, ഐ.സി.റ്റി. ഉപകരണങ്ങളുടെ ലഭ്യതക്കുറവ്. | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലം, സ്ഥാനം എന്നിവ മനസ്സിലാക്കാൻ സാധിക്കുന്നു. | ഭൂപടവായനയിലൂടെ മാപ്പ്, അറ്റ്ലസ്, ഗ്ലോബുകൾ എന്നിവ കണ്ട് മനസ്സിലാക്കാൻ സാധിക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| പൊതുവിജ്ഞാനം | ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നതിലുള്ള അഭാവം | കുട്ടികളിൽ ഉന്നതനിലവാരത്തിലെത്തിക്കുന്നതിനാവശ്യമായ പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുന്നതിനാവശ്യമായ ക്വിസ്, ദിനാചരണപ്രവർത്തനങ്ങൾ, വീഡിയോ പ്രദർശനങ്ങൾ എന്നിവയിലൂടെ മനസ്സിലാക്കുന്ന കാര്യങ്ങൾ എഴുതി ശേഖരിക്കുന്നു. |
| ഭൂപ്രകൃതി സവിഷേഷതകൾ | വിഭവശേഖരണത്തിലുള്ള അഭാവം | ഓരോ രാജ്യത്തിന്റെയും ഭൂപ്രകൃതി സവിശേഷത വ്യത്യസ്തമാണ് എന്ന് മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു. | സോഷ്യൽ സയൻസ് ലാബിൽ കൊണ്ടുപോയി ഐ.സി.റ്റി. സഹായത്തോടെ ഓരോ രാജ്യത്തിന്റെ സവിശേഷതകൾ വിശദീകരിക്കുന്നു. |
| പ്രാദേശിക ചരിത്ര രചന | പ്രാഥമിക വിവരശേഖരണത്തിന്റെ അഭാവം. | ഒരു പ്രദേശത്തെ കുറിച്ചുള്ള വിവരങ്ങൾ ആധികാരികമായി മനസ്സിലാക്കുന്നു. | പ്രാഥമിക വിവരശേഖരണം, ദ്വിതീയ വിവരശേഖരണം എന്നിവ എങ്ങനെയെന്ന് വിശദീകരിക്കുന്നു. |

## തനത് പ്രവർത്തനങ്ങൾ

1) ദിനാന്തരീക്ഷ സ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും- നിരീക്ഷണം, നിരീക്ഷണക്കുറിപ്പ്, ആൽബം, ഡിജിറ്റൽ.

## ആവശ്യങ്ങൾ (സോഷ്യൽ സയൻസ്)

1) സോഷ്യൽ സയൻസ് ലാബ്
2) മാപ്സ് (പുതിയ വെർഷൻ)
3) ഗ്ലോബ്
4) അനിമോമീറ്റർ.

# ഭൗതിക ശാസ്ത്രം

## ആമുഖം

ശാസ്ത്രത്തിന്റെ വിവിധമേഖലകളിലെ ഗവേഷണങ്ങളും കണ്ടെത്തലുകളുമാണ് ലോകത്തിലെ സമസ്ത മേഖലകളുടെയും പുരോഗതിക്കും ആധുനികവൽക്കരണത്തിനും സഹായകമായത്. പുരോഗമനപരമായ സമൂഹത്തിൽ അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും ദൂഷിതവലയത്തിൽ നിന്ന് പുറത്തുകടക്കാൻ ശാസ്ത്രം ജനങ്ങളെ സഹായിക്കുന്നു. ശാസ്ത്രത്തിന്റെ രീതി ശാസ്ത്രം സ്വായത്തമാക്കുകയും ശാസ്ത്രീയ മനോഭാവം ആർജ്ജിക്കുകയും ചെയ്യാൻ കുട്ടികളെ സഹായിക്കുന്നതാകണം. ശാസ്ത്രസംബന്ധിയായ വസ്തുതകൾ ആശയങ്ങൾ നിയമങ്ങൾ അനുമാനങ്ങൾ എന്നിവ പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ, ചർച്ച, സംവാദങ്ങൾ, പ്രോജക്ട് പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ കുട്ടികളിൽ സ്വാഭാവികമായി രൂപപ്പെടേണ്ടതുണ്ട്.

പഠനപ്രക്രിയയിലൂടെ ആർജിച്ച ജ്ഞാനവും, പ്രക്രിയാശേഷികളും ജീവിതസാഹചര്യങ്ങളിൽ പ്രയോഗിക്കാൻ പഠിതാക്കൾക്ക് കഴിയണം. മാനവികതയിലൂന്നിയ മൂല്യബോധം കുട്ടികളിൽ വളർത്താൻ ശാസ്ത്രവിദ്യാഭ്യാസം സഹായകകരമാവുകയും വേണം. ഇത്തരത്തിലുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തമാക്കുന്നതിന് വേണ്ടി ശാസ്ത്രപഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ നടത്തുന്നത്.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭൗതികം<br>* ലാബ് കം ക്ലാസ്റൂമുകൾ ലബോറട്ടറികൾ. | * അശാസ്ത്രീയമായ ലബോറട്ടറി നിർമ്മാണം. | | ✓ | | ലാബിനുള്ളിലെ ജലലഭ്യതക്കുറവ് |
| * ജൈവവൈവിധ്യ ഉദ്യാനം | * ലാബിൽ നൂതന സാങ്കേതിക വിദ്യയുടെ അഭാവം | | | ✓ | ഒരു ബ്ലോക്കിന്റെ മൂന്നാമത്തെ നിലയിലുള്ള ലാബിന്റെ സ്ഥാനം. |
| * സയൻസ് പാർക്ക് | * അനുയോജ്യമായ ഇരിപ്പിടങ്ങളുടെ ലഭ്യതക്കുറവ് | | | | |
| * അനുയോജ്യമായ പഠനയിടങ്ങളും ഇരിപ്പിടങ്ങളു | * ക്ലാസ് റൂമുകളുടെ സ്ഥലപരിമിതി. | | ✓ | | ഫണ്ടിന്റെ അപര്യാപ്തത. |
| സാമൂഹിക വൈകിരക ഇടപെടൽ<br>പ്രായോഗികാനുഭവം ലഭിക്കുന്ന രീതിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ | അനുഭവജ്ഞാനമുള്ള വ്യക്തികളുടെ സേവനം നന്നായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. | ✓ | | | സമയക്കുറവ് |
| അക്കാദമികം<br>ശാസ്ത്ര സംബന്ധിയായ വസ്തുതകൾ, ആശയങ്ങൾ, നിയമങ്ങൾ, അനു | * പരീക്ഷണങ്ങളിൽ കുട്ടികളുടെയു പങ്കാളത്തക്കുറവ്. | ✓ | | | വ്യക്തിഗതമായി പ്രവർത്തനങ്ങൾ നൽകാനുള്ള ഉപകരണങ്ങളുടെ അപര്യാപ്തത. |
| | * ഉപകരണങ്ങൾ യഥാവിധം ഉപയോഗിക്കാൻ അറിയാത്തത് | ✓ | | | |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| മാനങ്ങൾ എന്നിവ പരീക്ഷണ, നിരീക്ഷണ ങ്ങളിലൂടെ അവതരി പ്പിക്കൽ. | * ആശയങ്ങൾ ശരിയായി ഗ്രഹിക്കാത്തത്. | | ✓ | | അടിസ്ഥാന ഗണിതപ്രശ്നങ്ങൾ ഗ്രഹിക്കാത്തത്. |
| | * ഗണിതപ്രശ്നങ്ങൾ നിർദ്ധാരണത്തിനുള്ള കഴിവില്ലായ്മ. | | | ✓ | |
| | * ഭാഷ പ്രയോഗശേഷിയുടെ കുറവ്. | | | | ഭാഷാപ്രയോഗശേഷി കൈവരിക്കാത്തത് |
| | *പ്രവർത്തിലൂടെ നേടിയെടു ത്ത ശാസ്ത്രജ്ഞാനവും പ്രക്രിയാശേഷികളും ജീവിത സാഹചര്യങ്ങളിൽ പ്രയോഗി ക്കാനുള്ള ശേഷിക്കുറവ്. | | | ✓ | പഠനാനുഭവങ്ങളുടെ കുറവും ബൗദ്ധിക നിലവാരത്തിലുള്ള വ്യത്യാസവും. |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അക്കാദമികം | കുട്ടികളുടെ പഠനഗ്രൂപ്പ് തയ്യാറാക്കൽ | ജൂൺ | വിഷയാധ്യാപകർ | | |
| | ആശയങ്ങൾ ശരിയായി ഗ്രഹിക്കാത്തത് | അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി വർക്ക് ഷീറ്റ് നിർമ്മാണം | ജൂൺ | വിഷയാധ്യാപകർ | 1000 | |
| | ഭാഷാപ്രയോഗ ശേഷിക്കുറവ് | ഭാഷാപ്രയോഗ ശേഷിക്കുറവുള്ള കുട്ടികളെ സഹായിക്കാനായി അധ്യാപകന്റെ നേതൃത്വത്തിൽ പ്രത്യേക പഠനഗ്രൂപ്പ് തയ്യാറാക്കി ക്ലാസ്സുകൾ നൽകുന്നു. | ഏപ്രിൽ- മേയ് | വിഷയാധ്യാപകർ | | |
| | ഉപകരണങ്ങൾ യഥാവിധം ഉപയോഗിക്കൽ | ഐ.സി.റ്റി. അധിഷ്ഠിത പഠന തന്ത്രത്തിലൂടെ വിവിധ ഉപകരണ ങ്ങളുടെ കൈകാര്യം ചെയ്യൽ പരിചയപ്പെടുത്തൽ | ജൂൺ - ജനുവരി | വിഷയാധ്യാപകർ | | |
| | ശാസ്ത്രജ്ഞാനവും പ്രക്രിയാശേഷികളും ജീവിത സാഹചര്യങ്ങളിൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ശില്പശാല | | സയൻസ് ക്ലബ്ബ് | 5000 | |
| | പ്രയോഗിക്കാനായി. | പാഠപുസ്തകത്തിന്റെ മികച്ച രീതിയിലുള്ള ആസൂത്രണം | ജൂൺ- ജനുവരി | വിഷയാധ്യാപകർ | | |
| | ഗണിതജ്ഞാനം ഉറപ്പിക്കൽ | അടിസ്ഥാനഗണിത പ്രശ്നങ്ങൾ ഉൾപ്പെടുത്തിയുള്ള വർക്ക്ഷീറ്റ് നിർമ്മാണം | മേയ് | വിഷയസമിതി | ജൂൺ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 2. | ഭൗതികം<br>ലാബ് സൗകര്യങ്ങൾ<br>ക്ലാസ് റൂം സൗകര്യങ്ങൾ<br>മികവുറ്റതാക്കൽ. | ലാബ് സജ്ജീകരണം<br>വിവിധ ഏജൻസികളുടെ സഹായത്തോടെ ലാബ് ഹൈടെക്കാക്കൽ<br>ക്ലാസ് റൂമുകളിൽ മൈക്രോ ലാബ് സജാജീകരിക്കുന്നതിനായി ഷെൽഫുകൾ തയ്യാറാക്കൽ. | മേയ് | പി.റ്റി.എ.<br>.,<br>വിഷയ സമിതി | 30000<br><br>50000 | |
| 3. | സാമൂഹിക ഇടപെടൽ<br>പ്രായോഗികാനുഭവം ലഭിക്കുന്ന രീതിയിൽ സമൂഹപങ്കാളിത്തം ഉറപ്പ് വരുത്തൽ. | ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖർ, രക്ഷിതാക്കൾ എന്നിവരുടെ സേവനം അവരെ സ്കൂളിലേക്ക് ക്ഷണിച്ച് വിവിധ പ്രവർത്തനങ്ങളിലൂടെ ഉറപ്പുവരുത്തുന്നു. | ജൂൺ – ജനുവരി | വിഷയ സമിതി<br>പി.റ്റി.എ.<br>എസ്.എം.സി. | | |
| | | | | | | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 1. അക്കാദമികം | ആശയങ്ങൾ ശരിയായി ഗ്രഹിക്കാത്തത് | * മനുഷ്യരാശിയുടെ പുരോഗതിക്ക് ശാസ്ത്രം നൽകിയ സംഭാവനകൾ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നു.<br>* മുൻ വർഷങ്ങളിൽ കുട്ടികൾ ആർജ്ജിക്കേണ്ട പഠനലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് | * വിവിധനിസവാരത്തിലുള്ള കുട്ടികളെ ഉൾപ്പെടുത്തി പഠനഗ്രൂപ്പുകൾ തയ്യാറാക്കുന്നു.<br>* അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിയുള്ള വർക്ക്ഷീറ്റ് നിർമ്മാണം.<br>* ക്ലാസ് അധ്യാപകർ, peer group എന്നിവരുടെ സഹായത്തോടെ കുട്ടികളെ നിർദ്ദിഷ്ട ശേഷിയിലേക്ക് എത്തിക്കുന്നു.<br>* ഓരോ മാസത്തിലും ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ കണ്ടെത്തി നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| അക്കാദമികം | ഉപകരണങ്ങൾ യഥാവിധം ഉപയോഗിക്കാൻ അറിയാത്തത് | ശാസ്ത്രപഠനം രസകരമാക്കൽ | * പ്ലാനറ്റേറിയം, വി.എസ്.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ.<br>* ഐ.സി.റ്റി. അധിഷ്ഠിത പഠനത്തിലൂടെ വിവിധ ഉപകരണങ്ങളുടെ കൈകാര്യം ചെയ്യൽ പരിചയപ്പെടുത്തൽ. |
| അക്കാദമികം | ഗണിതപ്രശ്നനിർദ്ധാരണത്തിനുള്ള ശേഷിക്കുറവ് | അടിസ്ഥാന ഗണിത ക്രിയകൾ ചെയ്യുന്നതിനുള്ള ശേഷി ആർജ്ജിക്കൽ. | * ലഘു ഗണിത ക്രിയകൾ ഉൾപ്പെടുത്തിയുള്ള വർക്ക് ഷീറ്റ് നിർമ്മാണം. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | പരീക്ഷണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തക്കുറവ് | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക. | ശാസ്ത്രമേളകൾ<br>സ്കൂൾതല ശാസ്ത്ര മേളയിൽ എല്ല കുട്ടികളുടേയും പങ്കാളിത്തം. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തൽ. |
| അക്കാദമികം | * ശാസ്ത്രസംബന്ധിയായ വസ്തുതകൾ ശരിയായി ഗ്രഹിക്കാത്തത്. | കുട്ടികൾക്ക് ദിനംപ്രതിയുള്ള ശാസ്ത്രത്തിന്റെ വളർച്ചയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ. | ശാസ്ത്ര ക്വിസ് ക്ലബ്ബ്<br>ശാസ്ത്രലോകത്തെ ഏറ്റവും പുതിയ വിവരങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനായി ആനുകാലിക ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുകയും അവ അടിസ്ഥാനമാക്കിയുള്ള ചോദ്യോത്തരം പരിപാടി സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| ഭൗതികം | അശാസ്ത്രീയമായ ലബോറട്ടറി നിർമ്മാണം | സയൻസ് ലാബിനെ നവീകരിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നു. | * സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് ക്രമീകരിക്കൽ.<br>* മൈക്രോലാബ് സജ്ജീകരണം. |
| ഭൗതികം | ശാസ്ത്ര ലൈബ്രറിയിലെ പുസ്തകങ്ങളുടെ കുറവ്, സ്ഥലപരിമിതി<br><br>ലാബിൽ നൂതന സാങ്കേതിക വിദ്യയുടെ അഭാവം | കുട്ടികളില് ശാസ്ത്ര ബോധം ഉളവാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും<br><br>ശാസ്ത്രപഠനത്തിൽ ഐ.റ്റി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | ശാസ്ത്ര ലൈബ്രറി<br>പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലൈബ്രറിയിൽ വാങ്ങുകയും കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.<br>ഐ.റ്റി. പഠനത്തിന് അനുയോജ്യമായ ഇന്റർനെറ്റ് സൗകര്യം.<br>ഉദാ: സമഗ്ര സ്ലൈഡ് പ്രിപ്പറേഷൻ |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| സാമൂഹിക വൈകാരിക ഇടപെടൽ | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ രൂപീകരിക്കാത്തത്. | CWSN കുട്ടികളേയും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളേയും സ്കൂൾ പ്രവർത്തനങ്ങളിൽ മുഖ്യധാരയിലെത്തിക്കുക. | ക്ലാസ് പ്രവർത്തനങ്ങളും മറ്റ് ശാസ്ത്ര പരിപാടികളും സംഘടിപ്പിക്കുമ്പോൾ ഇത്തരം കുട്ടികളെ പ്രത്യേകം പരിഗണിച്ച് എല്ലാ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുക. |
| | സാമൂഹിക പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തക്കുറവ് | സാമൂഹിക ഇടപെടലുകൾ വികസിപ്പിക്കുന്നതുള്ള ശേഷി നേടുക. | വിദഗ്ധരെ പ്രയോജനപ്പെടുത്തൽ<br>* ശാസ്ത്ര വിഷയങ്ങളിൽ വിദഗ്ധരുമായുള്ള അഭിമുഖം.<br>* ഡോക്ടർമാർ, മറ്റ് ആരോഗ്യപ്രവർത്തകർ ഇവരുമായുള്ള സംഭാഷണം.<br>ഉദാ: മണ്ണ് പരിശോധന. |

# രസതന്ത്രം

## ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം എന്നുപറയാം. ഒരു വ്യക്തിക്കുണ്ടാകുന്ന അനുഭവം അതേസാഹചര്യത്തിൽ മറ്റ് വ്യക്തികൾക്കും ഉണ്ടാകുന്നുവെങ്കിൽ അവ ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. ഇത്തരം അനുഭവങ്ങളെ മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നു. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാകുന്നത്. മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേക്ക് നമ്മെ നയിക്കും. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുള്ള വാതിലുകളാണ്. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും, സമഗ്രമായ വിശകലനം ചെയ്യുന്നതിലൂടെ കാര്യകാരണ വിചാരം ഫലപ്രാപ്തിയിലെത്തുന്നു. ഇതാണ് ശാസ്ത്രപഠനരീതി. ഈ രീതി സ്വായത്തമാക്കിയ സമൂഹത്തിൽ അന്ധവിശ്വാസങ്ങളും, അബദ്ധധാരണകളും നിലനിൽക്കില്ല. ആസമൂഹം ചൂഷണങ്ങൾക്കും, തട്ടിപ്പുകൾക്കും വിധേയമാകുകയില്ല. അതിനാൽ ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചം കൂടിയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രയോഗിക്കപ്പെടെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. അതുകൊണ്ടുതന്നെ ഊർജ്ജത്തെക്കുറിച്ചും, പദാർത്ഥങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചുമൊക്കെയുള്ള വിവരശേഖരണം മാത്രമായി ശാസ്ത്രപഠനം ഒതുങ്ങരുത്. അതിനപ്പുറം ശാസ്ത്രപഠനത്തിന് വിശാലമായ ലക്ഷ്യങ്ങൾ ഉണ്ട്.

### ശാസ്ത്രപഠനസമീപനം

അറിവു നിർമ്മിക്കുന്നതിനും നമുക്ക് ചുറ്റുമുള്ള പ്രകൃതിയെ മനസ്സിലാക്കുന്നതിനുമുള്ള ചിട്ടയായ സമീപനമാണ് ശാസ്ത്രത്തിന്റെ രീതിയെന്നതുകൊണ്ട് അർഥമാക്കുന്നത്. ലോകത്തിലെ സമസ്തമേഖലകളുടെയും പുരോഗതിക്കും ആധുനികവൽക്കരണത്തിനും സഹായകമായത് ശാസ്ത്രത്തിന്റെ വിവിധ മേഖലകളിലെ ഗവേഷണങ്ങളും കണ്ടെത്തലുകളുമാണ്. നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണെന്ന ആധികാരികത നേടിയെടുക്കാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതെന്നപേരിൽ ചൂഷണത്തിനിരയാവുന്നതും സാങ്കേതികവിദ്യകളെ ശാസ്ത്രമെന്ന് തെറ്റിദ്ധരിക്കുന്നതും, ശാസ്ത്രസാങ്കേതിക പദങ്ങൾ, വസ്തുതകൾ, ആശയങ്ങൾ, തത്വങ്ങൾ എന്നിവ ഹൃദിസ്ഥ

മാക്കുന്നതിൽ മാത്രമായി ശാസ്ത്രപഠനം ഒതുങ്ങിപ്പോകുന്നതും സംഭവിക്കാൻ പാടില്ലാത്തതാണ്. കച്ചവട താല്പര്യങ്ങൾക്കപ്പുറം മൂല്യബോധം, സാങ്കേതികവിദ്യകളുടെ നൈതികത, ശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ പങ്കിടുന്നതിലെ സാമൂഹികനീതി തുടങ്ങിയവ ശാസ്ത്രപാഠ്യപദ്ധതിയിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിന് ഗുണകരമായതേത്, വർജിക്കപ്പെടേണ്ടതേത് എന്ന് നിശ്ചയിക്കാൻ കഴിയുന്ന തരത്തിലുള്ള സാമാന്യയുക്തിയും നീതിബോധവുമുള്ള സമൂഹത്തെയാണ് ശാസ്ത്രവിദ്യാഭ്യാസത്തിലൂടെ രൂപപ്പെടുത്തേണ്ടത്. പ്രപഞ്ചത്തെയും ജീവനെയും മനസ്സിലാക്കുന്നതിലും പ്രകൃതി നിയമങ്ങൾ അനാവരണം ചെയ്യുന്നതിലും മറ്റൊരു അന്വേഷണപദ്ധതിയും ശാസ്ത്രത്തെപ്പോലെ വിജയിച്ചിട്ടില്ല. ശാസ്ത്രത്തിന്റെ രീതിശാസ്ത്രം സ്വായത്തമാക്കുകയും ശാസ്ത്രീയമനോഭാവമാർജിക്കാനും കഴിയുക എന്നതാണ് അടിസ്ഥാന ശാസ്ത്രവിദ്യാഭ്യാസംകൊണ്ട് അർഥമാക്കുന്നത്. ഇങ്ങനെ നിരന്തരമായ അന്വേഷണപ്രക്രിയയ്ക്കും കണ്ടെത്തലുകൾക്കും അവയുടെ റിപ്പോർട്ടിങ്ങിനും ശാസ്ത്രസംവാദങ്ങൾക്കും പ്രതിവാദങ്ങൾക്കും വിദഗ്ധപരിശോധനയ്ക്കും ശാസ്ത്രപ്രബന്ധങ്ങളും പ്രസിദ്ധീകരണങ്ങളും പ്രയോജനപ്പെടുത്തുന്നതിനുമുള്ള അന്തരീക്ഷമാണ് ശാസ്ത്രപാഠ്യപദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. സാർവലൗകികത, സാമൂഹികതലം, ചരിത്രപശ്ചാത്തലം, ഉദ്ഗ്രഥിതസ്വഭാവം, ക്രിയാത്മകമുഖം, ദുർവിനിയോഗസാധ്യതകളിൽ നിന്നുള്ള സംരക്ഷണം, നിരന്തരമായ മാറ്റം, ചലനാത്മകത, പ്രശ്നപരിഹാരം തുടങ്ങിയ ശാസ്ത്രസവിശേഷതകളിൽ പ്രാവീണ്യം നേടാനാകുന്നതും പ്രയോഗികമായ പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നതുമായ സ്പഷ്ടതയും കൃത്യതയും പാഠ്യപദ്ധതിക്കുണ്ടാകണം. അതിനാൽ യഥാർത്ഥ ശാസ്ത്രവും കപടശാസ്ത്രവും തമ്മിലുള്ള വൈരുദ്ധ്യം തിരിച്ചറിയുന്നതിന് സഹായിക്കുന്ന ഒരു ശാസ്ത്രപാഠ്യപദ്ധതിക്കാണ് പ്രാധാന്യം നൽകേണ്ടത്. സമൂഹത്തെ സുസ്ഥിരവികസനശീലങ്ങളിലേക്ക് നയിക്കുന്നതിന് ഇത് അത്യാവശ്യമാണ്. ശാസ്ത്രാവബോധമുള്ള ജ്ഞാനസമൂഹത്തെ വികസിപ്പിക്കാൻ ശാസ്ത്രവിദ്യാഭ്യാസത്തിന് താഴെപ്പറയുന്ന ലക്ഷ്യങ്ങളുണ്ടാകണം.

ശാസ്ത്രപഠനലക്ഷ്യങ്ങൾ

* നിരീക്ഷണം, പരീക്ഷണം, സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്നപരിഹാരത്തിലേക്കെത്തുന്ന ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുക.
* അറിവ് നിർമ്മിക്കുന്നതിനും നമുക്ക് ചുറ്റുമുള്ള പ്രകൃതിയെ മനസ്സിലാക്കുന്നതിനുമുള്ള ചിട്ടയായ സമീപനമാണ് ശാസ്ത്രത്തിന്റെ രീതി എന്ന് മനസ്സിലാക്കുക

* ശാസ്ത്രസംബന്ധിയായ വസ്തുതകൾ, ആശയങ്ങൾ, നിയമങ്ങൾ, അനുമാനങ്ങൾ എന്നിവ പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ, ചർച്ചാസംവാദങ്ങൾ, പ്രോജക്ട് പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ സ്വാഭാവികമായി രൂപപ്പെടുത്തുക.

* പരീക്ഷണങ്ങൾ രൂപകല്പന ചെയ്യൽ, അളക്കലും രേഖപ്പെടുത്തലും പ്രശ്നപരിഹരണ ത്തിനുതകുന്ന രീതിയിൽ വിവരങ്ങളെ വിശകലനം ചെയ്യൽ, നിഗമനങ്ങളിൽ എത്തി ച്ചേരൽ, പ്രവചനം, വ്യക്തമായും ഫലപ്രദമായും ആശയവിനിമയം നടത്തൽ, പ്രശ്നപ രിഹാരം തുടങ്ങിയ പ്രക്രിയാശേഷികൾ ആർജിക്കാൻ കഴിയുക.

* പഠനപ്രക്രിയയിലൂടെ ആർജിച്ച ജ്ഞാനവും പ്രക്രിയാശേഷികളും ജീവിതസാഹചര്യ ങ്ങളിൽ പ്രയോഗിക്കാൻ കഴിയുക.

* പഠനപ്രവർത്തനങ്ങളിലൂടെ ആർജിച്ച് ശാസ്ത്രജ്ഞാനത്തെ പ്രശ്നപരിഹരണങ്ങൾക്ക് നൂതന സാഹചര്യത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുക.

* കുട്ടിയുടെ സഹജമായ കഴിവുകൾ വികസിക്കുന്നതിനും വ്യത്യസ്തമായി ചിന്തിക്കുന്നതിനും നൂതനമായ കണ്ടെത്തലുകൾ നടത്തുന്നതിനുമുള്ള അവസരങ്ങൾ ലഭ്യമാ ക്കുക.

* കാര്യകാരണബന്ധം കണ്ടെത്തൽ, ചോദ്യങ്ങൾ ഉന്നയിക്കൽ, വിമർശനാത്മകമായും വിശകലനപരമായും ചിന്തിക്കൽ, യുക്തി ഉപയോഗിച്ചുള്ള പ്രശ്നപരിഹാരം, പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ നേടിയ ജ്ഞാനത്തെ പുനഃപരിശോധിക്കാൻ തയ്യാറാകൽ എന്നിങ്ങനെയുള്ള കഴിവുകൾ വളർത്തിയെടുക്കുക.

* വസ്തുനിഷ്ഠത പാലിക്കൽ, മുൻവിധിയിൽ നിന്നും പക്ഷപാതത്തിൽ നിന്നും സ്വാതന്ത്ര്യം നേടൽ, തുറന്ന മനസ്സ്, ശാസ്ത്രീയ തെളിവില്ലാത്ത വിധിപ്രസ്താവനങ്ങളെ തള്ളിക്ക ളയാനുള്ള മനോഭാവം എന്നിങ്ങനെയുള്ള അടിസ്ഥാനശേഷികളും ശീലങ്ങളും വളർത്തിയെടുക്കുക.

* മാനവികതയിലൂന്നിയ മൂല്യബോധം വളർത്താൻ സഹായിക്കുക.

* അന്വേഷണങ്ങളിലും കണ്ടെത്തലുകളിലും ബുദ്ധിപരമായ സത്യസന്ധത പാലിക്കാ നുള്ള പരിശീലനം ലഭ്യമാക്കുക.

* പ്രപഞ്ചത്തെയും ജീവജാലങ്ങളെയും സ്നേഹിക്കാനും ദയ, അനുകമ്പ തുടങ്ങിയ മാനവികമൂല്യങ്ങൾ പരിഗണിച്ചുകൊണ്ട് ഗവേഷണങ്ങൾ നടത്താനുമുള്ള ശേഷി നേടുക.

* കാലാവസ്ഥാവ്യതിയാനം, മലിനീകരണം, ആവാസവ്യവസ്ഥയുടെ നാശം തുടങ്ങിയ പാരിസ്ഥിതികപ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവ ലഘൂകരി

ക്കാൻ ശാസ്ത്രീയമായി സ്വീകരിക്കേണ്ട മാർഗങ്ങൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും കഴിവുണ്ടാക്കുക.

* പ്രകൃതിയിലെ പാരസ്പരാശ്രയത്വം തിരിച്ചറിയുക.
* സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.
* സുസ്ഥിരവികസനം എന്ന ആശയം വ്യാപിപ്പിക്കുക.
* ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

## സയൻസ് ക്ലബ്ബ്

ക്ലാസ് മുറികളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി നിർമ്മിക്കുന്ന സെമിനാർ പേപ്പറുകൾ, പ്രോജക്ട് ഉപകരണങ്ങൾ, ബോധവത്ക്കരണോപാധികൾ, റിപ്പോർട്ട്, പരീക്ഷണങ്ങൾ, സ്കിറ്റുകൾ തുടങ്ങിയവ അവതരിപ്പിക്കുന്നതിനുള്ള ഒരു വേദിയായി സ്കൂൾ സയൻസ് ക്ലബ്ബ് മാറണം. പലപ്പോഴും ശാസ്ത്രമേള മാത്രം ലക്ഷ്യമാക്കിയാണ് സ്കൂൾ സയൻസ് ക്ലബ്ബ് പ്രവർത്തിക്കുന്നത്. ഇതിന് മാറ്റം വരുത്തി, കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള ശക്തമായ ഒരുപാധിയായി ശാസ്ത്രക്ലബിനെ മാറ്റിയെടുക്കേണ്ടതുണ്ട്. ജൂൺ മാസത്തിൽ തന്നെ ക്ലബ് പ്രവർത്തനം ആരംഭിക്കുകയും ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യുകയും വേണം. വർഷാവസാനം കുട്ടികളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഒരു ശാസ്ത്രപ്രദർശനം സംഘടിപ്പിക്കാം. ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, പ്രത്യേകവിഷയങ്ങളിലുള്ള വിദഗ്ധക്ലാസുകൾ, സെമിനാറുകൾ തുടങ്ങി ധാരാളം സാധ്യതകൾ സയൻബ്ബിന് മുന്നിലുണ്ട്.

## ടീച്ചർ ടെക്സ്റ്റ്

അധ്യാപികയുടെ ദൈനംദിനാസൂത്രണത്തിന് സഹായകമായതും പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതും കൂടുതൽ വിവരങ്ങൾ കണ്ടെത്താൻ അധ്യാപകരെ പ്രേരിപ്പിക്കുന്നതും ആവശ്യമായ അധികവിവരം നൽകുന്നതും ആയിരിക്കണം ടീച്ചർ ടെക്സ്റ്റ്. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ, അധികമായുള്ള പ്രവർത്തനങ്ങൾ, വിലയിരുത്തൽ മാതൃകകൾ, വിനിമയ തന്ത്രങ്ങൾ എന്നിവയിൽ അധ്യാപകർക്ക് കൂടുതൽ ഉൾക്കാഴ്ച നൽകേണ്ടതുണ്ട് എന്നതാണ് ടീച്ചർ ടെക്സ്റ്റിന്റെ പ്രസക്തി. അതിനാൽ താഴെപ്പറയുന്ന ഘടകങ്ങൾ ടീച്ചർ ടെക്സ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആമുഖം**

ഓരോ യൂണിറ്റിനും ആമുഖം നൽകിയിട്ടുണ്ട്. ആ പാഠഭാഗം ലക്ഷ്യം വയ്ക്കുന്ന പ്രധാനാശയങ്ങൾ, കുട്ടികളിൽ വികസിക്കേണ്ട പ്രക്രിയാശേഷികൾ, ഉണ്ടാവേണ്ട മൂല്യങ്ങളും മനോഭാവങ്ങളും, വിഷയത്തിന്റെ സാമൂഹ്യ പ്രാധാന്യം എന്നിവ ആമുഖത്തിൽ സൂചിപ്പിക്കുന്നു. ഓരോ പാഠഭാഗത്തിലേക്കുള്ള വാതിലുകളാണ് ആമുഖം.

**പഠനലക്ഷ്യങ്ങൾ**

ഓരോ ശാസ്ത്രപ്രവർത്തനത്തിനും ഒരു ലക്ഷ്യമുണ്ടായിരിക്കണം. യൂണിറ്റുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങളെക്കുറിച്ച് ധാരണ കൈവരിക്കുന്ന രീതിയിൽ പഠനലക്ഷ്യങ്ങൾ ഓരോന്നായി ഇവിടെ നൽകിയിട്ടുണ്ട്. ശാസ്ത്രപഠനലക്ഷ്യങ്ങൾ നേടുന്നതിന് ഊന്നൽ നൽകേണ്ട പഠനതന്ത്രങ്ങളും ഇതിൽ സൂചിപ്പിക്കുന്നുണ്ട്.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| അക്കാദമികം<br>പാഠ്യപദ്ധതി വിഭാവനം ചെയ്തിരിക്കുന്ന ശേഷികൾ എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല. | *അടിസ്ഥാന ആശയങ്ങൾ ലഭിക്കാത്തത്.<br>* ആശയവിനിമയ ശേഷിയിലെ പോരായ്മ.<br><br>* നേരനുഭവങ്ങളുടെ അഭാവം<br>* ഗണിത പ്രശ്നനിർദ്ധാരണത്തിലുള്ള ശേഷിക്കുറവ്.<br>* വ്യത്യസ്തശേഷിയുള്ള കുട്ടികൾ<br>* പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള വൈമുഖ്യം.<br>* ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷിക്കുറവ്.<br>* പരീക്ഷണം, നിരീക്ഷണം, സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്ന പരിഹാരത്തിന് കഴിയുന്നില്ല. | ✓<br>✓<br>✓ | ✓<br>✓<br>✓<br>✓<br>✓ | | * പഠനത്തോടുള്ള താല്പര്യമില്ലായ്മ.<br>* ശരിയായ ഭാഷാശേഷി വികസിക്കാത്ത കുട്ടികൾ, കുടിയേറ്റ വിഭാഗക്കാരുടെ കുട്ടികൾ.<br>* പാഠ്യപദ്ധതിക്ക് ആനുപാതികമായ സമയം ലഭിക്കുന്നില്ല.<br>* അടിസ്ഥാന ഗണിതശേഷിക്കുറവ്<br>* എല്ലാ കുട്ടികളെയും ഒരേപോലെ പരിഗണിക്കാനുള്ള സമയക്കുറവ്<br>* ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ടുകൊണ്ടുള്ള പാഠാസൂത്രണം ചെയ്യുന്നുണ്ടെങ്കിലും എല്ലാ കുട്ടികളിലും അത് പ്രാവർത്തികമാക്കുന്നതിന് സമയക്കുറവ് മൂലം സാധിക്കുന്നില്ല. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭൗതികം<br>എല്ലാ കുട്ടികൾക്കും പഠനത്തിന്റെ നേരനുഭവം ലഭിക്കത്തക്ക രീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സാധിക്കുന്നില്ല.<br>ഫണ്ടിന്റെ ലഭ്യതക്കുറവ് | * അശാസ്ത്രീയമായ ശാസ്ത്ര ലാബ്. | | | ✓ | * നിലവിൽ ലാബ് എ.പി.ജെ. ബ്ലോക്കിൽ മൂന്നാമത്തെ നിലയിലാണ്. ക്ലാസ് സമയത്ത് കുട്ടികളെ അവിടെ എത്തിച്ച് പരീക്ഷണങ്ങൾ കാണിച്ച് തിരിച്ചെത്തിക്കുന്നത് ബുദ്ധിമുട്ടാണ്. |
| | * കുട്ടികൾക്ക് ആനുപാതികമായ സാമഗ്രികളുടെ ലഭ്യത കുറവ്. | | | ✓ | * ഫണ്ടിന്റെ അപര്യാപ്തത |
| | * ക്ലാസ് പ്രവർത്തനങ്ങളും ലാബ് പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടുപോകുന്നതിലുള്ള ബുദ്ധിമുട്ട്. | | | ✓ | * ലാബിൽ പഠനപ്രക്രിയകൾ ആവിഷ്ക്കരിക്കുന്നതിനുള്ള സംവിധാനമില്ല. |
| സാമൂഹികം<br>* പ്രായോഗിക അനുഭവങ്ങൾ ലഭിക്കുന്നരീതിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം കൂടുതൽ ശക്തമാക്കുക. | * അനുഭവജ്ഞാനം ഉള്ള വ്യക്തികളുടെ സേവനം നന്നായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. | ✓ | | | സമയക്കുറവ് |
| * പരിമിതമായ സാമൂഹിക വൈകാരിക, സാംസ്കാരിക സാമ്പത്തിക പശ്ചാത്തലം | പരിമിതമായ സാമൂഹിക, സാംസ്കാരിക, വൈകാരിക, സാമ്പത്തിക പശ്ചാത്തലമുള്ള കുട്ടികൾ | | ✓ | | |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അക്കാദമികം<br>അടിസ്താന ആശയങ്ങൾ ലഭിക്കാത്തത് | * പ്രീടെസ്റ്റ് നടത്തുന്നു.<br>* ലഭിക്കേണ്ട ആശയങ്ങൾ ഉൾപ്പെടുത്തി മോഡ്യൂൾ ക്ലാസ്സ് നൽകുന്നു.<br>* Peer group സഹായം തേടുന്നു. | ആദ്യ ആഴ്ച | അതാതു ക്ലാസ്സിലെ അധ്യാപകർ<br>Peer group | ഫോട്ടോ കോപ്പി | |
| | * ആശയവിനിമയ ശേഷിയിലെ പോരായ്മ | * പ്രീടെസ്റ്റ്<br>* Peer group ന്റെ സഹായത്തോടെ ശേഷി ആർജ്ജിക്കുന്നു.<br>* ചെറിയ ആശയങ്ങൾ മുൻകൂട്ടി നൽകിയിട്ട് അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ആദ്യ രണ്ട് ആഴ്ച | അതാതു ക്ലാസ്സിലെ അധ്യാപകർ<br>Peer group | | |
| | * നേരനുഭവങ്ങളുടെ അഭാവം | പഠനപ്രവർത്തനങ്ങൾ പ്രക്രിയാ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ആക്കുന്നു.<br>* പരീക്ഷണങ്ങൾ /നിരീക്ഷണങ്ങൾ<br>* ഫീൽഡ് വിസിറ്റ്<br>*പഠന ഉപകരണ നിർമ്മാണം<br>* സയൻസുമായി ബന്ധപ്പെട്ട മത്സരങ്ങളിലെ അവസരം. | ദീർഘകാലം | എച്ച്.എം.<br>അധ്യാപകർ | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | * ഗണിതപ്രശ്ന നിർദ്ധാരണത്തിനുള്ള ശേഷിക്കുറവ് | * പ്രീടെസ്റ്റ്<br>* ഗണിത അധ്യാപകരുടെയും Peer group ന്റെയും സഹായം തേടുന്നു. | ഒരു മാസം | അധ്യാപകർ<br>Peer group | ഫോട്ടോ കോപ്പി | |
| | * വ്യത്യസ്ത ശേഷിയുള്ള കുട്ടികൾ | * വൈവിധ്യമാർന്ന പഠന അനുഭവങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു. | ദീർഘകാലം | അധ്യാപകർ<br>പി.റ്റി.എ.<br>എച്ച്.എം. | പഠന ഉപകരണങ്ങൾ | |
| | * പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള വൈമുഖ്യം ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷിക്കുറവ് പരീക്ഷണം, നിരീക്ഷണം സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്നപരിഹാരത്തിന് സാധിക്കുന്നില്ല. | എല്ലാ കുട്ടികളുടെയും പങ്കാളിത്തം പരീക്ഷണങ്ങളിൽ ഉറപ്പാക്കുന്നു.<br>പ്രായോഗിക അനുഭവങ്ങൾ ലഭ്യമാകുന്ന രീതിയിൽ ഉള്ള വർക്ക്ഷോപ്പ് | ദീർഘകാലം<br>ജൂലൈ – ആഗസ്റ്റ് | എച്ച്.എം.<br>പി.റ്റി.എ.<br>എസ്.എം.സി.<br>അധ്യാപകർ | പഠന സാമഗ്രികൾ | |
| 1. | ഭൗതികം<br>ലാബ്<br>അനുബന്ധ പ്രവർത്തനങ്ങൾ | ലാബ് ശാക്തീകരണം<br>ഡിസ്പ്ലേ ബോർഡ്<br>സ്കൂൾ ഒരു പാഠശാല,<br>ബുള്ളറ്റിൻബോർഡ്, ക്ലാസ് ലൈബ്രറി<br>വീട് ഒരു പാഠശാല<br>കുട്ടി ശാസ്ത്രജ്ഞൻ | ദീർഘകാലം | എച്ച്.എം., പി.റ്റി.എ.<br>അധ്യാപകർ | പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികൾ ഉറപ്പാക്കുക. | |
| 2. | സാമൂഹികം<br>കുട്ടികളുടെ സാമൂഹ്യ പശ്ചാത്തലം<br>സാമൂഹിക പങ്കാളിത്തം ശക്തമാക്കുക | കുട്ടിയെ തിരിച്ചറിയൽ, ഓരോ കുട്ടിക്കും അനുസരിച്ചുള്ള പ്രവർത്തന ആസൂത്രണം<br>ലോക്കൽ റിസോഴ്സ് മാപ്പിംഗ് | ദീർഘകാലം<br>ദീർഘകാലം | എച്ച്.എം., പി.റ്റി.എ<br>എസ്.എം.സി.<br>അധ്യാപകർ | ആവശ്യമാണ് | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| 1. അക്കാദമികം | അടിസ്ഥാന ആശയങ്ങൾ ലഭിക്കാത്തത്, ആശയ വിനിമയ ശേഷിയിലെ പോരായ്മ ഗണിത പ്രശ്ന നിർദ്ധാരണ ത്തിലെ ശേഷിക്കുറവ്. | സ്കൂൾ തുറക്കുന്ന മാസം തന്നെ കുട്ടിക്ക് അടിസ്ഥാന ആശയ ങ്ങൾ, ഗണിത പ്രശ്ന നിർദ്ധാരണശേഷി<br>ആശയ വിനിമയശേഷി<br>എന്നിവ ആർജ്ജിക്കാൻ സാധിക്കുന്നു. | 8, 9, 10 ക്ലാസ്സുകളിൽ കുട്ടികളെ കണ്ടെത്തുന്ന രീതിയിലുള്ള ചോദ്യപേപ്പർ തയ്യാറാക്കി ആദ്യദിവസം തന്നെ പ്രീ-ടെസ്റ്റ് ആദ്യദിവസം തന്നെ പ്രീടെസ്റ്റ് നടത്തുന്നു.<br><br>അക്ഷരജ്ഞാനം ഇല്ലാത്ത കുട്ടികൾ<br>Peer group ന്റെ സഹായത്തോടെ അക്ഷരജ്ഞാനം ഉറപ്പാക്കുന്നു.<br>ആശയ വിനിമയ ശേഷിക്കുറവ്<br>* സ്കൂൾ അസംബ്ലിയിൽ അവസരം നൽകുന്നു.<br>* ചെറിയ ആശയങ്ങൾ നൽകിയിട്ട് ക്ലാസ് അവതരണത്തിനുള്ള അവസരങ്ങൾ നൽകുന്നു.<br>* കല, കായിക, ശാസ്ത്ര മേളകളിൽ ക്ലാസ് അധ്യാപകരുടെ സഹായത്തോടെ ഇത്തരം കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>* ദിനാചരണങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>അടിസ്ഥാന ആശയം ഇല്ലാത്ത കുട്ടികൾ<br>പഠനലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി പ്രത്യേക ബ്രിഡ്ജിംഗ് മെറ്റീരിയൽ തയ്യാറാക്കി ആദ്യ ആഴ്ച പരിശീലിപ്പിക്കുന്നു.<br>അക്കജ്ഞാനം ഇല്ലാത്ത കുട്ടികൾ<br>ക്ലാസ് അധ്യാപകർ, ഗണിത അധ്യാപകർ, Peer group എന്നിവരുടെ സഹായത്തോടെ ആദ്യമാസംകൊണ്ട് നിർദ്ദിഷ്ഠ ശേഷിയിലേക്ക് എത്തിക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | നേരനുഭവങ്ങളുടെ അഭാവം | വ്യത്യസ്തശേഷിയുള്ള കുട്ടികളും മനസ്സിലാക്കി വ്യത്യസ്ത പഠനാനുഭവങ്ങൾ നൽകുക.<br>നേരനുഭവങ്ങൾക്കൊപ്പം വിമർശനാത്മക ചിന്തയ്ക്കും വിശകലനാത്മക ചിന്തയ്ക്കും സഹായകമായ രീതിയിലെ അനുഭവങ്ങൾ നൽകുക.<br>നൂതന ചിന്തകളെ പരിപോഷിപ്പിക്കാനും ഗവേഷണങ്ങൾ സ്വയം ഏറ്റെടുക്കാനുമുള്ള അവസരങ്ങൾ നൽകണം.<br>അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വിശകലനം ചെയ്യാനും ശാസ്ത്രീയമനോഭാവം ജീവിതശൈലിയായി സ്വീകരിക്കാനും അവ പ്രചരിപ്പിക്കാനുമുള്ള ശേഷി ഉണ്ടാക്കുക. | പരീക്ഷണങ്ങൾ, നിരീക്ഷണം, വിശകലനം എന്നിവ എല്ലാകുട്ടികൾക്കും ലഭ്യമാകുന്ന രീതിയിൽ പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കുന്നു.<br><br>ഫീൽഡ് വിസിറ്റ്-ജൂൺമാസം അവസാനം<br>സെപ്റ്റംബർ മാസം<br>സയൻസ് അസംബ്ലി ജൂലൈ 21 ചാന്ദ്രദിനം<br>ജൂലൈ 4- മാഡംക്യൂറി ചരമദിനം<br>ആഗസ്റ്റ് 6 -ഹിരോഷിമ ദിനം<br>സെപ്റ്റംബർ 16-ഓസോൺ ദിനം<br>ഒക്ടോബർ 21 - മോൾ ദിനം<br>ഫെബ്രുവരി 28 - ദേശീയ ശാസ്ത്രദിനം<br><br>* പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും, ശാസ്ത്രമേളയോടനുബന്ധിച്ച്<br>* സയൻസുമായി ബന്ധപ്പെട്ട മത്സരങ്ങൾ കണ്ടെത്തുകയും പരമാവധി പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു.<br>* പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും.<br>നിർമാണം - മാസത്തലെ അവസാനത്തെ വെള്ളിയാഴ്ച<br>പ്രദർശനം - സയൻസ് മേളയിൽ<br>* Expert Class |
| | പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള വൈമുഖ്യം ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷിക്കുറവ്, പരീക്ഷണം | എല്ലാ കുട്ടികളെയും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ശേഷിയിൽ എത്തിക്കുക. | * ആർജ്ജിച്ച അറിവിന്റെ പ്രായോഗിക അനുഭവങ്ങൾ ലഭിക്കത്തക്ക രീതിയിലുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു.<br>(ഓണാവധി സമയത്ത്) |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | നിരീക്ഷണം, സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്ന പരിഹാരത്തിന് സാധിക്കുന്നില്ല. | | * ക്ലാസ് പ്രവർത്തനങ്ങളിൽ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്കൊപ്പം എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. |
| ഭൗതികം | ലാബ് പരിമിതികൾ | ലാബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.<br><br>അനുബന്ധപ്രവർത്തനങ്ങൾ | * മാറിയ പാഠ്യപദ്ധതിക്കനുസരിച്ചുള്ള ലാബ് സാമഗ്രികളും ഉപകരണങ്ങളും ജൂൺമാസം തന്നെ ലഭ്യമാക്കും.<br>* ലാബിൽ ക്ലാസ് കൈകാര്യം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ജൂൺ മാസം തന്നെ തയ്യാറാക്കുക.<br>* മൈക്രോലാബുകൾ സജ്ജീകരിക്കും.<br>* ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തങ്ങൾ, ശാസ്ത്രതത്വങ്ങൾ തുടങ്ങി ശാസ്ത്ര മനോഭാവം വളർത്തുന്ന അറിവുകൾ അടങ്ങിയ ഡിസ്പ്ലേ ബോർഡുകൾ സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നു.<br>സ്കൂൾ ഒരു പാഠശാല<br>* സ്കൂൾ ചുവരിൽ ശാസ്ത്രബോധം വളരുന്ന രീതിയിലുള്ള ചിത്രങ്ങളും അറിവുകളും ജൂൺ മാസത്തോടുകൂടി പ്രദർശിപ്പിക്കുന്നു.<br>* ബുള്ളറ്റിൻ ബോർഡ് – എല്ലാ ദിവസവും സയൻസുമായി ബന്ധപ്പെട്ട വാർത്തകൾ സയനസ് ക്ലാസിന്റെ നേതൃത്വത്തിൽ പ്രദർശിപ്പിക്കുന്നു.<br>* ലൈബ്രറി ശാക്തീകരണം –സ്കൂൾ ലൈബ്രറിയിലും ക്ലാസ് ലൈബ്രറിയിലും സയൻസുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഉറപ്പാക്കുന്നു.<br>* കുട്ടികൾ വായനക്കുറിപ്പുകളും വിശകലനക്കുറിപ്പുകളും തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം നൽകുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | | | വീട് ഒരു പാഠശാല- കുട്ടി ശാസ്ത്രജ്ഞർ കുട്ടികൾ ആർജ്ജിച്ച അറിവ് ഉപയോഗിച്ച് വീട്ടിൽ ലഭ്യമായ വസ്തുക്കൾ കൊണ്ട് പരീക്ഷണങ്ങൾ നടത്തുന്നതിനും സ്കൂളിൽ അത് പ്രദർശിപ്പിക്കുന്നതിനും വീഡിയോ എടുത്ത് മീഡിയയിലൂടെ പ്രചരിപ്പിക്കുന്നതിനും അവസരം നൽകുന്നു. |
| സാമൂഹികം | വൈവിധമാർന്ന സാംസ്കാരിക സാമൂഹിക, സാമ്പത്തിക, വൈകാരിക പശ്ചാത്തലമുള്ള കുട്ടികൾ<br><br>സാമൂഹിക പങ്കാളിത്തം | കുട്ടികളുടെ പശ്ചാത്തലം മനസ്സിലാക്കി ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.<br>സാമൂഹിക പങ്കാളിത്തം ശക്തമാക്കുക | * ഗൃഹസന്ദർശനം നടത്തിയും, ക്ലാസ് ടീച്ചറിന്റെ സഹായത്തോടെയും കുട്ടികളുടെ പശ്ചാത്തലം മനസ്സിലാക്കുന്നു. ഓരോ കുട്ടിയുടേയും കഴിവിനും പരിമിതിക്കും അനുസരിച്ച് പഠനപ്രക്രിയകൾ ആസൂത്രണം ചെയ്യുന്നു.<br><br>പ്രാദേശികമായി ലഭ്യമായിട്ടുള്ള റിസോഴ്സ് പേഴ്സൺ ഡീട്ടെയിൽസ് ശേഖരിക്കുകയും അവശ്യഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. |

## തനത് പ്രവർത്തനം

# Learn To Earn

പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് Soap, lotion, liquid chlorine തുടങ്ങിയ വസ്തുക്കളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. കൂടാതെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പ്രകൃതിസൗഹൃദ ഉല്പന്നങ്ങളായ തുണി സഞ്ചി, ചവിട്ടി, പേപ്പർബാഗ് തുടങ്ങിയവയുടെ നിർമ്മാണത്തിന് പരിശീലനം നൽകുന്നു. കുട്ടികൾ നിർമ്മിക്കുന്ന വസ്തുക്കളുടെ പ്രദർശനത്തിനും വില്പനയ്ക്കും അവസരം നൽകുന്നു. ഇതിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതം സാമൂഹികനന്മയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സഹവർത്തിത്വം, സഹാനുഭൂതി, സഹകരണ മനോഭാവം, സാമൂഹ്യപ്രതിബദ്ധത എന്നീ മൂല്യങ്ങൾ വളരാൻ സഹായകമാകുന്നു.

# ജീവശാസ്ത്രം

## ആമുഖം

ശാസ്ത്രത്തിന്റെയും സാങ്കേതകവിദ്യയുടെയും യുഗത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ മുന്നേറ്റം ജീവിതത്തെ ആവാസരഹിതവും ആസ്വാദ്യകരവുമാക്കുന്നു. കല്ലിൽ നിന്ന് ഉപകരണം ഉണ്ടാക്കി തുടങ്ങിയമനുഷ്യന്റെ ശാസ്ത്രചിന്തകൾ ഇന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ എത്തി നിൽക്കുന്നു. ശാസ്ത്രബോധമുള്ള ഒരു വിജ്ഞാന സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ശാസ്ത്രവിദ്യാഭ്യാസത്തിന്റെ പൊതുലക്ഷ്യം. തന്റെ ചുറ്റുപാടുകളെ വിമർശനാത്മകമായി നിരന്തരം ചോദ്യം ചെയ്യാനും അന്വേഷണാത്മക പഠനങ്ങൾ നടത്താനും അവയെ വിശകലനം ചെയ്യാനും നിഗമനങ്ങൾ രൂപീകരിക്കുവാനും വീണ്ടും അന്വേഷണങ്ങൾ തുടരുവാനുമുള്ള ശേഷി, പരിസ്ഥിതിയെ അറിയാനും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താനുള്ള ശേഷികൾ എന്നിവ ജീവശാസ്ത്രപഠനത്തിലൂടെ ഓരോ കുട്ടിയും ആർജ്ജിക്കേണ്ടതുണ്ട്. ജീവശാസ്ത്രപഠനം പരിപോഷിപ്പിക്കുന്നതിനായി വിദ്യാലയം ഒരു പാഠപുസ്തകമായി മാറണം. ജീവശാസ്ത്രപഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ നടത്തുന്നത്.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| 1. അക്കാദമികം<br>പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുന്നില്ല. | ചില ജീവശാസ്ത്ര ടേമുകൾ ഗ്രഹിക്കുവാനുള്ള ബുദ്ധിമുട്ട് | ✓ | | | ഇംഗ്ലീഷ് പദമായതിനാൽ മലയാളം മീഡിയം കുട്ടികൾക്ക് ഗ്രഹിക്കാൻ ബുദ്ധിമുട്ട്യ |
| | പാഠഭാഗങ്ങളുടെ തുടർച്ച ഇല്ലായ്മ (Bridging) | | ✓ | | പാഠപുസ്തകം പരിഷ്കരിച്ചപ്പോൾ കഴിഞ്ഞ ക്ലാസ്സുകളിൽ നിന്ന് മുന്നറിവുകൾ ലഭിക്കാതെ പോയത് (കഴിഞ്ഞ വർഷം പഠിച്ച ചില പാഠഭാഗങ്ങളുടെ തുടർച്ചയില്ലാത്തത്) |
| | 8, 9 ക്ലാസ്സുകളിൽ പിരീഡുകളുടെ കുറവ് | | ✓ | | Content കൂടുതലായതിനാൽ സമയക്കുറവ് നേരിടുന്നു. |
| | പിന്നാക്കക്കാർ പഠനപ്രവർത്തനങ്ങളിൽ ലഭ്യമല്ല. | | ✓ | | പഠനപിന്തുണ നൽകുന്ന ക്ലാസ്സുകളിൽ പങ്കെടുക്കുന്നില്ല. |
| 2. ഭൗതികം | 1. സയൻസ് ലാബ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ. | | ✓ | | സയൻസ് ലാബിൽ ഡമോൺസ്ട്രേഷൻ സൗകര്യം ഇല്ലാത്തത്. |
| | 2. പാഠഭാഗവുമായി ബന്ധപ്പെട്ട അധികവായനയ്ക്കുള്ള കുറവ് | ✓ | | | ലൈബ്രറിയിൽ ബയോളജിയുമായി ബന്ധപ്പെട്ട ശാസ്ത്ര പുസ്തകങ്ങളുടെ കുറവ്. |
| 3. സാമൂഹികം | ഫീൽഡ് ട്രിപ്പ് | ✓ | | | ഒരു ചാപ്റ്ററിനകത്തുവരുന്ന content field trip വഴി പഠിക്കുന്നതാണ് സൗകര്യം. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| | ജൈവവൈവിധ്യ സംരക്ഷണം മെച്ചപ്പെടുത്തൽ, ജൈവ വൈവിധ്യ ഉദ്യാനം മെച്ചപ്പെടുത്തൽ. | ✓ | | | ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ധാരണ കൈവരിക്കാൻ. |
| | പരിസരശുചിത്വം, ആരോഗ്യ സുരക്ഷ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ, മഴക്കാല രോഗങ്ങളിൽ നിന്നുള്ള പ്രതിരോധം. | | ✓ | | പരിസ്ഥിതി സംരക്ഷണത്തിൽ ബോധവാന്മാരാക്കാൻ (ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ പിന്തിരിപ്പിക്കുന്നു.) |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അക്കാദമികം | പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക.<br>ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ, ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കുന്നത്. | 2025-26 അധ്യയനവർഷത്തെ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളും മറ്റ് പ്രമുഖ ദിനങ്ങളും. | സയൻസ് ക്ലബ്ബ് അധ്യാപകരോടൊപ്പം ജീവശാസ്ത്ര അധ്യാപകരും | സ്കൂൾ സയൻസ് ക്ലബ്ബ് പി.റ്റി.എ. | കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുക. |
| 2. | | ശാസ്ത്രഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കൽ.<br>കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളും ബാലശാസ്ത്ര കോൺഗ്രസ് പോലുള്ള മത്സരങ്ങൾക്ക് പങ്കെടുക്കാനുള്ള പ്രോജക്ടുകളും തയ്യാറാക്കൽ. | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | സയൻസ് ക്ലബ്ബ് ജീവശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് | ശാസ്ത്രീയ മനോഭാവം രൂപപ്പെടുകയും അത് സമൂഹത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നു. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3. | | പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യൽ, ആവശ്യമുള്ള സാധനങ്ങളും സാമഗ്രികളും ലിസ്റ്റ് ചെയ്യൽ പ്രവർത്തന ആവശ്യമുള്ള സാമഗ്രികളുടെ കുറവുണ്ടെങ്കിൽ അത് വാങ്ങിക്കൽ | | ജീവശാസ്ത്രം അധ്യാപകർ | പി.ടി.എ. | സയൻസ് ലാബ് നവീകരിക്കൽ |
| 4. | | വാൾ മാഗസിൻ / കയ്യെഴുത്ത് മാസിക നിർമ്മാണം. ക്ലാസ് റൂം പഠനപ്രവർത്തനങ്ങളുടെ ഭാഗമായും വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായും ശാസ്ത്ര മാഗസിനുകൾ നിർമ്മിക്കുന്നതിന് | 2025-26 അധ്യയന വർഷം | സയൻസ് അധ്യാപകരോടൊപ്പം ജീവശാസ്ത്ര അധ്യാപകരും | സയൻസ് ക്ലബ്ബ് | കുട്ടികളുടെ ശാസ്ത്രീയമനോഭാവം വർദ്ധിപ്പിക്കുക ശാസ്ത്രീയതാല്പര്യംവർദ്ധിപ്പിക്കുക. ശാസ്ത്രത്തെ കൂടുതൽ രസകരമാക്കുക |
| 5 | ഭൗതികം | ക്ലാസ് റൂമിലെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ലൈബ്രറി പുസ്തകങ്ങൾ ഒരുക്കുക. | 2025-26 അധ്യയന വർഷം | ജീവശാസ്ത്രം അധ്യാപകർ | പി.ടി.എ. പൂർവ വിദ്യാർത്ഥികൾ | ശാസ്ത്രതാല്പര്യം വളർത്തുക,അധിക |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | മറ്റ് ഏജൻസികൾ | വായന പ്രോത്സാഹിപ്പിക്കുക, നല്ലൊരു വായനശീലം ഉണ്ടാക്കിയെടുക്കുക |
| 6. | | ജീവശാസ്ത്രം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ അറിവ് നേടുന്നതിനായി വിദഗ്ധരുമായി അഭിമുഖം നടത്തുക. കർഷകർ, ആരോഗ്യപ്രവർത്തകർ, ശാസ്ത്രജ്ഞർ തുടങ്ങിയവരുമായി വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ അഭിമുഖം നടത്തുന്നു. | 2025-26 അധ്യയന വർഷം | ജീവശാസ്ത്ര അധ്യാപകർ | | കുട്ടികൾക്ക് നേരനുഭവം നൽകി പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിന്. |
| 7. | | ഫീൽഡ് ട്രിപ്പ്. പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ഇടങ്ങൾ സന്ദർശിക്കൽ, കൃഷി അടുത്തറിയാനായി വയൽ സന്ദർശിക്കൽ, പച്ചത്തുരുത്ത് സന്ദർശിക്കൽ, ബൊട്ടാണിക്കൽ ഗാർഡൻ, സുവോളജിക്കൽ പാർക്കുകൾ തുടങ്ങിയവ സന്ദർശിക്കൽ, വിവിധ കൃഷിരീതികൾ പരിചയപ്പെടൽ. | 2025-26 അധ്യയന വർഷം | ജീവശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് | കുട്ടികളിൽ അനുഭവാത്മക പഠനം സാധ്യമാകുന്നതിന് ശാസ്ത്ര താൽപര്യം വളർത്തിയെടുക്കാൻ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 8. | | സ്കൂളിലെ ജൈവവൈവിധ്യ ഉദ്യാനം സംരക്ഷിക്കുന്നു. | 2025-26 അധ്യയന വർഷം | സയൻസ് അധ്യാപകർ | | കുട്ടികളെ പ്രകൃതിയു മായി കൂടു തൽ അടു പ്പിക്കുക. പ്രകൃതിയു മായി ഇണ ങ്ങിച്ചേർന്ന് ശാസ്ത്ര പഠനം സാധ്യമാ ക്കുക. |
| 9. | | സ്കൂളിൽ പച്ചക്കറിത്തോട്ടം ഒരുക്കു കയും പരിപാലിക്കുകയും ചെയ്യുന്നു. | 2025-26 അധ്യയന വർഷം | വിവിധ ക്ലബ്ബുകൾ ശാസ്ത്ര അധ്യാപകർ | | കുട്ടികൾക്ക് കൃഷി നേ രിട്ടറിയാനു ള്ള അനുഭ വങ്ങൾ ഒരുക്കുന്നത് കൃഷിയിൽ പങ്കാളി കളായി ശാ സ്ത്രീയ മനോഭാവ മുള്ള കൃഷി ക്കാരായി വളരുക. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 10 | | സ്കൂളിലെ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും അവ തിരിച്ചറിഞ്ഞ് പേര് നൽകുന്നതിനും സ്കൂളിലെ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നത്. | ഒക്ടോബർ മുതൽ മാർച്ച് വരെ | ക്ലാസ് 8 വിദ്യാർത്ഥികൾ, ജീവശാസ്ത്ര അധ്യാപകർ | | പഠനലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട ബയോഡൈവേഴ്സിറ്റി രജിസ്റ്ററാക്കി സ്കൂൾ പരിസരത്ത് സസ്യങ്ങൾ സംരക്ഷിക്കൽ. |
| 11. | | ലഹരിവിമുക്ത പ്രവർത്തനങ്ങൾ | 2025-26 അധ്യന വർഷം | വിവിധ ക്ലബ്ബുകൾ ജീവശാസ്ത്ര അധ്യാപകർ | | കുട്ടികളെ ലഹരിവസ്തുക്കളുടെ പിടിയിലകപ്പെടാതെ സംരക്ഷിക്കുക. |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| അക്കാദമികം | ജീവശാസ്ത്ര ടേമുകൾ ഗ്രഹിക്കാനുള്ള ബുദ്ധിമുട്ട് | പഠനവിടവ് നികത്തി പഠനലക്ഷ്യം എല്ലാവരിലും എത്തിക്കുക. | ആവർത്തിച്ച് എഴുതിക്കുകയും പറയുകയും ചെയ്യുന്നു. ENT, Eye ുലരശമഹശരെ എന്നിവരെ പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നൽകുന്നു. |
| | പാഠഭാഗങ്ങളുടെ തുടർച്ച ഇല്ലായ്മ | ” | അധികസമയം കണ്ടെത്തി ലഭ്യമല്ലാത്ത പാഠഭാഗങ്ങൾ ഉറപ്പിക്കുന്നു. അതുവഴി പാഠഭാഗം ഗ്രഹിക്കാനുള്ള ബുദ്ധിമുട്ട് കുറയ്ക്കുന്നു. |
| | 8, 9 ക്ലാസ്സുകളിൽ പിരീഡുകളുടെ കുറവ് | ” | അധികസമയം കണ്ടെത്തി കുറവ് പരിഹരിക്കുന്നു. |
| | പിന്നാക്കകാർ പഠന പ്രവർത്തനങ്ങളിൽ കൃത്യമായി ഏർപ്പെടുന്നു. | | പിന്നാക്കക്കാരെ ഉദ്ദേശിച്ച് പ്രത്യേകം ലളിതമായ പഠനപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കും. |
| ഭൗതികം | സയൻസ് ലാബ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ | Hands on learning ഒരുക്കിക്കൊടുക്കുക. | സയൻസ് ലാബിൽ ഡെമോൺസ്ട്രേഷൻ സൗകര്യം ഒരുക്കിത്തരുക. പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികളെക്കൊണ്ട് ഡെമോൺസ്ട്രേഷൻ ചെയ്യിക്കുന്നു. |
| | പാഠഭാഗവുമായി ബന്ധപ്പെട്ട അധികവായനയ്ക്കുള്ള കുറവ് | ശാസ്ത്രത്തെ കൂടുതൽ explore ചെയ്യാനുള്ള അവസരമുണ്ടാക്കുക. | സബ്ജക്ടുമായി ബന്ധപ്പെട്ട ശാസ്ത്രപുസ്തകങ്ങൾ ഒരുക്കിതരുക. കുട്ടകളുടെ പഠനം രസകരമാക്കാൻ പാഠഭാഗവുമായി ബന്ധപ്പെട്ട് wall magazine (ഓരോ മാസവും) competitin basis ൽ തയ്യാറാക്കുക. |
| സാമൂഹികം | ഫീൽഡ് ട്രിപ്പ് | നേരനുഭവങ്ങൾ ലഭ്യമാക്കുക. | കുട്ടികളിൽ നേരനുഭവം ഒരുക്കുക. പച്ചത്തുരുത്ത്, സുവോളജിക്കൽ പാർക്ക് സന്ദർശനം. |
| | ജൈവവൈവിധ്യ സംരക്ഷണം, മെച്ചപ്പെടുത്തൽ, ജൈവ വൈവിധ്യ ഉദ്യാനം മെച്ചപ്പെടുത്തൽ. | ” | Experntial learning വഴി പരിസ്ഥിതി സംരക്ഷണത്തിൽ കുട്ടികളെ നേരിട്ട് ഭാഗമാക്കുക. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | പരിസര ശുചിത്വം, ആരോഗ്യ സുരക്ഷ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ, മഴക്കാലരോഗങ്ങളിൽ നിന്നുള്ള പ്രതിരോധം. | നേരനുഭവങ്ങൾ ലഭ്യമാക്കുക. | Ecobrick നിർമ്മാണം, reduce, reuse, recycle തത്വം പ്രചരിപ്പിക്കുക.<br>First aid ക്ലാസ് സംഘടിപ്പിക്കുന്നു. |
| | ലഹരി ഉപയോഗം | | ലഹരിയുടെ ദുരുപയോഗത്തെക്കുറിച്ച് കുട്ടികളെ നിരന്തര ബോധവാന്മാരാക്കുക, ശാരീരികവും മാനസികവുമായുണ്ടാകുന്ന പ്രത്യാഘാതത്തെക്കുറിച്ച് ക്ലാസ് നൽകുക. |

## തനത് പ്രവർത്തനം

# Wealth from Waste

ജൈവവൈവിധ്യസംരക്ഷണവും പ്രകൃതി സൗഹൃദ ഉല്പന്നങ്ങളുടെ നിർമ്മാണവും. ഉപയോഗശൂന്യമായ വസ്തുക്കളിൽ നിന്നും Useful Products നിർമ്മാണം.

# ഗണിത ശാസ്ത്രം

## ആമുഖം

ഇടം, എണ്ണം, അളവ്, അടുക്ക് എന്നീ വിഷയങ്ങളെപ്പറ്റിയും അവയുടെ മറ്റു ശാസ്ത്രശാഖകളിലുമുള്ള പ്രയോഗത്തെപ്പറ്റിയും പ്രതിപാദിക്കുന്ന ശാസ്ത്ര ശാഖ. ഭൗതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാങ്കേതിക ശാസ്ത്രം തുടങ്ങി ഒരുപാട് ശാസ്ത്ര ശാഖകളിൽ അതിപ്രധാനമായ ഘടക മായി ഗണിതശാസ്ത്രം മാറിയിട്ടുണ്ട്. മനുഷ്യർക്ക് ആദ്യം ആവശ്യമായിരുന്ന ഗണിതം എണ്ണുക എന്നത് മാത്രമായിരുന്നു. ഇതിനായി എണ്ണൽസംഖ്യകൾ ഉണ്ടാക്കി. കൃഷിയുടെ ആവശ്യങ്ങൾക്കായി, നീളവും ഭാരവുമെല്ലാം അളക്കേ ണ്ടിവന്നപ്പോൾ ഭിന്നസംഖ്യകളും, എല്ലാ നീളങ്ങളും അളക്കാൻ ഭിന്നസംഖ്യ കൾ മതിയാകില്ലെന്നു തിരിച്ചറിഞ്ഞപ്പോൾ അഭിന്നകസംഖ്യകളും ഉണ്ടാക്കി. പലതരത്തിലുള്ള അളവുകൾ ചേർക്കുന്ന രീതികൾ ക്രിയാമാർഗങ്ങളുമായി. ഭൗതികവസ്തുക്കളെ ജ്യാമിതീയ രൂപങ്ങളായി ചിത്രീകരിക്കുന്നതിൽ നിന്ന് ജ്യാമിതീയവും വികസിച്ചുവന്നു. ഇങ്ങനെ കേവല ആവശ്യങ്ങൾക്കുവേണ്ടി രൂപ പ്പെട്ട ഗണിതവും ഗണിതക്രിയകളും എന്തുകൊണ്ട് ശരിയാകുന്നു എന്ന ചിന്ത ആശയപ്രധാനമായ തത്വചിന്തയിലേക്ക് തിരിയുന്നതിന് അവസരമൊരുക്കി. ഇതോടൊപ്പം മറ്റു വിഷയങ്ങളിലും ഗണിതമുപയോഗിക്കുന്ന രീതി ശക്തമാക്കി. തുടർന്ന് ഭൗതിക പ്രതിഭാസങ്ങൾ വിശകലനം ചെയ്യുന്നതിന് ആവശ്യ മായ ഗണിതവും രൂപപ്പെട്ടു. ഇങ്ങനെ എല്ലാ ശാസ്ത്രവിഷയങ്ങളിലും ഗണിത ത്തിന്റെ സ്വാധീനം പ്രബലമായി.

### ഗണിതപഠനം - ലക്ഷ്യങ്ങൾ

* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനൊപ്പം യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കണം.
* പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് താല്പര്യം ഇവ കുട്ടിക്ക് സാധ്യമാകണം.
* ഗണിപഠനത്തിൽ ഐ.സി.റ്റി. സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതാകണം.
* വിവിധ തൊഴിലുകളിൽ ആവശ്യമായ ഗണിത ശാഖകളുടെ പ്രാഥമിക പാഠങ്ങളും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക.

**ഗണിതപഠന സമീപനം**

* കാര്യകാരണ ബന്ധത്തോടുകൂടിയ ചിന്ത.
* ഗണിതവും മറ്റു ശാസ്ത്രങ്ങളും തമ്മിലുള്ള പരസ്പര ബന്ധം
* ഗണിത ചിന്തയും ഗണന ചിന്തയും
* സാങ്കേതികവിദ്യകളുടെ ഉപയോഗവും പ്രയോഗവും.
* പരിചിതമായതിൽ നിന്ന് അപരിചിതമായതിലേക്ക് എന്ന ക്രമത്തിലാണ് ഗണിതപഠനം പുരോഗമിക്കേണ്ടത്.
* ചിന്തയുടെ ഗണിതവൽക്കരണം.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഗുണനം | ഗുണന പട്ടിക വശമില്ല | 70% | 20% | 10% | ഗുണനവസ്തുതകൾ ഉറച്ചിട്ടില്ല.<br>ഗുണന പട്ടിക അറിയില്ല. |
| ഹരണം | ഗുണനപട്ടിക വശമില്ല<br>ഹരണക്രിയ വശമില്ല | 60% | 20% | 20% | ഗുണനവസ്തുതകൾ ഉറച്ചിട്ടില്ല.<br>ഗുണനപട്ടിക അറിയില്ല. |
| പ്രായോഗിക പ്രശ്നങ്ങൾ | നിർദ്ധാരണം ചെയ്യാൻ കഴിയുന്നില്ല. | 50% | 30% | 20% | ഗണിതത്തിന്റെ അടിസ്ഥാനമില്ല |
| ജ്യാമിതീയ രൂപങ്ങൾ | ജ്യാമിതീയ രൂപങ്ങൾ വശമില്ല | 50% | 40% | 10% | അടിസ്ഥാന ആശയം ഉറച്ചിട്ടില്ല. |
| നിർമ്മിതി | പാഠഭാഗങ്ങളുടെ നിർമ്മിതി വരയ്ക്കുന്നില്ല. | 60% | 20% | 20% | ജ്യോമട്രിക്കൽ ഇൻസ്ട്രുമെന്റ്സ് ഉപയോഗിക്കാൻ അറിയില്ല.<br>ജ്യാമിതീയ രൂപങ്ങൾ അറിയില്ല. |
| ദശാംശ സംഖ്യ | ദശാംശസംഖ്യയുടെ അജ്ഞത<br>ദശാംശ സംഖ്യകളുടെ ചതുഷ്ക്രിയ | 10% | 10% | 80% | ദശാംശസംഖ്യയുടെ അടിസ്ഥാനമില്ല. |
| ഭിന്നസംഖ്യ | ഭിന്നസംഖ്യകളുടെ ചതുഷ്ക്രിയ | 15% | 15% | 70% | ഭിന്നസംഖ്യകളുടെ അടിസ്ഥാനമില്ല |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ഗുണനം, ഹരണം ചതുഷ്ക്രിയ | * അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>* ഗണിത ക്ലിനിക് | ജൂൺ– ഡിസംബർ | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | പി.റ്റി.എ. | |
| 2. | പ്രായോഗിക പ്രശ്ന പരിഹാരം | നിത്യജീവിതത്തിൽ പരിചിതമായ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തുന്നു. | ജൂലൈ– ആഗസ്റ്റ് | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | പി.റ്റി.എ. എസ്.ആർ.ജി. | |
| 3. | ജ്യാമിതീയ രൂപങ്ങൾ | * ഗണിത ലാബ്<br>* നിത്യജീവിതത്തിൽ പരിചിതമായ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു.<br>* ഐ.സി.റ്റി. സാധ്യത | ആഗസ്റ്റ് – നവംബർ | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | പി.റ്റി.എ. | |
| 4. | ഭിന്നസംഖ്യ, ദശാംശ സംഖ്യ | * ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തുക. | ആഗസ്റ്റ്– ജനുവരി | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | എസ്.ആർ.ജി. | |
| 5. | നിർമ്മിതി | * ശില്പശാലകൾ | ജനുവരി– ഫെബ്രുവരി | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി. | പി.റ്റി.എ. എസ്.ആർ.ജി. | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| അക്കാദമികം | 1. സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ഇവയിൽ കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. | എല്ലാ നിലവാരത്തിലും ഉൾപ്പെടുന്ന കുട്ടികൾക്കും ചതുഷ്ക്രിയ പരസഹായം കൂടാതെ ചെയ്യാൻ കഴിയുന്നു. | ഗണിത ക്ലിനിക്<br>അധ്യാപകർ, പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ എന്നിവർ ചേർന്ന് ഗണിത ക്ലിനിക്ക് രൂപീകരിക്കുന്നു. പഠനത്തിൽ മുന്നോക്കം നിൽക്കുന്ന സഹായത്തോടെയും അധ്യാപകരുടെയും സഹായത്തോടെ വിവിധ തരത്തിലുള്ള ചതുഷ്ക്രിയ പ്രശ്നങ്ങൾ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കൊടുത്ത് പരിശീലിപ്പിച്ചെടുക്കുന്നു. ഗുരുതരപ്രശ്നം നേരിടുന്ന കുട്ടികൾക്ക് പ്രത്യേകമായി ശ്രദ്ധ ക്ലാസ് നൽകുകയും അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നൽകുന്നു. |
| | 2. ഭിന്നസംഖ്യകൾ, ദശാംശ സംഖ്യകൾ എന്നിവയെപ്പറ്റിയുള്ള വ്യക്തതയില്ലായ്മ. | പ്രായോഗികജീവിതത്തിൽ നാം ഉപയോഗിക്കുന്ന ഭിന്നസംഖ്യകളെകുറിച്ചുള്ള ധാരണ എത്തിക്കുക. | * ഫ്രാക്ഷൻ വീലിന്റെ സഹായത്തോടെ ഭിന്നസംഖ്യകളുടെ അടിസ്ഥാന ആശയം ദൃഢാമാക്കുന്നു.<br>* ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തി 1/2, 1/3, 1/4 എന്നിങ്ങനെയുള്ള ഭിന്നസംഖ്യകളെയും 0.1, 0.2 എന്നിങ്ങനെയുള്ള ദശാംശസംഖ്യകളെയും മനസ്സിലാക്കിക്കൊടുക്കുന്നു. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| | 3. ജീവിത സാഹചര്യങ്ങളിൽ നിന്നുംചുറ്റുപാടുകളിൽ നിന്നും ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നില്ല. | ചുറ്റുപാടുമുള്ള ജ്യാമിതീയ രൂപങ്ങളെ പ്പറ്റിയുള്ള ധാരണ | ഗണിത ലാബ്<br>* കുട്ടികളെ ഗണിതലാബിൽ കൊണ്ടുപോയി പലതരം ജ്യാമിതീയ രൂപങ്ങൾ പരിചയ പ്പെടുത്താം.<br>* 8-ാം ക്ലാസ്സിലെ പാഠഭാഗമായ ബഹുഭുജങ്ങളിൽ ജ്യാമിതീയ ഉപകരണങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും വ്യത്യസ്ത രൂപങ്ങൾ വരയ്ക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. പലതരം ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കാൻ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.<br>* ജിയോജിബ്രയിൽ പലതരം ജ്യാമിതീയ രൂപങ്ങൾ വരയ്ക്കാൻ പരിശീലിപ്പിക്കുന്നു. |
| സാമൂഹികം | ഗണിതാശയം പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കാനുള്ള ശേഷി കുറവ്. | നിത്യജീവിതത്തിൽ ഗണനചിന്താശേഷി വളർത്തുക. | * സ്കൂളിലെ സമ്പാദ്യപദ്ധതിപോലെയുള്ള പദ്ധതികൾ കുട്ടികൾക്കിടയിൽ പ്രോത്സാഹിപ്പിക്കുക. ഇതുവഴി പലിശ, ദശാംശസംഖ്യകൾ, നിക്ഷേപതുക തുടങ്ങി യവയെ കുറിച്ചുള്ള ആശയങ്ങൾ കുട്ടി മനസ്സിലാക്കുന്നു.<br>* കുട്ടികളുടെ തന്നെ നിത്യജീവിതവുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിൽ ശരാശരി, ഭിന്നസംഖ്യ, ദശാംശസംഖ്യ ചുറ്റളവ്, ലാഭം, നഷ്ടം എന്നതിനെപ്പറ്റിയുള്ള ധാരണയും ഗണനചിന്താശേഷിയും വികസിപ്പിച്ചെടുക്കുക. |
| ഭൗതികം | ശാസ്ത്രീയമായ ലാബിന്റെ അഭാവം. കുട്ടികളിൽ പഠനവിടവ് ഉണ്ടാക്കുന്നു. | ഗണിതലാബിന്റെ ശാസ്ത്രീയ നവീകരണ ത്തോടുകൂടി പഠനവിടവ് നികത്തുന്നു. | പി.റ്റി.എ., ബി.ആർ.സി. ഫണ്ട് ഉപയോഗിച്ച് ലാബ് നവീകരിക്കുന്നതിനോടൊപ്പം പാഠവുമായി ബന്ധപ്പെട്ട് കുട്ടികൾ/അധ്യാപകർ തയ്യാറാക്കുന്ന പഠനോപകരണങ്ങൾ ലാബിൽ പ്രദർശിപ്പിക്കുന്നു. |

# ആരോഗ്യ കായിക വിദ്യാഭ്യാസം

# ഫിസിക്കൽ എഡ്യൂക്കേഷൻ

## ആമുഖം

ശാരീരിക ആരോഗ്യം, മാനസിക ക്ഷേമം, ആജീവനാന്ത പ്രവർത്തന ശീലങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വ്യക്തികളുടെ സമഗ്ര വികസനത്തിൽ ശാരീരിക വിദ്യാഭ്യാസം ഒരു പ്രധാന പങ്ക് വഹിക്കുന്നു. പൊണ്ണത്തടി, ഉദാസീനമായ ജീവിതശൈലി, സമ്മർദ്ദം തുടങ്ങിയ ആരോഗ്യ സംബന്ധിയായ വെല്ലുവിളികൾ വർദ്ധിച്ചുവരുന്നതിനാൽ, ശാരീരിക വിദ്യാഭ്യാസത്തിന് ഘടനാപരവും സമഗ്രവുമായ ഒരു സമീപനത്തിന്റെ ആവശ്യകത മുമ്പെന്നത്തേക്കാളും കൂടുതൽ അടിയന്തിരമായിവരുന്നു.

എല്ലാ തലങ്ങളിലും ഉയർന്ന നിലവാരമുള്ളതും ഉൾക്കൊള്ളുന്നതും ആകർഷകവുമായ ശാരീരിക വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ഒരു തന്ത്രപരമായ ചട്ടക്കൂട് നൽകുന്നതിനാണ് ഈ ശാരീരിക വിദ്യാഭ്യാസ മാസ്റ്റർ പ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഇത് വ്യക്തമായ ലക്ഷ്യങ്ങൾ, പാഠ്യപദ്ധതി മാനദണ്ഡങ്ങൾ, നിർദ്ദേശ തന്ത്രങ്ങൾ, സൗകര്യ ആവശ്യങ്ങൾ, സ്റ്റാഫിംഗ് ആവശ്യകതകൾ, വിലയിരുത്തൽ രീതികൾ, കമ്മ്യൂണിറ്റി പങ്കാളിത്തങ്ങൾ എന്നിവയെ രൂപപ്പെടുത്തുന്നു. നിലവിലെ ഗവേഷണത്തെ അടിസ്ഥാനമാക്കിയുള്ളതും ദേശീയ, അന്തർദേശീയ ശാരീരിക  വിദ്യാഭ്യാസ മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്നതുമാണ് പദ്ധതി.

മോട്ടോർ സ്കിൽസ് ഡെവലപ്മെന്റ്, ശാരീരിക ക്ഷമത, ടീം വർക്ക്, നേതൃത്വം, ശാരീരിക പ്രവർത്തനങ്ങളോടുള്ള ആജീവനാന്ത വിലമതിപ്പ് എന്നിവ വളർത്തിയെടുക്കുന്ന സ്ഥിരവും പുരോഗമനപരവുമായ ശാരീരിക വിദ്യാഭ്യാസ അനുഭവത്തിലേക്ക് ഓരോ വിദ്യാർത്ഥിക്കും തുല്യമായ പ്രവേശനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. ഫലപ്രദമായ പ്രോഗ്രാമുകൾ നൽകുന്നതിന് ആവശ്യമായ വിഭവങ്ങൾ, പരിശീലനം, പിന്തുണ എന്നിവ ഉപയോഗിച്ച് അധ്യാപകർക്കും പങ്കാളികൾക്കും പിന്തുണ നൽകാനും ഇത് ശ്രമിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ, ഞങ്ങളുടെ വിദ്യാർത്ഥികളുടെ ദീർഘകാല ആരോഗ്യം, അക്കാദമിക് വിജയം, സാമൂഹിക വികസനം എന്നിവയിൽ ഞങ്ങൾ നിക്ഷേപം നടത്തുകയാണ്, അതേസമയം ശാരീരിക പ്രവർത്തനങ്ങളെ ജീവിതത്തിന്റെ അനിവാര്യ ഭാഗമായി വിലമതിക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുകയാണ്.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | തെരഞ്ഞെടുത്ത കുട്ടികൾക്ക് ഫിസിക്കൽ ഫിറ്റ്നസ് ഉണ്ടാക്കി എടുക്കുന്നതിനും, ഗെയിമിനെ കുറിച്ച് കൂടുതൽ പഠിക്കുന്നതിനും | രാവിലെ 6 മണി മുതൽ 7:30 മണി വരെയും, വൈകുന്നേരം 3:30 മണി മുതൽ 6:15 മണിവരെയും ഗെയിമിനായി സമ്മർ കോച്ചിങ് ക്യാമ്പ് നടത്തുക | 2 മാസം ഏപ്രിൽ – മേയ് | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകൻ | ആവശ്യമില്ല | |
| 2 | കുട്ടികളിൽ അച്ചടക്കമുണ്ടാക്കുന്നതിന് | കുട്ടികളെ അസംബ്ലിയിൽ നിർത്തുന്നതിനും അവർക്കു കമാൻഡ്സുകളെ കുറിച്ച് വ്യക്തമായി മനസിലാക്കുന്നതിനും (One arm Distance standing, Attention, stand at ease, Right -Left & About turns, etc..)വരികളിൽ നിൽക്കുന്ന സമയത്തു തളർന്നു വീഴാതിരിക്കുന്നതിനായുള്ള മുൻകരുതലുകൾ എടുക്കുന്നതിനും ചിട്ടയായ സ്വഭാവരീതികൾ സ്കൂളിൽ കൊണ്ടുവരുന്നതിനും. | 2 ആഴ്ച | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകൻ | ആവശ്യമില്ല | |
| 3 | കായിക പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | സ്പോർട്സിനെയും, ഗെയിമ്സിനെയും കുറിച്ച് കുട്ടികളെ പഠിപ്പിക്കുക, അവ കൊണ്ടുള്ള പ്രയോജനങ്ങളെ കുറിച്ച് കുട്ടികൾക്കും അതു വഴി മാതാപിതാക്കൾക്കും അറിവ് പകർത്തുക | 1 ആഴ്ച | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകൻ | ആവശ്യമില്ല | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | കുട്ടികളുടെ ഫിസിക്കൽ ഫിറ്റ്നസ് എടുക്കുന്നതിന് | സ്കൂളിലെ എല്ലാ കുട്ടികളുടെയും ഉയരവും, ഭാരവും കാണുക (BMI എടുക്കുന്നതിനായി)പലതരം ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റ് നടത്തുകയും അവയുടെ അടിസ്ഥാനത്തിൽ കുട്ടികളെ വെവ്വേറെ സ്പോർട്സ് അല്ലെങ്കിൽ ഗെയിംസ് ഇനങ്ങളിൽ പരിചയപ്പെടുത്തുക | 1 ആഴ്ച | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകൻ | ആവശ്യമില്ല | |
| 5 | സ്പോർട്സ് ഡേ സംഘടിപ്പിക്കുക | സ്പോർട്സ് ഡേ സംഘടിപ്പിക്കുക | 2 ദിവസം | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനും മറ്റ് അധ്യാപകരും | വിദ്യാഭ്യാസ വികസന സമിതി | |
| 6 | കുട്ടിയെ ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി പഠിപ്പിക്കുന്നതിന് | കുട്ടിയുടെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാഠങ്ങൾ അതാത് മാസങ്ങളിൽ കുട്ടികളെ മനസിലാക്കിപ്പിക്കുക | മുഴുവൻ അധ്യയന വർഷം | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകൻ | ആവശ്യമില്ല | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 7 | കുട്ടികളുടെ മത്സരങ്ങളെ അഭിമുഖീകരിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക | കുട്ടികളുടെ വിവിധ കായിക ഇനിനകളുടെ സെക്ഷൻ ട്രെയ്ൽസ് നടത്തുന്നതി, കുട്ടികളെ വിവിധ ഇനം ഗെയിമുകളും, സ്പോർട്സുകളും പഠിപ്പിക്കുകയും അവയുടെ പ്രാക്റ്റീസും നടത്തി വിവിധ ഇനം മത്സരങ്ങളെ അഭിമുഖീകരിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക | 1 മാസം ആഗസ്റ്റ് – ജനുവരി | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകൻ | ആവശ്യമില്ല | |
| 8 | സ്കൂൾ തല പരീക്ഷകൾക്കായി കുട്ടികളെ തയ്യാറാക്കുക | സ്കൂൾ തല പരീക്ഷകൾക്കായി കുട്ടികളെ തയ്യാറാക്കുക | മുഴുവൻ അധ്യയന വർഷം | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകൻ | ആവശ്യമില്ല | |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ക്ലാസ് റൂം വൃത്തിയായി സൂക്ഷിക്കൽ | ജൈവ-അജൈവ മാലിന്യങ്ങൾ | ✓ | | | പൊതിച്ചോറ്, ജന്മദിനത്തിന് മിഠായി നൽകുന്നത്. |
| സ്കൂൾ പരിസരം | പ്ലാസ്റ്റിക്, മിഠായി, സിപ്പ്അപ്പ് കവർ | | ✓ | | പൊതിച്ചോറ്, സിപ്പ്അപ്പ് മിഠായി കവർ, പ്ലാസ്റ്റിക് പേന |
| ബാത്ത് റൂം/വാഷ് റൂം | നാപ്കിൻ / ഭക്ഷണാവ ശിഷ്ടങ്ങൾ | | ✓ | | നാപ്കിൻ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അനുവദിച്ചിട്ടുള്ള ബാസ്ക്കറ്റിൽ നിക്ഷേപിക്കുന്നത് |
| ഭക്ഷണം വിളമ്പുന്ന സ്ഥലം | ഭക്ഷണം വിളമ്പുന്ന സ്ഥലത്തിന്റെ വൃത്തിക്കുറവ് | ✓ | | | ദിവസവും ഡ്രസ്സ് ചെയ്യാൻ ചെയ്യാത്തത് |
| സ്കൂളിന്റെ മുൻവശം | കടകൾ, റോഡിലെ മാലിന്യങ്ങൾ | | ✓ | | കടകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ, പേപ്പർ മാലിന്യങ്ങൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ, ജൈവ മാലിന്യങ്ങൾ |
| സ്കൂളിന് പുറക് വശത്തെ ഓടയിൽ വെള്ളം കെട്ടിനിൽക്കുന്നത്. | റോഡിലെ മലിന ജലം | | ✓ | | ഓടയിൽ സ്ലാബ് ഇട്ട് മൂടാത്തത് |

## പ്രശ്ന പരിഹാരങ്ങൾ

* ക്ലാസ് റൂമിൽ ആരോഗ്യമന്ത്രി, മുഖ്യമന്ത്രി എന്നിവർ ഉണ്ട്. ഇവർ ക്ലാസ് റൂം വൃത്തിയാക്കുന്നതിന് നേതൃത്വം നൽകുന്നു.
* എല്ലാ ക്ലാസ്സിലും വേസ്റ്റ് ബിൻ വാങ്ങി നൽകുന്നു. വേസ്റ്റ് ബിന്നിൽ കുട്ടികൾ ഇടുന്ന ജൈവ-അജൈവമാലിന്യങ്ങൾ തരം തിരിച്ച് ഹരിതകർമ്മ സേനയ്ക്ക് നൽകുന്നു.
* പൊതിച്ചോറ് നിരോധനം, ജന്മദിനവുമായി ബന്ധപ്പെട്ട് മിഠായി നൽകുന്നതിന് പകരം ചെടി നൽകാം.
* ബോധവൽക്കരണ ക്ലാസ്സുകൾ
* എഴുതി തീർന്ന പേനകൾ, ഉപയോഗശൂന്യമായ പേനകൾ എന്നിവയുടെ ശേഖരണം. നല്ല പാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ / എസ്.പി.സി./ എൻ.സി.സി. യുടെ നേതൃത്വത്തിൽ നടത്താം.
* ശുചിത്വക്ലബ്ബിന്റെ ബോധവൽക്കരണ ക്ലാസ്സിലൂടെ വ്യക്തിശുചിത്വം പരസ്പര ശുചിത്വം എന്നിവയുടെ importance കുട്ടികളിൽ എത്തിക്കുന്നു.
* ബാത്ത് റൂം ക്ലീനിംഗിന് ആവശ്യമായ ലോഷൻ, സോപ്പ് എന്നിവ ഗാന്ധദർശൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ നിർമ്മിക്കാം.

# തൊഴിൽ വിദ്യാഭ്യാസം

## ആമുഖം

ഭാരതത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അതിന്റെ മാനവശേഷിയാണ ല്ലോ. ഈ ശക്തിയെ ഫലപ്രദമായി ഉപയോഗിച്ച് സൃഷ്ടിപരതയും ഉല്പാദന ക്ഷമതയും വർദ്ധിപ്പിച്ചാൽ മാത്രമേ നമ്മുടെ രാജ്യം പുരോഗതി പ്രാപിക്കുക യുള്ളൂ. അത്തരത്തിൽ സമൂഹത്തിന് പ്രയോജനപ്രദമായ സേവനങ്ങളിലേക്കോ ഉല്പന്ന നിർമ്മിതിയിലേക്കോ വിദ്യാർത്ഥികളെ നയിക്കുന്ന പ്രക്രിയയാണ് പ്രവൃ ത്തിപഠനം.

സ്കൂൾ പ്രവൃത്തി പഠനത്തിലൂടെ മാനവശേഷി വികാസം മാത്രമല്ല നാം ലക്ഷ്യമിടുന്നത്. അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ നേടുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും അതുവഴി മാനസികോല്ലാസവും കുട്ടികളിൽ വളരുന്നു. അത് അവരിൽ പലവിധത്തിലുള്ള മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക മാത്രമല്ല തൊഴിലിനോടും തൊഴിലാളികളോടും ആഭിമുഖ്യം ജനിപ്പിക്കുകയും സാമൂഹ്യബന്ധം മെച്ചപ്പെടുത്തുകയും സഹകരണ മനോഭാവം വളര്ത്തി വ്യക്തിത്വ വികസനം സാധ്യമാക്കുകയും ചെയ്യുന്നു. അറിവ് നേടുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് അതിനുള്ള വഴികൾ കണ്ടെത്തുന്നത്. പഠിച്ചതു പ്രയോഗിക്കാനും പ്രായോഗിക അനുഭവങ്ങൾ നേടിക്കൊണ്ട് മെച്ചപ്പെട്ട തൊഴിൽ സംസ്കാരം രൂപവൽക്കരിക്കാനുള്ള ശേഷി നേടലാണ് പ്രവൃത്തിപഠനം കൊണ്ട് സാധ്യമാക്കുന്നത്. ജീവിതനൈപുണികളുടെ വികാസത്തിലൂടെ ദേശീയ വിക സനത്തിന് തന്റേതായ സംഭാവനകൾ നൽകാൻ പ്രവൃത്തിപഠനം വ്യക്തിയെ സഹായിക്കുന്നു.

### പ്രവൃത്തി പഠനത്തിന്റെ ലക്ഷ്യങ്ങൾ :-

ഓരോ പ്രവൃത്തി പഠനക്ലാസ്സിന്റെയും അടിത്ത മാനവശേഷിവികാസമാ യിരിക്കണം. എല്ലാ പൗരന്മാരുടേയും ശേഷികളും കഴിവുകളും രാഷ്ട്രനിർമ്മാ ണത്തിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷി വികസനംകൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലിനോട് ആഭിമുഖ്യമുള്ള തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്ന സാമൂഹ്യബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളാക്കി പുതിയ തലമുറയെ വാർത്തെടുക്കുക എന്നതുതന്നെയാണ് പ്രവൃത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യം.

പ്രവൃത്തി പഠനത്തിന്റെ മറ്റ് ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു:

* മാനവശേഷി വികസനം
* തൊഴിൽ സന്നദ്ധത
* ഉല്പാദന രംഗത്തെ സ്വാശ്രയത്വം
* സന്തുലിത വ്യക്തിത്വ വികസനം
* മൂല്യങ്ങളും മനോഭാവങ്ങളും വളരൽ

**പ്രവൃത്തിപഠന സമീപനം :**

അനുഭവത്തിലൂന്നിയ പ്രക്രിയബന്ധിത സമീപനം മാത്രമേ പ്രവൃത്തിപഠനത്തിന് സ്വീകാര്യമായിരിക്കൂ. അവശ്യാധിഷ്ഠിതവും പരിസരബന്ധിതവും ഇതരവിഷയങ്ങളുമായി ബന്ധിച്ചുകൊണ്ടുള്ളതുമായ ഉദ്ഗ്രഥിത പഠനരീതിയാണ് ഇതിനായി സ്വീകരിക്കേണ്ടത്.

ബഹുമുഖ ബുദ്ധി വികാസത്തിനും സമൂഹത്തിനും പ്രയോജനപ്രദമായ ഉല്പന്നനിർമ്മിതിയിലേക്കും സേവനങ്ങളിലേക്കും നയിക്കുന്ന വിധത്തിൽ ഒരു സർഗ്ഗാത്മക പ്രവർത്തനമായി പ്രവൃത്തിപഠനം മാറേണ്ടതുണ്ട്. ഇതരവിഷയങ്ങളുടെ പഠനത്തിലൂടെയും സ്വാനുഭവങ്ങളിലൂടെയും ധാരാളം അറിവുകളും ധാരണകളും കുട്ടി നേടിയിട്ടുണ്ട്. അവയെ സൃഷ്ടിപരമായി ഉപയോഗപ്പെടുത്തുന്ന ഒന്നായി പ്രവൃത്തിപഠനം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

താഴെപ്പറയുന്ന ഘടകങ്ങളിൽ ഊന്നിയതാവണം പ്രവൃത്തിപഠന സമീപനം

* അനുഭവാധിഷ്ഠിതം
* അവശ്യാധിഷ്ഠിതം
* പ്രക്രിയാബന്ധിതം
* പരിസരബന്ധിതം
* ഉദ്ഗ്രഥിതം
* ബഹുമുഖ ബുദ്ധിവികാസം പരിഗണിക്കുന്നത്
* സർഗ്ഗാത്മകം
* ഉല്പാദനപരം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| അക്കാദമികം | 1. കുട്ടികളെ അനുകൂലമല്ലാത്ത മനോഭാവം | ✓ | | | എല്ലാ കുട്ടികളും ഒരുപോലെ തൊഴിൽ പഠനത്തിന് താല്പര്യം കാണിക്കാത്തത് പഠനപ്രവർത്തനങ്ങൾ നൽകുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. |
| | 2. ഒരു ക്ലാസ്സിൽ വിവിധതൊഴിൽ മേഖലകൾ തിരഞ്ഞെടുത്ത കുട്ടികൾ | | ✓ | | ഒരു ക്ലാസ്സിൽ വിവിധ തൊഴിൽ മേഖലകൾ തിരഞ്ഞെടുത്ത കുട്ടികൾ ഉള്ളതിനാൽ ക്ലാസ്സ് എടുക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആഴ്ചയിൽ ഒരു തൊഴിൽ മേഖല മാത്രം ചെയ്യാൻ സാധിക്കുന്നുള്ളൂ. പാഠഭാഗങ്ങൾ തീർക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. |
| | 3. പിരീഡുകളുടെ ലഭ്യതക്കുറവ് | | | ✓ | പത്താം ക്ലാസ്സിൽ പിരീഡുകൾ ലഭിക്കുന്നില്ല. 8, 9 ക്ലാസ്സുകളിൽ ആഴ്ചയിൽ 2 പിരീഡുകൾക്ക് പകരം ആഴ്ചയിൽ ഒരു ക്ലാസ്സിന് ഒരു പിരീഡ് മാത്രമാണ് ലഭിക്കുന്നത്. |
| ഭൗതികം | കുട്ടികൾക്ക് തൊഴിൽപഠനം ഫലപ്രദമാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യം ഇല്ല. | ✓ | | | കുട്ടികൾക്ക് തൊഴിൽ പഠനം ഫലപ്രദമാക്കുന്നതിന് വർക്ക് എഡ്യൂക്കേഷൻ ലാബിന്റെ അഭാവം. |
| സാമ്പത്തികം | പഠനപ്രവർത്തനങ്ങൾക്ക് വേണ്ട സാധനസാമഗ്രകളുടെ ലഭ്യതക്കുറവ് | ✓ | | | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് തൊഴിൽ പഠനത്തിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങാൻ കഴിയാതെ വരുന്നു. |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | തൊഴിലിന്റെ മഹത്വം കുട്ടികളിൽ എത്തിക്കാനും സ്വയംതൊഴിൽ പര്യാപ്തത വളർത്തിയെടുക്കാനും വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കുക. | വിദ്യാർത്ഥികളെ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം പരിചയപ്പെടുത്തുന്നു. | ജൂൺ | WIE | | |
| | | തൊഴിലാളിത്വത്തിന്റെയും തൊഴിൽ ശീലത്തിന്റെയും അവബോധം വർദ്ധിപ്പിക്കുക. | ജൂൺ - ജൂലൈ | WIE ടീച്ചർ എച്ച്.എം. മറ്റ് ടീച്ചർമാർ | പി.റ്റി.എ. | |
| | | പ്രവൃത്തിപരിചയ കൂട്ടായ്മ രൂപീകരിക്കൽ | ജൂലൈ | WIE ടീച്ചർ എച്ച്.എം. | | |
| | | വിവിധ തൊഴിൽ മേഖലകളെ കുറിച്ചുള്ള ശില്പശാലകൾ സംഘടിപ്പിക്കുക. | ജൂൺ - ഫെബ്രുവരി | WIE ടീച്ചർ എച്ച്.എം. | പി.റ്റി.എ. മറ്റ് സഹ പ്രവർത്തകർ WIE ടീച്ചർ | |
| | ഓരോ കുട്ടിയുടേയും പ്രത്യേകം കഴിവ് തിരിച്ചറിഞ്ഞ് തക്കതായ പരിശീലനം കൊടുക്കുക. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേകം പരിഗണനയും പരിശീലനവുംകൊടുക്കുക. | തൊഴിലവസരങ്ങൾ മനസ്സിലാക്കാനായി മേഖലാ പഠനം ആരംഭിക്കുക. ഇൻർവ്യൂ പരിശീലനം | ഒക്ടോബർ നവംബർ നവംബർ- ഡിസംബർ | WIE ടീച്ചർ WIE ടീച്ചർ | പി.റ്റി.എ. | |
| | | കുട്ടികൾക്ക് തൊഴിൽ പഠനം ഫലപ്രദമാക്കുന്നതിന് വർക്ക് എഡ്യൂക്കേഷൻ ലാബ് സജ്ജീകരിക്കുക. കുട്ടികളുടെ അഭിരുചികൾക്കനുസരിച്ച് പരിശീലനം നൽകുക. | ജൂൺ - ഫെബ്രുവരി | WIE ടീച്ചർ എച്ച്.എം | പി.റ്റി.എ. രക്ഷകർത്താക്കൾ | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| അക്കാദമികം | കുട്ടികളിലെ അനുകൂലമല്ലാത്ത മനോഭാവം | തൊഴിലിന്റെ മഹത്വം കുട്ടികളിൽ എത്തിക്കാനും സ്വയംതൊഴിൽ പര്യാപ്തത വളർത്തിയെടുക്കാനും വേണ്ട പ്രവർത്തനങ്ങൾ | * പ്രവൃത്തിപരിചയ കൂട്ടായ്മ<br>* പ്രവൃത്തിപഠനത്തിൽ ഒരേ കഴിവുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് അവരെ ഒന്നിപ്പിക്കുക. |
| ഭൗതികം | കുട്ടികൾക്ക് തൊഴിൽപഠനം ഫലപ്രദമാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യം ഇല്ല. | ഓരോ കുട്ടിയുടേയും പ്രത്യേകം കഴിവ് തിരിച്ചറിഞ്ഞ് തക്കമായ പരിശീലനം കൊടുക്കുക. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേകം പരിഗണനയും പരിശീലനവും കൊടുക്കുക. | കുട്ടികൾക്ക് തൊഴിൽ പഠനം ഫലപ്രദമാക്കുന്നതിന് വർക്ക് എഡ്യൂക്കേഷൻ ലാബ് സജ്ജീകരിക്കുക. കുട്ടികളുടെ അഭിചുരിക്ക് അനുസരിച്ച് പരിശീലനം നൽകുക. |
| സാമ്പത്തികം | പഠനപ്രവർത്തനങ്ങൾക്ക് വേണ്ട സാധനസാമഗ്രികലുടെ ലഭ്യതക്കുറവ്. | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും അല്ലാത്തതുമായ എല്ലാകുട്ടികൾക്കും തൊഴിൽ പഠനത്തിന് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുക. | പി.റ്റി.എ., സ്പോൺസർമാർ എന്നിവരെ സമീപിച്ച് കുട്ടികൾക്ക് തൊഴിൽ പഠനത്തിന് ആവശ്യമായ സാധനസാമഗ്രികൾക്ക് വേണ്ട സാമ്പത്തിക സഹായം കണ്ടെത്തുക. |

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| അക്കാദമികം | ഒരു ക്ലാസ്സിൽ വിവിധ തൊഴിൽ മേഖലകൾ തിരഞ്ഞെടുത്ത കുട്ടികൾ | നമ്മുടെ സ്കൂളിൽ ഒമ്പതാം ക്ലാസ്സിൽ രണ്ടാം പാദവാർഷികത്തിൽ തിരഞ്ഞെടുത്ത മൂന്ന് തൊഴിൽ മേഖലകൾ പ്രിന്റിംഗ്, വസ്ത്രം, ഭക്ഷ്യം കുട്ടികൾക്ക് പരിചയപ്പെടുത്തുക. | പ്രശ്നം എസ്.ആർ.ജി.യിൽ അവതരിപ്പിച്ച് ഒരു ക്ലാസ്സിൽ ഒരു തൊഴിൽമേഖല തിരഞ്ഞെടുക്കുകയും ആ തൊഴിലിനെ കുറിച്ചുള്ള അറിവ് നൽകുകയും ചെയ്യുന്നു. |
| അക്കാദമികം | പിരീഡുകളുടെ ലഭ്യതക്കുറവ് | കുട്ടികൾക്ക് തൊഴിൽ പഠനം ലഭ്യമാക്കുക. | പത്താം ക്ലാസ്സിൽ ഒരു പിരീഡും 8, 9 ക്ലാസ്സുകളിൽ ആഴ്ചയിൽ 2 പിരീഡുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എച്ച്.എം.നോട് അഭ്യർത്ഥന നടത്തൽ. |

# കലാ വിദ്യാഭ്യാസം

## ആമുഖം

കലയെ മാത്രം അഥവാ ഒരു വിഷയമായി കാണാതെ, കുട്ടികളുടെ സൃഷ്ടിപരമായ വികാസത്തിന് ആധാരമായി കാണുന്ന സമീപനത്തിലാണ് ഈ ചിത്രകലാവിദ്യാഭ്യാസ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ദൃശ്യബോധം സാംസ്കാരികപരമായ ധാരാള്യങ്ങൾ, വ്യക്തിത്വം, ആത്മവിശ്വാസം എന്നിവ വളർത്താൻ ഉദ്ദേശിച്ചുള്ളതാണ്. ഈ പരിപാടികളുടെ താളം, ശാസ്ത്രീയപരമായ ആസൂത്രണത്തോടെ ഓരോ മാസം ഒരു പ്രത്യേക കലാ വിഷയത്തെക്കുറിച്ച് പഠിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി വികസിപ്പിച്ചിരിക്കുന്നത്.

ചിത്രകലയുടെ അടിസ്ഥാനപരമായ ഘടകങ്ങൾ മുതൽ കേരളത്തിന്റെ തനതായ കലാരൂപങ്ങൾ, ശില്പനിർമ്മാണം, കഥാചിത്രണം, ആലേഖനം തുടങ്ങിയവയിലൂടെയും ഒടുവിൽ വാർഷിക പ്രദർശനത്തിലേക്കും കുട്ടികളെ നയിക്കുന്നു. സാങ്കേതികമല്ലാത്ത ഒപ്പം ആനന്ദകരമായ വിദ്യാഭ്യാസപരമായ ഈ ദിശ, കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്നു.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| അക്കാദമികം | 1. കലാസാംസ്കാരിക പ്രശ്നങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല. | ✓ | | | പുറത്തുള്ള കലാപഠനം വളരെ വിലകൂടിയതാണ്. കലാപഠനം നല്ല തൊഴിൽ ലഭിക്കുന്നതിന് സഹായ കരമല്ല. |
| | 2. കലാസാംസ്കാരികപരമായ പ്രവർത്തനങ്ങളെ സംബ ന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാവിലും കുട്ടിയിലും കാണാൻ കഴിയുന്നില്ല. | | ✓ | | കുട്ടികളുടെ സാംസ്കാരിക കാഴ്ച പ്പാട് സ്വാംശീകരിക്കാൻ അവസരം ലഭിച്ചിട്ടില്ല. കലാപഠനത്തിന്റെ പ്രാധാന്യം മനസ്സിലായിട്ടില്ല. |
| ഭൗതികം | 1. പാഠ്യപദ്ധതിയുമായി നിർദ്ദേശിച്ച പഠനാനുഭവങ്ങൾ നൽകുന്നതിനുള്ള ഭൗതിക സൗകര്യമില്ല. | ✓ | ✓ | | 1) മറ്റു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്ക് കലാവിഷ യങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല.<br>2) ഭൗതിക കാര്യങ്ങൾ ഒരുക്കുവാനും കലാദ്ധ്യാപകരുടെ സേവനം വേണ്ടവിധം ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.<br>3) പാഠ്യപദ്ധതിയെക്കുറിച്ച് ബോധ വാനല്ല. കുട്ടിയുടെ പഠനത്തിൽ ഇടപെടുന്നില്ല. |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ചിത്രകലയിലേക്ക് പരിചയം | വിവിധ കലാരൂപങ്ങളുടെ ചിത്രങ്ങൾ കാണിക്കർ ചർച്ച | ജൂൺ | ഓരോ വിദ്യാർത്ഥിയിലും ഒരു കലാരൂപത്തെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കൽ | കലയെക്കുറിച്ചുള്ള ബോധവൽക്കരണം. | വിവിധ കലാരൂപങ്ങൾ മനസ്സിലാക്കാൻ സഹായിച്ചു. |
| 2. | രേഖാചിത്രം | സാധാരണ രൂപങ്ങൾ, ഓബ്ജക്ടുകൾ വരയ്ക്കുക. | ജൂലൈ | രേഖാചിത്രം ആസൂത്രണം ചെയ്യുക | കാണുന്നവയെ വരച്ചു പഠിപ്പിക്കാൻ കഴിവ് | |
| 3. | നിറങ്ങളുടെ ഉപയോഗം | പ്രാഥമിക ദ്വിതീയ നിറങ്ങൾ പഠിപ്പിക്കൽ | ഓഗസ്റ്റ് | ചിത്രം വരയ്ക്കുക | സൗന്ദര്യ ബോധം വർദ്ധിപ്പിക്കുന്നു. | |
| 4. | കേരളത്തിലെ കലാരൂപങ്ങൾ | കഥകളി, തെയ്യം, മുക്കുത്തി തുടങ്ങിയവയുടെ ചിത്രങ്ങൾ വരപ്പിക്കൽ. | സെപ്റ്റംബർ | ഒരു കലാരൂപം വരച്ച് അതിനെക്കുറിച്ച് പ്രസന്റേഷൻ | സാംസ്കാരികപരമായബോധം. | |
| 5. | പെയിന്റിംഗ് | വിവിധ വിഷയങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ | ഒക്ടോബർ | ഒരു തീമിൽ അധിഷ്ഠിതമായ ചിത്ര പ്രദർശനം. | സൃഷ്ടിപരമായ സാധ്യതകൾ | രചനാശൈലി മെച്ചപ്പെട്ടു. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6. | ശില്പശാല | ക്ലേ ഉപയോഗിച്ച് ശില്പങ്ങൾ നിർമ്മിക്കുക | നവംബർ | ഒരു തനതായ ശില്പം | കൈ പരിശ്രമം മെച്ചപ്പെ ടുത്തുന്നു. | |
| 7. | കഥാചിത്രം | ഒരു കഥയെ അടിസ്ഥാനമാക്കി ചിത്രങ്ങൾ വരയ്ക്കുക. | ഡിസംബർ | കഥയും അതിന്റെ ചിത്രങ്ങളും സമർപ്പിക്കുക | സാഹിത്യ വും കല യുമായു ള്ള ബന്ധം | സമഗ്ര ബോധം |
| 8. | ആലേഖനം | അക്ഷരരൂപങ്ങളുടെ പരിചയം | ജനുവരി | നിർദ്ദേശിച്ച വാക്കുകൾ ആലേഖനം ചെയ്യുക | സൗന്ദര്യ ശാസ്ത്രം | |
| 9. | പ്രദർശനത്തിന് ഒരുക്കം | വർഷം മുഴുവനും ചെയ്ത കലാപ്രവൃത്തികളുടെ സംഗ്രഹം | ഫെബ്രുവരി | പ്രദർശനത്തിനുള്ള ഒരുക്കം | സംഘട നാപര മായ കഴിവുകൾ | |
| 10. | വാർഷിക കലാപ്രദർശനം | കുടുംബത്തിനും അതിഥികൾക്കും അർപ്പണം | മാർച്ച് | പ്രദർശനം സംഘടിപ്പിക്കുക | ആത്മ വിശ്വാസം വർദ്ധിപ്പി ക്കുന്നു. | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | കുട്ടികളുടെ സമഗ്ര വികസനം | കൃഷിയെക്കുറിച്ചും, ശാസ്ത്രീയ കൃഷിരീതിയെക്കുറിച്ചും കുട്ടികൾക്ക് അറിവ് നൽകുന്നു.<br>സ്കൂളിൽ ചെണ്ടുമല്ലി കൃഷി (Marigold) ചെയ്യുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | WIE ടീച്ചർ<br>സീഡ് ക്ലബ്ബ് കൺവീനർ | WIE ടീച്ചർ<br>സീഡ് ക്ലബ്ബ്<br>HM<br>PTA | കൃഷിയിൽ നിന്ന് ലഭിക്കുന്ന പൂക്കൾ സ്കൂളിലെ ഓണാഘോഷങ്ങൾക്കും വില്പനയ്ക്കും ഉപയോഗിക്കുക. |
| 2. | ജലവിതരണ മേഖലകളിലെ നൂതന പ്രവണത കണ്ടെത്തുക. | (ഡ്രിപ്പ് ഇറിഗേഷൻ (തുള്ളിനന) സംവിധാനത്തിലൂടെ കൃഷിയിടങ്ങളിൽ ജലം എത്തിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ | WIE ടീച്ചർ<br>സ്കൂളിലെ മറ്റ് ക്ലബ്ബ് കൺവീനർമാർ | PTA<br>WIE ടീച്ചർ<br>ക്ലബ്ബ് കൺവീനർമാർ | പ്ലംബിംഗ് തൊഴിൽ മേഖല സ്കൂളിൽ നടപ്പിലാക്കുന്നു. |
| 3. | സ്വയം വരുമാനമാർഗ്ഗം സ്വയം പര്യാപ്തത | വിവിധതരത്തിലുള്ള പുസ്തക നിർമ്മാണം (ബുക്ക് ബൈന്റിംഗ്) പരിശീലനം നൽകുന്നു. | നവംബർ<br>ഡിസംബർ | WIE ടീച്ചർ | PTA<br>രക്ഷകർത്താക്കൾ<br>WIE ടീച്ചർ | |
| 4. | സ്വന്തം കഴിവുകൾ തിരിച്ചറിയുക, ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് അവ തരണം ചെയ്യാൻ പ്രാപ്തരാക്കുക. | പോർട്ട്ഫോളിയോ നിർമ്മാണം, റോൾപ്ലേ, റിപ്പോർട്ട് തയ്യാറാക്കൽ | ജനുവരി<br>ഫെബ്രുവരി | WIE ടീച്ചർ | രക്ഷകർത്താക്കൾ<br>PTA | കഴിവുകൾ പരിപോഷിപ്പിച്ച് ജീവിത വിജയം നേടാൻ സ്വാധീനിക്കും. |

# INCLUSIVE EDUCATION

## ആമുഖം

വ്യത്യസ്തമായ വെല്ലുവിളികൾ നേരിടുന്നവരും നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ്. അവരെ നമ്മുടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുക എന്നത് നാം ഓരോരുത്തരുടെയും കടമയാണ്.

2025-26 അദ്ധ്യയനവർഷത്തിൽ നമ്മുടെ സ്കൂളിൽ പഠിക്കുന്ന വ്യത്യസ്തമായ വെല്ലുവിളികളും കഴിവും ഉള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. അക്കാദമികവും ഭൗതികവുമായ വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

# അവസ്ഥാ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഇൻക്ലൂസീവ് എഡ്യൂക്കേഷൻ<br>1. വായന | * വായിക്കുന്നതിനുള്ള ബുദ്ധിമുട്ട്<br>* കാണുന്നതിലുള്ള ബുദ്ധിമുട്ട് | | | | * ഒക, കള, ഇജ, ഔശോ, ഢക എന്നീ വിഭാഗങ്ങളിലുള്ള കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് അവർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ. |
| 2. ശ്രവണം | * കേൾക്കുന്നതിലുള്ള ബുദ്ധിമുട്ട്<br>* മനസ്സിലാക്കുന്നതിലുള്ള ബുദ്ധിമുട്ട് | | | | |
| 3. സംസാരം | * സംസാരത്തിലുള്ള വ്യക്തതക്കുറവ്, ഉച്ചാരണ ശേഷിക്കുറവ്. | | | | * കുട്ടികൾക്ക് അനുയോജ്യമായ ക്ലാസ് റൂം സൗകര്യങ്ങളുടെ അപര്യാപ്തത. |
| 4. എഴുത്ത് | * അക്ഷരങ്ങൾ മറന്നു പോകുന്ന അവസ്ഥ<br>* ഒന്നിൽകൂടുതൽ വാചകങ്ങൾ എഴുതുമ്പോ-ഴുണ്ടാകുന്ന പ്രശ്നം.<br>* അക്ഷരങ്ങൾ തിരിഞ്ഞു പോകന്ന അവസ്ഥ<br>* വാക്കുകൾ, വാചകങ്ങൾ എന്നിവ വിട്ടുപോകുന്ന അവസ്ഥ. | | | | |

# പദ്ധതി വിശദാംശം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തന പദ്ധതി വിശദാംശം |
|---|---|---|---|
| ഇൻക്ലൂസീവ് | അക്കാദമികം<br>(എഴുത്ത്, വായന, ഗണിതം)<br><br>ഭൗതികം | * അക്കാദമിക നിലവാരം മെച്ചപ്പെടുത്തൽ<br><br>* എല്ലാ സ്കൂൾതല പ്രവർത്തനങ്ങളിലും ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തൽ. | * അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി പാഠ്യവിഷയങ്ങളിൽ അനുരൂപീകരണ പ്രവർത്തനം നടത്തുക.<br>* ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽ കൂടുതലായി ഉൾപ്പെടുത്തുക.<br>* വായനാസൗകര്യം ഏർപ്പെടുത്തുക.<br>* സുരക്ഷിതമായ ഇരിപ്പിടം<br>* എല്ലാ സ്കൂൾതല പ്രവർത്തനങ്ങളിലും പങ്കെടുക്കുക.<br>* സ്കൂൾ ഭൗതികസാഹചര്യങ്ങൾ മുഴുവനും ഭിന്നശേഷി സൗഹൃദമാക്കുക.<br>* മുഴുവൻ സ്കൂൾതല പ്രവർത്തനങ്ങളിലും പിയർ ഗ്രൂപ്പ് (ബഡ്ഡി സിസ്റ്റം) സേവനം ഉറപ്പാക്കണം. |

✓

# ഗൈഡൻസ് & കൗൺസിലിംഗ്

## Introduction

Children and adolescent are the most vulnerable group in any society. Childhood adversity is one of the risk factors in development of Psychological ill health and that in turn affects individuals functionality in various areas of life. Psychological factors ivvefutably intenfere in the growth, development, education and day -to-day social interactions of children. Early recognistion in the school and community will help to realize favourablye outcomes in children. That leads a collaborative approach with mental health professionals and schools, which required to create an environment of productive. PRomotive and positive approach to the children in school and society.

## SERVICE DELIVERY PROCEDURE

### A. Individal Support Plan

Protecting the best interest of the child shall be the guiding principle in service delivery of counsellor. It can be planned based on the screening instrument. Further details may be collected from the parents peers and teachers to make a complete picture of the child's problem.

**Methods used:-**

* Counseling (Individual)
* Interview
* Psychological tasting
* Psychological Assessment
* Screening
* Reformals with follow up
* Legal support
* House visit

### B. Group Work

It is mandatory to have at least four group work sessions with children in difficult circumstance. More sessions can be planned based on time availability and need.

### C. Awareness Programme

Awareness session on issues which emerge as currect themes of importance at different time like abuses, substance use etc as per the available anecdotal evidence. At least two should be conducted for students or parents in a month. This

can be arranged in the school or at community level. All possibilities of virtual platform and social media has been explored while planning such sessions.

**Using MEthods :-**

* Awareness class
* Preventive Programme
* Group Counseling
* Group Assessment
* Career Guidance
* Sensitisation Programme among students and parents.

**Duration and Outcome :-**

For the effective outcome interventions needs long period with continues follow up. The gap between the effective and current practice may reduce the significant benefit. Through the monitoring children explore their emotions which leading to increased self awareness and personal growth.

Professional guidance in counseling can help individuals navigate life's challenges, improve relationships and enhance emotional well being.

**Outcomes :**

* Developing helath bonding among child.
* Improving communication
* Understanding role within the classroom.
* Providing accademic growth
* Addressing dysfuntional interactions
* Improving problem - Solving abilities.

## CONCLUSION

Psycho-Social Service needs long period sometimes. Continuous observation suggest for some interventions. Cultural values, family bounding, community feeling, faith and spirituality play protective roles to adopt crisis and challenges in a child life. In such situation, increased work pressure, breaking family, lack of supervision and monitoring should lead a psychological outbreak among the young people. Counseling and intervention play a major role in such situation.

# പ്രവർത്തന കലണ്ടർ

## ദീർഘകാല പ്രവർത്തനങ്ങൾ

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| **മലയാളം** | * പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം നിർണയിക്കൽ. അക്ഷരം - വാക്ക് - വാചകം - വായനക്കാർഡ് നിർമ്മാണം സർഗ്ഗശേഷി വികസനം - സ്വതന്ത്ര രചന.<br>* ക്ലാസ് ലൈബ്രറി രൂപീകരണം<br>* വായന മൂല<br>* ലാംഗേജ് ലാബ് നിർമ്മാണം<br>* മികച്ച രചനകൾ പരിചയപ്പെടുന്നു.<br>* ഇ-വായന സാധ്യത.<br>* പതിപ്പ് നിർമ്മാണം<br>* സർഗ്ഗാത്മക സൃഷ്ടി പരിചയപ്പെടുത്തൽ.<br>* കൈയെഴുത്തു മാസിക<br>* പാഠഭാഗങ്ങളുടെ നാടകീകരണം.<br>* വായനക്കുറിപ്പ് തയ്യാറാക്കൽ<br>* പ്രാദേശിക കലകളെ പ്രോത്സാഹിപ്പിക്കൽ.<br>* വിവിധ കലാകാരന്മാർക്ക് വേദി നൽകൽ.<br>* സാഹിത്യകാരന്മാരുമായി അഭിമുഖം.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട റിസോഴ്സുകൾ ലഭ്യമാക്കൽ<br>* വായനമൂല കുട്ടികൾക്ക് ഇരുന്ന് വായിക്കാനുള്ള സൗകര്യമൊരുക്കൽ. | |
| **ഇംഗ്ലീഷ്** | * English Newspaper<br>* English Blog | |
| **ഹിന്ദി** | * ഹിന്ദി കേൾക്കാൻ അവസരമൊരുക്കുന്നു. സംസാരിക്കാൻ അവസരം കൊടുക്കുന്നു.<br>* ഹിന്ദി നാടകങ്ങൾ, എഫ്.എം. റേഡിയോ എന്നിവ കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾ.<br>* ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നു.<br>* ഹിന്ദി കാർട്ടൂണുകൾ കാണിക്കാനുള്ള അവസരം ഒരുക്കുന്നു.<br>* ഹിന്ദിയിൽ പ്രസംഗം, റോൾപ്ലേ എന്നിവ സംഘടിപ്പിക്കുന്നു.<br>* ക്ലാസ് മാഗസിൻ<br>* ഹിന്ദി കോർണർ<br>* ഹിന്ദി നോട്ടീസ് ബോർഡ്<br>* സർഗ്ഗ സൃഷ്ടികൾ പ്രദർശിപ്പിക്കുക. | |

| | |
|---|---|
| **അറബിക്** | * ഭാഷാകേളി<br>* നിഘണ്ടു നിർമ്മാണം<br>* അറബിക് സാഹിത്യോത്സവം പരിപോഷിപ്പിക്കൽ<br>* അറബി സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കൽ<br>* അറബി വായന കളരി<br>* അറബി വായന<br>* അറബി ലൈബ്രറി ശാക്തീകരണം<br>* കയ്യെഴുത്ത് മാസിക<br>* മാസാന്ത്യ ക്വിസ്<br>* കഥ, കവിത<br>* വായന കോർണർ സ്ഥാപിക്കൽ<br>* വായനക്കുറിപ്പ്<br>* മൊബൈൽ ലിസണിംഗ് - സ്പീക്കിംഗ്<br>* ചുവർ ചിത്രങ്ങൾ<br>* ഭാഷാപ്രദർശനം<br>* അറബിക് ടൈപ്പിംഗ് പരിശീലനം |
| **സോഷ്യൽ സയൻസ്** | * ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്<br>* സാമൂഹ്യശാസ്ത്ര ലാബ് നിർമ്മാണം.<br>* സർവേ, പ്രോജക്ട് ക്ലാസ്സുകൾ<br>* അഭിമുഖങ്ങൾ<br>* ഭൂപട വായന പ്രോത്സാഹിപ്പിക്കുക.<br>* അറ്റ്ലസ്, മാപ്പ്, ഗ്ലോബ് പരിചിതമാക്കുന്നു.<br>* പൊതുവിജ്ഞാനം വളർത്തുന്നതിനുള്ള ക്വിസ്, ദിനാചരണങ്ങൾ വീഡിയോ പ്രദർശനം, ചരിത്ര സിനിമകൾ പ്രദർശനം<br>* ഓരോ രാജ്യത്തിന്റേയും ഭൂപ്രകൃതി വ്യത്യസ്തമാണെന്ന് മനസ്സിലാക്കുന്നതിന്<br>* ശാസ്ത്രസാങ്കേതിക ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും മനസ്സിലാക്കാനും സാധിക്കുന്നു. |
| **ഭൗതിക ശാസ്ത്രം** | * വർക്ക്ഷീറ്റ് നിർമ്മാണം (8,9,10)<br>* പഠനഗ്രൂപ്പ് തയ്യാറാക്കൽ<br>* ഐ.സി.റ്റി. അധിഷ്ഠിത പഠനതന്ത്രങ്ങളിലൂടെ വിവിധ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ.<br>* ശില്പശാല<br>* പാഠപുസ്തകത്തിന്റെ മികച്ച ആസൂത്രണം.<br>* അടിസ്ഥാനഗണിത പ്രശ്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വർക്കഷീറ്റ് നിർമ്മാണം |

| | |
|---|---|
| | * ലാബ് സജ്ജീകരണം<br>* ലാബ് ഹൈടെക് ആക്കൽ<br>* മൈക്രോലാബിന് ഷെൽഫ് തയ്യാറാക്കൽ<br>* ശാസ്ത്രത്തിന്റെ വിവിധ മേഖലകളിലുള്ള പ്രമുഖർ, രക്ഷിതാക്കൾ എന്നിവരെ സ്കൂളിലേക്ക് ക്ഷണിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുന്നു. |
| **രസതന്ത്രം** | * മൂലക വായന<br>* പരിസ്ഥിതി സൗഹൃദവസ്തുക്കളുടെ നിർമ്മാണം<br>* ഡിസ്പ്ലേ ബോർഡ്<br>* ബുള്ളറ്റിൻ ബോർഡ്<br>* ലൈബ്രറി ശാക്തീകരണം<br>* വായനക്കുറിപ്പ് വിശകലനക്കുറിപ്പ്<br>* പഠനോപകരണങ്ങളുടെ നിർമ്മാണം, സയൻസ് മേള മുന്നൊരുക്കം.<br>* വീട് ഒരു പാഠശാല<br>* അക്കാദമിക നിലവാരം ഉയർത്തുന്നതിനുവേണ്ടി മൊഡ്യൂൾ തയ്യാറാക്കും.<br>* പഠന പരിശീലനം |
| **ബയോളജി** | * ലഹരിവിരുദ്ധ പ്രവർത്തനം<br>* വെൽത്ത് ഫ്രം വേസ്റ്റ് (പേപ്പർ പെൻ, സീഡ് പെൻ)<br>* ബയോ ഡൈവേഴ്സിറ്റി പാർക്ക് സംരക്ഷണം.<br>* കൃഷി (നെൽകൃഷി, പച്ചക്കറി, പൂ കൃഷി)<br>* വാൾ മാഗസിൻ<br>* ബട്ടർ ഫ്ളൈ പാർക്ക് നിർമ്മാണം. |
| **ഗണിതം** | * ശില്പശാല നടത്തുന്നു.<br>* ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>* സംഘപഠനം, കൈയെഴുത്ത് മാസിക<br>* ക്ലബ് പ്രവർത്തനം മെച്ചപ്പെടുത്തൽ.<br>* മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ<br>* ശില്പശാല<br>* ലാബിലേയ്ക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ |
| **തൊഴിൽ വിദ്യാഭ്യാസം** | * പ്രവൃത്തി പരിചയ കൂട്ടായ്മ, ഒരേ കഴിവുള്ളവരെ ഒന്നിപ്പിക്കുന്നു.<br>* വർക്ക് എജ്യൂക്കേഷൻ ലാബ് സജ്ജീകരിക്കുന്നു.<br>* തൊഴിൽ പഠനത്തിന് ആവശ്യമായ സാമഗ്രികൾ കണ്ടെത്തുക. |

* ശില്പശാലകൾ സംഘടിപ്പിക്കൽ
* ഭിന്നശേഷി കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം

**കലാവിദ്യാഭ്യാസം**

* വാർഷിക കലാപ്രദർശനം
* ശില്പകല
* രേഖാചിത്രങ്ങൾ
* കഥയെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ

**ഇൻക്ലൂസീവ് എഡ്യൂക്കേഷൻ**

* അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പാഠ്യ വിഷയങ്ങളിൽ അനുരൂപീകരണ പ്രവർത്തനം നടത്തുക.
* എല്ലാ സ്കൂൾ തല പ്രവർത്തനങ്ങളിലും ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തുക.
* സ്വയംപര്യാപ്തത കൈവരിക്കൽ
* സ്കൂൾ ഭൗതിക സാഹചര്യം ഭിന്നശേഷി സൗഹൃദമാക്കുക.

**സൈക്കോ സോഷ്യൽ സർവീസ്**

* Counseling (Individual
* Awareness programme
* Carreer Guidance
* House visit

**ഫിസിക്കൽ എഡ്യൂക്കേഷൻ**

* കുട്ടിയെ ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി പഠിപ്പിക്കുക.
* സ്കൂൾതല പരീക്ഷകൾക്കായി കുട്ടികളെ തയ്യാറാക്കുക.

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| **മലയാളം** | * വായനദിന പ്രവർത്തനങ്ങൾ | ജൂൺ |
| | * സ്പെഷ്യൽ അസംബ്ലി | |
| | * സ്വാഗതഗാനം | |
| | * വായനമാസാചരണം | |
| | * വായനദിന പ്രതിജ്ഞ | |
| | * വായനക്കുറിപ്പ് | |
| | * പുസ്തകത്തൊട്ടിൽ | |
| | * മൊഡ്യൂൾ - 8-ാം ക്ലാസ് | ജൂലൈ |
| | * അഖിലകേരള വായന മത്സരം | |
| | * ബഷീർ ദിനം | |
| | * പ്രഭാഷണം | |
| | * ക്വിസ് | |
| | * പോസ്റ്റർരചനാ മത്സരം | |
| | * വേഷപ്പകർച്ച | |
| | * കർഷകദിനം | ആഗസ്റ്റ് |
| | * കൃഷിപ്പാട്ട് | |
| | * കൃഷിപ്പതിപ്പ് | |
| | * ക്ലബ്ബ് പ്രവർത്തനങ്ങൾ തുടരും | ഒക്ടോബർ |
| | * രചനാമത്സരങ്ങൾ | |
| | * ഉപന്യാസ രചന | |
| | * കേരള ഗാനാലാപനം | നവംബർ |
| | * പ്രശ്നോത്തരി | |
| | * കേരളീയനൃത്തം | |
| | * ക്ലബ്ബ് പ്രവർത്തനങ്ങൾ | ഡിസംബർ |
| | * ക്ലബ്ബ് പ്രവർത്തനങ്ങൾ തുടരുന്നു | ജനുവരി |
| | * ക്ലബ് പ്രവർത്തനങ്ങൾ തുടരുന്നു | ഫെബ്രുവരി |
| **ഇംഗ്ലീഷ്** | * Teaching English Alphabets through letter games. | June |

* Foundation building
* Play short audio clips (2-3 mins) on familiar topics.
* Ask 3-5 comprehension questions (MCQs or True / False)
* Give daily expressions or greetings.
* students are asked to repeat with correct pronunciation.
* Talk time: simple dialogues and short exchanges.Pair student for everyday dialogues using flash cards /prompts.
* Activities / programmes in details
* Conduct pre-test
* Start with small sentences
  Give the learners some simple sentences.
* Ask them to create similar sentences by changing only the subject.
* Repeat the excercise by giving different commands to change and use different verbs and objects till they understand the SVO pattern or sentence.
* Competition (Jingle writing):
  students write catching and jingles for imaginary or real products.
  Present with music beats.

* Word wizard weekly introduction July
  5-10 new words with games puzzles or vocabulary charts
* I too can I? Pronuciation and fluency.
  Start with easy tongue twisters, move to difficult on weekly. Use it as a competition.
* News time, play simplified English news ask them to identify some given words, new words
* Grammar games, Divide students into groups and provide simple grammar games.

| | |
|---|---|
| * gap filling and matching excercises to internalise basic grammer. These activities can be continued in August. | |
| * Introduce small texts, Asks the learners to find the words they have learned in the given text.<br>* Vocabulary Building, Audio, scavenger Heart: Give some simple audio clips (3-5 mins.) to listen carefully. Give some words from the audio. Play the audio once again to identify the contextual meaning of those words.<br>* Drama Queens/Kings : Expression, voice modulation and emotion. Assign textbook scenes or simple skits for students to enact in groups. | August |
| * Text Trek: Navigate through the given text to answer the following questions<br>* Listen and repeat (Extended Activities) Listen carefully and perform the content as role play<br>* News Time : Group students to prepare a review or a given book or chapter<br>* Listen and Repeat exercise once again<br>* One man show: weekly solo speeches on topics from textbook or some other interesting topics.<br>* Story starters; Give prompts like "One day I woke up invisible" students develop their own stories in groups. | September |

| | |
|---|---|
| * Ready to read; Timed reading challengers using short stories or articles, Track reading using a timer can be conducted as competition.<br>* News time<br>* Come to Rhythm; organize a poetry recitation contest. Let students choose or assign age level poems.<br>* Poetry palooza ; students write the remaining line or a given poem or students write and recite original poems based on simple themes. | October |
| * Book Buzz, Group students to prepare a review or a given book or chapter.<br>* Listen and repeat (Extended Activity) Listen carefully and perform the content as role play.<br>* Make your case, conduct persuasive essay competition<br>* Depate Frenzy, Divide class into teams, topics can be given based on their text book and the themes from their assigned chapters. | November |
| * News Hour : Assign students to collect English news and to read a loud in class with proper tone volume and clarity. The above activities can be given in advance<br>* Let's post; create digital posters on themes from the text<br>* Drama queens/kings, improvised skits or scenes with given situations.<br><br>* Caption wirting: Giving captions or | December |

| | | |
|---|---|---|
| | catchy title to pictures<br>* One man show (Extempore)<br>Extempore speeches / presentations for 3 minutes. | |
| | * Talk time : conduct simulations like interviews, announcements or role playing or Anchoring a programme that in conducts in class or school. | February |
| **ഹിന്ദി** | * വായനദിനം - പോസ്റ്റർ തയ്യാറാക്കി പ്രധാന സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | ജൂൺ |
| | * പുതിയ വാക്ക്, ചിന്താവിഷയം, ഹിന്ദി വായനമത്സരം സംഘടിപ്പിക്കുക.<br>* എഫ്.എം. റേഡിയോ<br>* ഹിന്ദി നാടകം ക്ലാസ് തലത്തിൽ സംഘടിപ്പിക്കുക.<br>* അധ്യാപകരും കുട്ടികളും ഹിന്ദിയിൽ സംസാരിക്കുന്നു.<br>* ഹിന്ദി ക്ലാസ് മാഗസിൻ | ജൂലൈ |
| | * പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.<br>* സ്വാതന്ത്ര്യദിന പോസ്റ്ററുകൾ<br>* ദേശഭക്തിഗാനമത്സരം നടത്തും<br>* പ്രസംഗ മത്സരം (ഹിന്ദി)<br>* ഹിന്ദി പാട്ടുകളോട് ഇഷ്ടംവരാനുള്ള പ്രവർത്തനം<br>* ഹിന്ദി നോട്ടീസ് ബോർഡ് | ആഗസ്റ്റ് |
| | * ഡിജിറ്റർ വായന പ്രോത്സാഹിപ്പിക്കും<br>* ഇ-വായന പ്രോത്സാഹിപ്പിക്കും.<br>* ഹിന്ദി ദിനം - അസംബ്ലി, ഹിന്ദി നാടകം<br>* ഹിന്ദി പാട്ടുകൾ പ്രോത്സാഹിപ്പിക്കും.<br>* ഹിന്ദി ഫിലിം ഫെസ്റ്റ് - ചർച്ച പ്രദർശനം | സെപ്റ്റംബർ |
| | * പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയുള്ള | ഒക്ടോബർ |

| | | |
|---|---|---|
| | പ്രോഡക്ട് പ്രദർശിപ്പിക്കും.<br>* പ്രാചീന / ആധുനിക ഹിന്ദി എഴുത്തുകാരെ പരിചയപ്പെടുത്തുന്നു.<br>writers fest ക്ലാസ് സംഘടിപ്പിക്കും.<br>* ക്ലാസ് മാഗസിൻ | |
| | * പുസ്തകക്കുറിപ്പുകൾ തയ്യാറാക്കാൻ പിന്തുണ നൽകും.<br>* ബുക്ക് ഫെസ്റ്റ് നടത്തും.<br>പഠന സാമഗ്രികൾ തയ്യാറാക്കൽ<br>* ക്ലാസ് മാഗസിൻ. | നവംബർ |
| | * ഹിന്ദി സംഭാഷണം തുടരും<br>ക്ലബ്ബ്പ്രവർത്തനങ്ങൾ തുടരും | ഡിസംബർ |
| | * എഫ്.എം. റേഡിയോ തുടരും<br>ക്ലബ്ബ് പ്രവർത്തനങ്ങൾ തുടരും | ജനുവരി |
| | * പ്രവർത്തനങ്ങൾ തുടർച്ച | ഫെബ്രുവരി |
| **ഭൗതിക ശാസ്ത്രം** | * പഠന ഗ്രൂപ്പ് തയ്യാറാക്കൽ,<br>അടിസ്ഥാനാശയം ഉൾപ്പെടുത്തി വർക്ക് ഷീറ്റ് നിർമ്മാണം,<br>* അടിസ്ഥാനഗണിത പ്രശ്നങ്ങൾ ഉൾപ്പെടുത്തിയുള്ള വർക്ക്ഷീറ്റ് നിർമ്മാണം<br>* മൈക്രോലാബ് സജ്ജീകരണം<br>* 8, 9, 10 പാഠഭാഗങ്ങളുടെ വർക്ക് ഷീറ്റ് നിർമ്മാണം | ജൂൺ |
| | * നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ശില്പശാല | ജൂലൈ |
| | * ലാബ് സജ്ജീകരണം | മെയ് |
| **രസതന്ത്രം** | * പ്രീടെസ്റ്റ്<br>* മൂലക വായന<br>* ഫീൽഡ് വിസിറ്റ് | ജൂൺ |

| | | |
|---|---|---|
| | * മൈക്രോലാബ് സജ്ജീകരണം | ജൂലൈ |
| | * മാഡം ക്യൂറി ചാരമദിനം അസംബ്ലി | |
| | * ചാന്ദ്രദിനം അസംബ്ലി | |
| | * First and Second Group മൂലകങ്ങളെ പരിചയപ്പെടുത്തൽ | |
| | * ഹിരോഷിമ ദിനം അസംബ്ലി | ആഗസ്റ്റ് |
| | * 13, 14 ഗ്രൂപ്പ് മൂലകങ്ങളെ പരിചയപ്പെടുത്തൽ | |
| | * ഓസോൺ ദിനം അസംബ്ലി | സെപ്റ്റംബർ |
| | * പഠനസാമഗ്രി നിർമ്മാണം | |
| | * വർക്ക് ഷോപ്പ് | |
| | * ഫീൽഡ് വിസിറ്റ് | |
| | * 15, 16 മൂലകങ്ങളെ പരിചയപ്പെടുത്തൽ | |
| | * മോൾദിനം അസംബ്ലി മോൾ ദിന ക്വിസ് | ഒക്ടോബർ |
| | * 17, 18 ഗ്രൂപ്പ് മൂലകങ്ങളെ പരിചയപ്പെടുത്തൽ | |
| | * Third and Fourth മൂലകങ്ങളെ പരിചയപ്പെടുത്തൽ. | ഡിസംബർ |
| | * Lanthanide മൂലകങ്ങളെ പരിചയപ്പെടുത്തൽ | ജനുവരി |
| | * Actinide മൂലകങ്ങളെ പരിചയപ്പെടുത്തൽ | ഫെബ്രുവരി |
| | * ദേശീയ ശാസ്ത്രദിനം സ്പെഷ്യൽ അസംബ്ലി | |
| | * കെമിസ്ട്രി ഫെസ്റ്റ് | |
| **ബയോളജി** | * പച്ചക്കറിത്തോട്ട നിർമ്മാണം | ജൂൺ |
| | * വെൽത്ത് ഫ്രം വേസ്റ്റ് | |
| | * വാൾമാഗസിൻ കൈയെഴുത്ത് മാസിക | |
| | * ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | |
| | * ഡി.എൻ.എ. മോഡൽ മേക്കിംഗ് | |
| | * കൃഷി വയൽ സന്ദർശനം | |

| | |
|---|---|
| * പോസ്റ്റർതയാറാക്കൽ | |
| * സെമിനാർ | |
| * ബോധവൽക്കരണ ക്ലാസ് | ജൂലൈ |
| * ബയോ ഡൈവേഴ്സിറ്റി പാർക്ക് മോടിപിടിപ്പിക്കൽ, സംരക്ഷണം | |
| * ഫീൽഡ് ഡ്രിപ്പ് | |
| * വാൾ മാഗസിൻ | |
| * ഗ്രൂപ്പുതലചർച്ച | |
| * ഇലക്കറികളുടെ പ്രദർശനം | ആഗസ്റ്റ് |
| * ഇന്റർവ്യൂ | |
| * പൂ കൃഷി | |
| * വാൾ മാഗസിൻ | |
| * കർഷകരെ ആദരിക്കൽ | |
| * ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബർ |
| * ക്വിസ് | |
| * സെമിനാർ | |
| * ശാസ്ത്ര പരീക്ഷണങ്ങൾ | |
| * വാൾമാഗസിൻ, ശാസ്ത്ര ആൽബം നിർമ്മാണം | |
| * ബോധവൽക്കരണ ക്ലാസ് | ഒക്ടോബർ |
| * പോസ്റ്റർ തയാറാക്കൽ | |
| * ബട്ടർഫ്ളൈ പാർക്ക് നിർമ്മാണം | |
| * വാൾ മാഗസിൻ | |
| * മെഡിക്കൽക്യാമ്പ് | നവംബർ |
| * ബോധവൽക്കരണ ക്ലാസ്സ് | |
| * വാൾ മാഗസിൻ / കൈയെഴുത്ത് മാസിക | |
| * സെമിനാർ | ഡിസംബർ |
| * ഫസ്റ്റ് എയ്ഡ് ബോക്സ് നിർമ്മാണം | |
| * ബോധവൽക്കരണ ക്ലാസ് | |
| * Ecobrick നിർമാണം | |
| * Wall Magazine | |
| * ബോധവൽക്കരണ ക്ലാസ് | ജനുവരി |
| * സെമിനാർ | |
| * ഫീൽഡ് ട്രിപ്പ് | |
| * ഫീൽഡ് ട്രിപ്പ് | ഫെബ്രുവരി |

| | | | |
|---|---|---|---|
| **ഗണിതം** | * | മാത്സ് ക്ലബ്ബ് രൂപീകരണം | ജൂൺ |
| | * | മാഗസിൻ തയ്യാറാക്കൽ | |
| | * | ഗണിത ലാബ് | ജൂലൈ |
| | * | ഫീൽഡ് ട്രിപ്പ് | ആഗസ്റ്റ് |
| | * | ഗണിത ക്വിസ് | സെപ്റ്റംബർ |
| | * | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ഒക്ടോബർ |
| | * | ഫീൽഡ് ട്രിപ്പ് | നവംബർ |
| | * | ദിനാചരണം - രാമാനുജൻ ഡേ | ഡിസംബർ |
| | * | ശില്പശാല | ജനുവരി |
| | * | കയ്യെഴുത്ത് മാസിക | ഫെബ്രുവരി |
| **സോഷ്യൽ സയൻസ്** | * | സ്കൂൾ പാർലമെന്റ് പൗരബോധം, സാമൂഹ്യസേവനം എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ | |
| | * | പ്രാദേശിക ചരിത്രരചന | |
| | * | ക്ലബ്ബ് പ്രവർത്തനങ്ങൾ | |
| **അറബിക്** | * | വായന പ്രോത്സാഹിപ്പിക്കുക. | ജൂൺ |
| | * | അറബിക് ലൈബ്രറി ശാക്തീകരണം | |
| | * | അറബിക് പുസ്തക ശേഖരിക്കൽ | ജൂലൈ |
| | * | കയ്യെഴുത്ത് മാസിക | ആഗസ്റ്റ് |
| | * | മാസാന്ത്യ ക്വിസ് | സെപ്റ്റംബർ |
| | * | അറബിക് സംസാരിക്കാനുള്ള കഴിവ് വളർത്തുക | നവംബർ |
| | * | ചുവർ ചിത്രങ്ങൾ ഭാഷാ കേളികൾ | ഡിസംബർ |
| | * | ഭാഷാപ്രദർശനം അറബിക് ടൈപ്പിംഗ് | ജനുവരി |
| | * | അറബിക് സാഹിത്യോത്സവത്തിനുള്ള പരിശീലനം | ഫെബ്രുവരി |
| **തൊഴിൽ വിദ്യാഭ്യാസം** | * | തൊഴിൽ വിദ്യാഭ്യാസം പരിചയപ്പെടുത്തുന്നു. | ജൂൺ |
| | * | കൃഷിയെക്കുറിച്ചും ശാസ്ത്രീയ കൃഷിയെക്കുറിച്ചും അറിവ് നൽകുന്നു. ചെണ്ടുമല്ലി കൃഷി ചെയ്യുന്നു. | ജൂലൈ |

| | | |
|---|---|---|
| | * പ്രവൃത്തി പരിചയകൂട്ടായ്മ സംഘടിപ്പിക്കൽ | |
| | * ശില്പശാലകൾ സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് |
| | * ശില്പശാലകൾ | സെപ്റ്റംബർ |
| | * മേഖലാപഠനം ആരംഭിക്കുന്നു. | |
| | * ഇന്റർവ്യൂ പരിശീലനം | നവംബർ -ഡിസംബർ |
| | * തുടർച്ച | |
| | * വർക്ക് എഡ്യൂക്കേഷൻ ലാബ് നിർമ്മാണം | ജനുവരി - ഫെബ്രുവരി |
| **കലാ വിദ്യാഭ്യാസം** | * കലയെക്കുറിച്ചുള്ള ബോധ വൽക്കരണം - വിവിധ കലാരൂപ ങ്ങൾ കാണിക്കൽ | ജൂൺ |
| | * സാധാരണരൂപങ്ങൾ രേഖാചിത്രങ്ങൾ വരയ്ക്കുക | ജൂലൈ |
| | * നിറങ്ങളുടെ ഉപയോഗങ്ങൾ പരിചയപ്പെടുത്തുന്നു. (പ്രാഥമിക, ദ്വിതീയ നിറങ്ങൾ) | ആഗസ്റ്റ് |
| | * കേരളത്തിലെ കലാരൂപങ്ങൾ വരപ്പിക്കൽ | സെപ്റ്റംബർ |
| | * പെയിന്റിംഗ് വിവിധ മീഡിയങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ചിത്രം വരയ്ക്കൽ | ഒക്ടോബർ |
| | * ശില്പകല പരിചയപ്പെടുത്തുന്നു (ക്ലേ ഉപയോഗിച്ചുകൊണ്ടുള്ള രൂപങ്ങൾ) | നവംബർ |
| | * ഒരു കഥയെ അടിസ്ഥാനമാക്കിയുള്ള ചിത്രം വരയ്ക്കാനുള്ള പരിശീലനം | ഡിസംബർ |
| | * അക്ഷരരൂപങ്ങളെ പരിചയ പ്പെടുത്തൽ | ജനുവരി |
| | * പ്രദർശനത്തിന് ഒരുക്കുന്നു | ഫെബ്രുവരി |
| | * വാർഷിക കലാപ്രദർശനം സംഘടിപ്പിക്കൽ | മാർച്ച് |
| **ഇൻക്ലൂസീവ് എഡ്യൂക്കേഷൻ** | * അക്കാദമിക നിലവാരം | മെച്ചപ്പെടുത്തൽ |
| | * വായനാസൗകര്യം ഏർപ്പെടുത്തൽ | |
| | * ഭൗതിക സാഹചര്യം ഭിന്നശേഷി സൗഹൃദമാക്കൽ | |

| | |
|---|---|
| | * മുഴുവൻ സ്കൂൾതല പ്രവർത്തനങ്ങളിലും പിയർ ഗ്രൂപ്പ് (ബഡ്ഡി സിസ്റ്റം) സേവനം ഉറപ്പാക്കൽ<br>* സ്വയംപര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ<br>* ടീച്ചിംഗ് ലേർണിംഗ് മെറ്റീരിയൽ കൂടുതൽ ഉൾപ്പെടുത്തുക. |
| **Psycho Social Service** | * Counseling Individual<br>* Interview<br>* Psychological testing<br>* Psychological assessment<br>* Screening<br>* legal support, House visit |

# വിലയിരുത്തൽ സൂചിക

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## Academic mater plan

**Activity Plan or Action Plan ( പ്രവർത്തന പദ്ധതി or കർമ്മ പദ്ധതി )**

**Functional Outline - Activity Calender ( പ്രവർത്തന രൂപരേഖ )**

**വിലയിരുത്തൽ (Assessment )**

**Subject council Report**

വിഷയം - ക്ലാസ് - ഡിവിഷൻ -

| കാലയളവ് | പ്രവർത്തനം | അക്കാദമികം | ഭൗതികം | സാമൂഹികം | സാമൂഹിക-വൈകാരികമേഖല |
|---|---|---|---|---|---|
| ജൂൺ | | | | | |
| ജൂലൈ | | | | | |
| ആഗസ്റ്റ് | | | | | |

ക്ലബ്ബ് പ്രവർത്തനങ്ങൾ -തനത്പ്രവർത്തനങ്ങൾ ക്ലാസ് - ഡിവിഷൻ -

| കാലയളവ് | ക്ലബ്ബ് പ്രവർത്തനം /തനത്പ്രവർത്തനങ്ങൾ | സാമൂഹിക-വൈകാരിക മേഖല | ക്ലാസ് തലം | അക്കാദമികം | സാമൂഹികം | സ്കൂൾതലം |
|---|---|---|---|---|---|---|
| ജൂൺ | | | | | | |
| ജൂലൈ | | | | | | |
| ആഗസ്റ്റ് | | | | | | |

പ്രതിഫലനാത്മ ചിന്ത (Reflections ) എന്റെ കണ്ടെത്തലുകൾ ,തിരിച്ചറിവുകൾ

തുടർപ്രവർത്തനങ്ങൾ -പരിഹാര പ്രവർത്തനങ്ങൾ

പ്രതിഫലനാത്മക കുറിപ്പ് (Reflection note ) - SRG, SC

To provide direction for further planning ,FA Codification Consolidation .

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## Academic mater plan

Activity Plan or Action Plan ( പ്രവർത്തന പദ്ധതി or കർമ്മ പദ്ധതി )

വിലയിരുത്തൽ (Assessment )

Functional Outline - Activity Calender ( പ്രവർത്തന രൂപരേഖ )

SRG

ജൂൺ - ക്ലാസ് - ഡിവിഷൻ -

| പ്രവർത്തനം | അക്കാദമികം | ഭൗതികം | സാമൂഹികം | വ്യക്തിഗതം | ക്ലാസ് തലം | സ്കൂൾതലം | സാമൂഹിക-വൈകാരികമേഖല |
|---|---|---|---|---|---|---|---|
| മലയാളം | | | | | | | |
| ഇംഗ്ലീഷ് | | | | | | | |
| ഹിന്ദി | | | | | | | |
| സംസ്കൃതം | | | | | | | |
| അറബി | | | | | | | |
| സാമൂഹ്യശാസ്ത്രം | | | | | | | |
| ഗണിതശാസ്ത്രം | | | | | | | |
| ഊർജതന്ത്രം | | | | | | | |
| രസതന്ത്രം | | | | | | | |
| ജീവശാസ്ത്രം | | | | | | | |
| ഐ .സി .റ്റി | | | | | | | |
| കല | | | | | | | |
| കായികം | | | | | | | |
| പ്രവൃർത്തി പരിചയം | | | | | | | |
| ഉച്ചഭക്ഷണം | | | | | | | |
| കാർഷികം | | | | | | | |
| ആരോഗ്യം,ശുചിത്വം | | | | | | | |
| | | | | | | | |

-ജൂൺ

| പ്രവർത്തനം/ തീയതി | ക്ലബ്ബ് പ്രവത്തനം | അക്കാദമികം | സാമൂഹികം | വ്യക്തിഗതം | ക്ലാസ് തലം | സ്കൂൾതലം | സാമൂഹിക- വൈകാരികമേഖല |
|---|---|---|---|---|---|---|---|
| മലയാളം | | | | | | | |
| ഇംഗ്ലീഷ് | | | | | | | |
| ഹിന്ദി | | | | | | | |
| സംസ്കൃതം | | | | | | | |
| അറബ് | | | | | | | |
| സാമൂഹ്യശാസ്ത്രം | | | | | | | |
| ഗണിതശാസ്ത്രം | | | | | | | |
| ഊർജതന്ത്രം | | | | | | | |
| രസതന്ത്രം | | | | | | | |
| ജീവശാസ്ത്രം | | | | | | | |
| ഐ .സി .റ്റി | | | | | | | |
| കല | | | | | | | |
| കായികം | | | | | | | |
| പ്രവൃർത്തി പരിചയം | | | | | | | |
| ഉച്ചഭക്ഷണം | | | | | | | |
| കാർഷികം | | | | | | | |
| ആരോഗ്യം,ശുചിത്വം | | | | | | | |
| | | | | | | | |

## ജൂൺ -

| | |
|---|---|
| വിഷയം /തീയതി | |
| പ്രശ്നം | |
| പ്രവർത്തനം | |
| ലക്ഷ്യം | |

# വ്യക്തിഗത അവസ്ഥാപഠനം ഫോർമാറ്റ്

# വ്യക്തിഗത അവസ്ഥാപഠനം - 2025-26 ക്ലാസ് ഡിവിഷൻ

| ക്രമ നം | പേര് | അക്കാദമിക് മേഖല | | സാമൂഹിക-വൈകാരിക മേഖല | |
|---|---|---|---|---|---|
| 1 | | മികവുകൾ | പരിമിതികൾ | മികവുകൾ | പരിമിതകൾ |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |
| 11 | | | | | |
| 12 | | | | | |
| 13 | | | | | |
| 14 | | | | | |
| 15 | | | | | |
| 16 | | | | | |
| 17 | | | | | |
| 18 | | | | | |
| 19 | | | | | |

# ഉപസംഹാരം

ലോകത്തിനാകെ കേരളം വിദ്യാഭ്യാസരംഗത്ത് മാതൃകയാണ്. ആ നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമന്യേ ലഭ്യമാകേണ്ടതുണ്ട്. ആ ലക്ഷ്യം കൈവരിക്കുവാൻ അനസ്യൂതമായി മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റത്തോടെ അക്കാദമിക മാസ്റ്റർ പുനർനിർമ്മിക്കേണ്ടതുണ്ട്. കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് കാലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതിയും സംജാതമാക്കാൻ അക്കാദമിക മാസ്റ്റർപ്ലാൻ സഹായിക്കുന്നു.

പുതിയ കാലം പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലേക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതു ഇടവും പൊതു സ്ഥലവും വിദ്യാലയമാണ്. മനുഷ്യത്വം സൃഷ്ടിക്കപ്പെടുന്ന വിദ്യാഭ്യാസലോകം ഇന്ന് പല രൂപങ്ങളിലേക്ക് മാറ്റപ്പെടുന്നു. ഈ അവസ്ഥ സ്ഥിരമായി മാറ്റാനുള്ള പ്രയോഗിക പ്രവർത്തനങ്ങളും സമഗ്രവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങളും പുതിയ ലോകം കെട്ടിപ്പടുക്കുവാനുള്ള കർമ്മപദ്ധതിയും ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലഭ്യമാകുമെന്ന പ്രത്യാശിക്കുന്നു.